

PATRON SAINT

മലങ്കരസഭ

മാസിക

1991 ഡിസംബർ
ലക്കം 12 പുസ്തകം 46




Wishing A Merry
Christmas
And
A Happy New Year
To
All Our Readers

" MALANKARA SABHA "



പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ തിരുമനസ്സിലെ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ.



16–ാം ഓർമ്മപെരുനാൾ

ഡിസംബർ–8

(ദേവലോകം അരമനചാപ്പൽ)

Inserted by:

Fr. JOHN MATHEW & FAMILY

New Jersey, U. S. A.

മലങ്കരസഭ

1991 ഡിസംബർ

പത്രാധിപസമിതി

പ്രസിഡണ്ട്:

മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

വൈസ് പ്രസിഡണ്ട്:

ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ

ചീഫ് എഡിററർ:

ഫാ. ഡോ. ജേക്കബ് കുര്യൻ

മാനേജർ:

ഫാ. ററി. ജി. സഖറിയാ

സർക്കുലേഷൻ മാനേജർ

ഫാ. ജോൺ ശങ്കരത്തിൽ

റവ. ഫാ. ഡോ. വി. സി. ശമുവേൽ

റവ. ഫാ. ററി. ജെ. ജോഷ്വാ

പ്രൊഫ. സി. ജെ. മണ്ണുമ്മൂട്

പ്രൊഫ. ഓ. പി. കുര്യൻ

പ്രൊഫ. ററി. ററി. കുറിയാക്കോസ്

ശ്രീ. ഓ. എ. മാത്യു

ശ്രീ. ഏബ്രഹാം സഖറിയാ, ചെമ്പകമഠം

'പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും യൗവ്വനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവുമാകുന്നു'. പ. പരുമല തിരുമേനി

രൂപകല്പന— ജോയ്സ് തോട്ടയ്ക്കാട്

ക്രിസ്മസ് സമ്മാനം

നിങ്ങൾക്ക് ഏററവും പ്രിയപ്പെട്ടവരായ എത്രയോ ബന്ധുക്കളും സുഹൃത്തുക്കളും ഉണ്ട്? അവർ ലോകത്തിൻെറ അല്ലെങ്കിൽ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ ആയിരിക്കാം ഇപ്പോൾ. അവരുമായി എപ്പോഴും ബന്ധപ്പെടുവാൻ കഴിഞ്ഞെന്നു വരികയില്ല. നിങ്ങളുടെ സ്നേഹത്തിൻെറ പ്രതീകമായി 'മലങ്കരസഭ' മാസിക എല്ലാ മാസവും അവർക്കു ലഭിക്കട്ടെ. കഴിഞ്ഞ 46 വർഷങ്ങളായി സഭാകേന്ദ്രത്തിൽനിന്നും സഭയുടെ 'മുഖപത്ര'മായി പ്രസിദ്ധീകരിക്കുന്ന ഈ മാസിക അവർക്ക് അനുഗ്രഹപ്രദമായിരിക്കും. അവർക്കായി നിങ്ങൾ പണമടയ്ക്കുമ്പോൾ ഓരോ മാസവും 'മലങ്കരസഭ' നിങ്ങളുടെ സുഹൃത്തുക്കളെ സന്ദർശിക്കും. അപ്പോഴെല്ലാം അവർ നിങ്ങളെയും അവരോടുള്ള നിങ്ങളുടെ സ്നേഹത്തെയും കരുതലിനെയും പററി ഓർമ്മിക്കും; അവർ ലോകത്തിൻെറ എവിടെയായിരുന്നാലും നിങ്ങളുടെ സുഹൃത്തുക്കൾക്ക് പുതുമയുള്ളൊരു ക്രിസ്മസ് സമ്മാനമായി 'മലങ്കരസഭ' മാസിക അയച്ചുകൊടുക്കുക. ഒരുവർഷത്തെ വരിസംഖ്യ 18 രൂ. ആയുഷ്ക്കാല വരിസംഖ്യ 250 രൂ. 'മലങ്കരസഭ' ഗിഫ്ററ് സ്കീമിലേക്ക് സുഹൃത്തുക്കൾക്കായി വരിസംഖ്യ അയയ്ക്കുമ്പോൾ അവരുടെ വ്യക്തമായ വിലാസംകൂടി എഴുതുവാൻ മറക്കില്ലല്ലോ.

പണം അയയ്ക്കേണ്ട വിലാസം:

മാനേജർ

'മലങ്കരസഭ'

ദേവലോകം

കോട്ടയം – 686038

– അത്ഭുത പ്രഭ –

സാമുവേൽ കൂടൽ, അബുദാബി

തലയൊന്നു ചായ്ക്കാനിടമേകിയില്ലാ
സകലം ചമച്ചോരു ദേവന്നു ലോകം
മരുഭൂവിൽ മന്നാ പൊഴിച്ചീശ്വരന്നായ്
ഒരു വായ്ക്കുരവ മുഴക്കിയില്ലാരും
ഗോശാലയൊന്നിൽ പിറന്നു ഈശൻ
കുളിരുള്ള രാവതിൽ–അന്നാ
കുളിരുള്ള രാവതിൽ (തലയൊന്നു)

കാലംകൊതിച്ചോരു ഗാനം കാതോർത്തിരുന്നോരു രാഗം
കേട്ടു വാനിൽ ഇന്നീരാവിൽ ദൂതർ പാടി ഏറ്റം മോദാൽ
ആരും ഉണർന്നില്ലതു കേട്ടില്ല-ആട്ടിടയരല്ലാതെ(തലയൊന്നു)

നേരം തികഞ്ഞോരു നാളിൽ ആരും നിനയ്ക്കാത്ത രാവിൽ
താരം മേലേ ബേതലേമ്മിൽ കാണിച്ചു പുൽക്കൂടതിനെ
ആരും താരകം കണ്ടില്ല ശാസ്ത്രികൾ മൂവരല്ലാതെ
(തലയൊന്നു)

മട്ട്:– ''രാകേന്ദുകിരണങ്ങൾ ഒളിവീശിയില്ല''

സുവർണ്ണ വചനങ്ങൾ

പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ

വിശുദ്ധിയിൽ വളരാനും ജീവിക്കാനും വിദ്യാർത്ഥി–യുവജനങ്ങൾ പരിശുദ്ധ പരുമല തിരുമേനിയെ മാതൃകയാക്കണം.

* * * *

വിദ്യാലയ രാഷ്ട്രീയം ഇന്നു വിദ്യാഭ്യാസരംഗത്ത് അനിശ്ചിതത്വം സൃഷ്ടിക്കുന്നു. വിദ്യാർത്ഥികൾ ഇന്നു കക്ഷിരാഷ്ട്രീയത്തിന്റെ പേരിൽ കലഹിക്കുകയാണ്. ഈ പ്രവണത ഇല്ലാതാക്കാൻ മാതാപിതാക്കൾ രംഗത്തുവരണം.

* * * *

സമർപ്പണജീവിതത്തിന്റെ ആവശ്യകത ഏറെ വർദ്ധിച്ചിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സഭയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ച് പ്രവർത്തിക്കുവാൻ വിദ്യാർത്ഥി –യുവജനങ്ങൾ ഇറങ്ങിപ്പുറപ്പെടണം.

* * * *

കാതോലിക്കാസ്ഥാനം ഞെളിയാനുള്ള ഒരു സ്ഥാനമായിട്ടല്ല ഞാൻ കരുതുന്നത്. ദൈവം ഏല്പിച്ച വലിയൊരു ചുമതലയാണിത്.

* * * *

മനുഷ്യബുദ്ധിയും സാമർത്ഥ്യവുമല്ല ദൈവത്തിന്റെ കൃപയാണ് നമ്മളെ നടത്തേണ്ടത്.

* * * *

മലങ്കര ഓർത്തഡോക്സ് സഭ ദൈവത്തെ നോക്കി യാത്ര ചെയ്യുന്ന സ്വർഗീയ ആട്ടിൻപറ്റമായി തീരണം.

[ബാവാ തിരുമേനിയുടെ പ്രസംഗങ്ങളിൽനിന്നും എടുത്ത സൂക്തങ്ങൾ]

പത്രാധിപക്കുറിപ്പ്

ക്രിസ്തുമസും–പുതുവത്സരവും

'ക്രിസ്തുമസ്' എന്ന പദത്തിന്റെ ഉത്ഭവം പാശ്ചാത്യ–ക്രൈസ്തവ പാരമ്പര്യത്തിലാണ്. ക്രിസ്തു ജനനത്തിൽ അർപ്പിക്കുന്ന ദിവ്യബലിയെ സൂചിപ്പിക്കുന്ന പദമാണ് ക്രിസ്തുമസ് (ക്രിസ്തു–മിസാ അഥവാ ക്രിസ്തു–മാസ്). ഡിസംബർ 25–ന് ആചരിച്ചിരുന്ന റോമൻ–സൂര്യോത്സവം ക്രൈസ്തവീകരിക്കപ്പെട്ടതാണ് എന്ന് ചിലർ പറഞ്ഞാൽതന്നെ, നീതിയുടെ സൂര്യനായ യേശു തമ്പുരാന്റെ ജനനപ്പെരുന്നാൾ ഇന്ന് ലോകമെങ്ങും (അത് ഡിസം. 25–നോ, ജനുവരി 6–നോ, 7–നോ ആചരിച്ചാലും) ഉത്സവസുദിനമാണ്. അതിനോട് പുതുവത്സര സന്തോഷവും കൂടി സമ്മേളിക്കുമ്പോൾ, ഈ സന്ദർഭത്തിന് അനന്യശോഭയുണ്ടാകുന്നു.

ദിവ്യജനനത്തിങ്കൽ പരിചയപ്പെടുന്ന പലരും ചില വസ്തുതകളുടെ പ്രതീകങ്ങൾ കൂടിയല്ലേ?

തനിക്കും തന്റെ പിൻതലമുറയ്ക്കും ഒരു പേരുണ്ടാകുവാൻ വേരുകൾ തേടി ഇറങ്ങിപ്പുറപ്പെട്ട യൗസേഫ്, സ്വാതന്ത്ര്യദാഹത്തിൽ, രാഷ്ട്രീയവും സാമൂഹ്യവുമായ സ്വയ നിർണ്ണയവകാശത്തിന്റെ പേരിൽ അനിശ്ചിതത്വത്തിന്റെ പാതയിലേക്ക് എടുത്തെറിയപ്പെടുന്നവരുടെ പ്രതീകമല്ലേ? അങ്ങനെയുള്ള എത്രയെത്ര ജനസമൂഹങ്ങൾ ഇന്നു ഭൂമുഖത്തുണ്ട്.

പൂർണ്ണ ഗർഭിണിയായ മറിയം ആയാസകരമായ ഒരു യാത്രക്കൊരുങ്ങുന്നത്, നിലവിലിരുന്ന നിയമവ്യവസ്ഥിതിയുടെ ബലിയാടായിട്ടായിരിക്കണം. സ്ത്രീത്വത്തിന്റെ കദനകഥ എന്നും തുടരുന്നു.

പുൽക്കൂട് തേടിയെത്തിയ ഇടയന്മാർ, ഒരു പുതിയ പുലരിക്കുവേണ്ടി ദാഹിച്ച മണ്ണിന്റെ മക്കളുടെ പ്രതിനിധികളാണ്.

നക്ഷത്രത്തെ അനുധാവനം ചെയ്തെത്തിയ വിദ്വാന്മാർ, നിസ്വാർത്ഥമായി സത്യം അന്വേഷിക്കുന്ന ഒററപ്പെട്ട 'വിശുദ്ധ വിഡ്ഢികളു'ടെ പ്രതീകങ്ങളാണ്.

ഹേറോദോസ്, അനർഹമായി അധികാരം കൈയാളുന്നവരുടെയും, സ്ഥാനം ഉറപ്പിക്കുവാൻ ആരെയും ബലികഴിക്കുവാൻ തയാറാകുന്ന അഭിനവ അധികാരികളുടെയും പ്രതീകമാണ്.

നിരപരാധികളായ ശിശുക്കളെപ്പോലെ, കശാപ്പു ചെയ്യപ്പെടുന്ന എത്രയോ രക്തസാക്ഷികൾ അന്നു മുതൽ ഇന്നുവരെ ലോകചരിത്രത്തിന്റെ ഭാഗമായിരിക്കുന്നു!

അവസാനമായി, അമ്മയും, കുഞ്ഞും, കീററുശീലയും, പശുത്തൊട്ടിയും; ഏതു മാററവും ആദ്യമായി ബാധിക്കുന്നവരുടെ, പ്രത്യേകിച്ച് ദാരിദ്രവും അദയാർത്ഥിയവസ്ഥയും ആദ്യമായി കെട്ടിയേല്പിക്കപ്പെടുന്നവരുടെ, പ്രതീകങ്ങളാണ്.

അവയ്ക്കിടയിൽ ദിവ്യശിശുവിന്റെ, പുതുവത്സര സന്ദേശം ആരെങ്കിലും ശ്രദ്ധിച്ചോ? ആ അധരങ്ങൾ 'അമ്മേ' എന്നു പറഞ്ഞതായി നമുക്കു തോന്നിയത്, 'അമ്മാനുവേൽ' എന്ന ശബ്ദമാണ് ദൈവം നമ്മോടുകൂടെ; നമുക്കായി ജീവിക്കുവാൻ; നമുക്കായി മരിക്കുവാൻ; നമ്മെ ദൈവികരാക്കുവാൻ. അതു കേൾക്കാത്ത ക്രിസ്തുമസിൽ, ക്രിസ്തു മിസാകുന്നു; അത് അറിയാത്ത കരോൾ ഗീതികൾ ശോകപ്രതിധ്വനിയേ നൽകൂ; അത് ശ്രദ്ധിക്കാത്ത, താളമേളങ്ങളും സൽക്കാരങ്ങളും നീലപ്രതിഛായയേ സമ്മാനിക്കൂ; കേക്കുകളും പലഹാരങ്ങളും കച്ചവുകൈപ്പുരസമേ ഏകൂ; ആശംസാകാർഡുകൾ, ടെസ്ററുട്യൂബ്–സ്നേഹം വഹിക്കും; പടക്കങ്ങളിൽ 'ശ്രീമുരുക'ന്മാർ ഉണ്ടുറങ്ങും; വിളക്കുകൾക്ക് വെളിച്ചം ആർഭാടമായി തോന്നും; സാൻറാക്ളോസുകൾ ബ്ഫൂണുകളായി പരിണമിക്കും.

ദിവ്യശിശു ഒന്നുകൂടി പറയുന്നു, 'ഞാൻ നിങ്ങളോടുകൂടെ' എങ്കിൽ പിന്നെ എന്തിനു ഭയപ്പെടണം? നാം അവിടത്തോടൊപ്പമാണെന്നുറപ്പാക്കിയാൽ മതി.

മലങ്കരസഭാ വായനക്കാർക്ക് ക്രിസ്തുവിന്റെ മനസും, ക്രിസ്തു കൂടെയുള്ള പുതുവർഷത്തിന്റെ വെല്ലുവിളികളും ആത്മാർത്ഥമായി ആശംസിക്കുന്നു.

ജെ. കെ.

പിതാക്കന്മാരുടെ ഓർമ്മ



പ. ഗീവർഗീസ് ദ്വിതീയൻ ബാവാ
ഓർമ്മ ജനുവരി 3
ദേവലോകം അരമന



പ. ഗീവർഗീസ് പ്രഥമൻ ബാവാ
ഓർമ്മ ഡിസംബർ 17
വള്ളിക്കാട്ടു ദയറാ



പ. ഔഗേൻ പ്രഥമൻ ബാവാ
ഓർമ്മ ഡിസംബർ 8
ദേവലോകം അരമന



തോമ്മാ മാർ ദീവന്നാസ്യോസ്
മെത്രാപ്പോലീത്താ
ഓർമ്മ ഡിസംബർ 3
പത്തനാപുരം താബോർ ദയറാ



ദാനിയേൽ മാർ പീലക്സീനോസ്
മെത്രാപ്പോലീത്താ
ഓർമ്മ ഡിസംബർ 13
പത്തനംതിട്ട ബേസിൽ ദയറാ



യാക്കൂബ് മാർ
പോളികർപ്പോസ്
മെത്രാപ്പോലീത്താ
ഓർമ്മ ഡിസംബർ 26
കൊരട്ടി അരമന

‘പഠിത്തവീടിൻെറ സ്ഥാപകൻ’ ചരിത്രത്തിൻെറ ശില്പി

പഴയസെമിനാരി സ്ഥാപകനും, മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഒരു കേന്ദ്ര ആസ്ഥാനമുണ്ടായതിൻെറയും മലയാളത്തിലെ ആദ്യവേദപുസ്തക പരിഭാഷയുടെയും പ്രധാന ശില്പിയും, ക്രാന്തദർശിയും ദാർശനികനുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ മെത്രാപ്പോലീത്തായുടെ ജീവിതത്തെയും സംഭാവനകളെയും കുറിച്ച്.

പുത്തേഴത്തു രാമമേനോൻ രചിച്ച ‘ശക്തൻ തമ്പുരാൻ’ എന്ന ജീവചരിത്രഗ്രന്ഥത്തിൽ ഒരു പരാമർശമുണ്ട്. ‘കുന്നംകുളം പട്ടണത്തിൽ തെക്കേ അങ്ങാടിയിൽ കൊട്ടാരംവക ഒരു ക്ഷേത്രമുണ്ടായിരുന്നു. പുലിക്കോട്ടിൽ ഇട്ടൂപ്പച്ചൻ എന്ന വൈദികൻെറ ദൈവഭക്തിയിൽ ആകൃഷ്ടനായ ശക്തൻതമ്പുരാൻ, അന്തിമാളൻകാവ് എന്നറിയപ്പെട്ടിരുന്ന ആ ക്ഷേത്രം ഒരു പള്ളിയായി ഉപയോഗിക്കുന്നതിന് അദ്ദേഹത്തിനു കല്പിച്ചനുവദിക്കുകയുണ്ടായി. ‘കേരളമതമൈത്രീചരിത്രത്തിലെ മനോഹര പർവങ്ങളിലൊന്നായ ഈ സംഭവത്തിലെ ഭക്തവൈദികനാണു പിന്നീട്കോട്ടയം പഴയസെമിനാരി സ്ഥാപകനായിത്തീർന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ.

ത്തിലും, സുറിയാനിയിലും, ഗണിതശാസ്ത്രത്തിലും, തച്ചുശാസ്ത്രത്തിലും അവഗാഹം നേടിയ അദ്ദേഹം ശാക്രള്ള മഫ്രിയാനായിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു.

ടിപ്പുസുൽത്താൻെറ ആക്രമണത്തിൽ തീവച്ചു നശിപ്പിക്കപ്പെട്ട കുന്നംകുളം പഴയ ആർത്താററുപള്ളി ഇന്നു കാണുന്ന ആർത്താററു വലിയ പള്ളിയായി പുതുക്കിപ്പണിയുവാൻ ഇട്ടൂപ്പു മല്പാനു സാധിച്ചു. മാർത്തോമ്മാശ്ളീഹായാൽ സ്ഥാപിതമായതെന്നു വിശ്വസിക്കപ്പെടുന്ന ആർത്താററുപള്ളി അന്ന് മലങ്കരയിലുണ്ടായിരുന്ന എല്ലാ പള്ളികളേക്കാളും ബൃഹത്തും ഗംഭീരവുമായിട്ടാണ് അദ്ദേഹം പണികഴിപ്പിച്ചത്. കുന്നംകുളം പടിഞ്ഞാറെ അങ്ങാടിയിലെ സെൻറ് ലാസറസ് പള്ളി

പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ

കേരളത്തിലെ ഔപചാരിക വിദ്യാഭ്യാസത്തിൻെറ നവോത്ഥാനത്തിന് ഇംഗ്ളീഷ് വിദ്യാഭ്യാസത്തിൻെറ ആരംഭം സുപ്രധാന പങ്കു വഹിച്ചിട്ടുണ്ട്. ഇംഗ്ളീഷ് മിഷനറിമാരുടെ സഹകരണത്തോടെ തിരുവിതാംകൂറിൽ ഇംഗ്ളീഷ് വിദ്യാഭ്യാസത്തിനു ആരംഭം കുറിച്ചതു പുലിക്കോട്ടിൽ ഇട്ടൂപ്പുറമ്പാനാണ്. 1815–ൽ മലങ്കര നസ്രാണികൾക്കു വൈദികവിദ്യാഭ്യാസത്തിനായി ആരംഭിച്ച ‘പഠിത്തവീടായ’ കോട്ടയം പഴയസെമിനാരിയിലായിരുന്നു കേരളത്തിൽ ആദ്യമായി ഇംഗ്ളീഷ് വിദ്യാഭ്യാസത്തിനു നാന്ദി കുറിച്ചത്. അന്ന് ആദ്യാക്ഷരങ്ങൾ കുറിച്ചതെന്നു കരുതപ്പെടുന്ന ഒരു ചുവർബോർഡ് ഇന്നും പഴയസെമിനാരി നാലുകെട്ടിനുള്ളിലുണ്ട്. ബൈബിൾ മലയാളത്തിലേക്കു വിവർത്തനം ചെയ്യുന്നതിൻെറ ആദ്യപടിയായി നാലു സുവിശേഷങ്ങൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയെടുത്ത് അച്ചടിപ്പിക്കാൻ ഡോ. ക്ളോഡിയസ് ബുക്കാനനു അയച്ചുകൊടുക്കുവാൻ നേതൃത്വം കൊടുത്തതും പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനാണ്.

കുന്നംകുളത്തെ പുരാതന തറവാടായ പുലിക്കോട്ടിൽ ചുമ്മാരിൻെറ സീമന്തപുത്രനായിരുന്നു ഇട്ടൂപ്പ്. അദ്ദേഹത്തിൻെറ മാതൃഭവനം പഴഞ്ഞിയിലായിരുന്നു. മലയാളത്തിലും, സംസ്കൃത

യും പുതുക്കിപ്പണിയുവാൻ ഇട്ടൂപ്പു മല്പാൻ നേതൃത്വം കൊടുത്തു. ടിപ്പുസുൽത്താൻെറ ആക്രമണകാലത്ത് വൈദികരുൾപ്പെടെ നിരവധിപേർ പ്രാണരക്ഷാർത്ഥം അന്യരാജ്യങ്ങളെ അഭയം പ്രാപിച്ചപ്പോൾ ഇദ്ദേഹം മാത്രം പ്രാണത്യാഗത്തിന് സന്നദ്ധനായി അപകടമുഹൂർത്തത്തിലും അജപാലന സന്നദ്ധനായി ചാട്ടുകുളങ്ങരെ താമസിച്ചു. തച്ചുശാസ്ത്രവിശാരദനായിരുന്ന ഇദ്ദേഹമാണ് ആക്രമണത്തിൽ നാമാവശേഷമായ കുന്നംകുളം, പഴഞ്ഞി നഗരങ്ങൾ ആധുനിക രീതിയിൽ പുനഃസൃഷ്ടിച്ചത്. ചാട്ടുകുളങ്ങര പള്ളിപ്പറമ്പിലെ മാളികയിൽ ഇട്ടൂപ്പ് മല്പാൻ സ്ഥാപിച്ചിരുന്ന മല്പാൻ പാഠശാല ആക്രമണത്തിൽ നശിച്ചതുമൂലം മുടങ്ങിക്കിടന്നിരുന്ന വൈദികവിദ്യാഭ്യാസം കുന്നംകുളം പഴയപള്ളിയിൽ അദ്ദേഹം പുനരാരംഭിച്ചു. എന്നാൽ ഒരു പ്രദേശത്തെക്കുറിച്ചു മാത്രമുള്ള ദർശനമായിരുന്നില്ല അദ്ദേഹത്തിൻേറത്.

മലങ്കരനസ്രാണികളുടെ സ്വതന്ത്രമായ ദേശീയവ്യക്തിത്വം അദ്ദേഹത്തിൻെറ ചിരകാലസ്വപ്നമായിരുന്നു. അവരെ ഓർത്തഡോക്സ് വിശ്വാസത്തിൽ ഐക്യപ്പെടുത്തുന്നതിനും, കേരളത്തിൻെറ വികസനത്തിന് ഇംഗ്ളീഷുകാരിൽനിന്ന് ലഭിക്കാവുന്ന നീതി നേടിയെടുക്കുന്നതിനും അദ്ദേഹം

യത്നിച്ചു. തികച്ചും സാത്വികനും ദൈവിക സിദ്ധികളുടെ വിളനിലവും ആയിരുന്ന അദ്ദേഹത്തിന് തന്റെ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുവാൻ അനുസൃതമായ നിയോഗങ്ങൾ ലഭിച്ചു.

ഡോ. ഫ്രാൻസിസ് ബുക്കാനൻ എ. ഡി. 1800-ൽ കുന്നംകുളം സന്ദർശിച്ചിട്ടുണ്ട്. ബുക്കാനന്റെ യാത്രാവിവരണത്തിൽ കുന്നംകുളത്ത് അദ്ദേഹം താമസിച്ചിരുന്ന ക്യാമ്പിൽ വന്ന് അദ്ദേഹത്തെ കണ്ട ഒരു വൈദികനെക്കുറിച്ച് എഴുതിയിട്ടുണ്ട്. (ഈ വൈദികൻ പുലിക്കോട്ടിൽ മല്പാനാണെന്ന് അനുമാനിക്കപ്പെടുന്നു) ''ഞങ്ങൾ കൂടാരമടിച്ചതിന്റെ എതിർവശത്തായി നസ്രാണികളുടെ—ക്രിസ്ത്യാനികളുടെ—ഒരു ഗ്രാമമുണ്ട്. 'കുന്നംകുളങ്ങര അങ്ങാടി' എന്നാണതിന്റെ പേര്. അവിടത്തെ പാപ്പാ അല്ലെങ്കിൽ പുരോഹിതൻ ഞങ്ങളെ വന്നുകണ്ടു. അദ്ദേഹത്തിന്റെ കൂടെ ഒരു ശിഷ്യനുമുണ്ടായിരുന്നു. തന്റെ ഗുരുവിനോട് ശിഷ്യൻ കാണിക്കുന്ന ബഹുമാനാദരവുകൾ അവിസ്മരണീയമാണ്. നീല നിറത്തിലുള്ള മനോഹരമായ അങ്കിയാണ് പാപ്പാ ധരിച്ചിരുന്നത്. അദ്ദേഹത്തിന്റെ മുൻഗാമികൾ അനേകം തലമുറകളായി ഇവിടെ ജീവിച്ചുപോന്നവരാണെങ്കിലും അദ്ദേഹത്തിൽ ജൂതന്മാരുടെ ശരീരപ്രകൃതി വളരെ വ്യക്തമായി കാണുന്നുണ്ട്....മലയാളഭാഷയിലാണ് അദ്ദേഹം മതപ്രസംഗങ്ങൾ ചെയ്യാറുള്ളത്. എന്നാൽ പള്ളിയിലെ മതപരമായ ചടങ്ങുകളെല്ലാം സിറിയക് ഭാഷയിലാണ് നടത്തുക..... അവരുടെ പുരോഹിതന്മാർക്കു വിവാഹം കഴിക്കുവാൻ അനുമതിയുണ്ട്. എന്നാൽ എന്നെ വന്ന് കണ്ട പുരോഹിതൻ ബ്രഹ്മചര്യം അനുഷ്ഠിക്കുന്നതിൽ അഭിമാനം കൊള്ളുന്നവനും സസ്യഭുക്കുമായിരുന്നു.''

എല്ലാവരിലും മതിപ്പുളവാക്കിയ ഇട്ടൂപ്പ് മല്പാൻ പിൽക്കാലത്ത്, ബ്രിട്ടീഷ് റസിഡണ്ടായിരുന്ന കേണൽ മൺറോയുടെയും, ഈസ്റ്റിൻഡ്യാ കമ്പനിയുടെ ചാപ്ലേനായിരുന്ന റവ. ക്ലോഡിയസ് ബുക്കാനന്റെയും, തിരുവിതാംകൂർ മഹാറാണി ലക്ഷ്മീഭായിയുടെയും പ്രശംസയും പ്രോൽസാഹനവും പിടിച്ചുപറ്റി.

മലങ്കര നസ്രാണികളുടെ ഭാവിയെ സംബന്ധിച്ച് നിർണ്ണായകമായ രണ്ടു സംഭവങ്ങളായിരുന്നു 1805-ലെ ആർത്താററുപടിയോലയും 1809 ലെ കണ്ടനാട്ടു പടിയോലയും. ഇവയുടെ രണ്ടിന്റെയും പ്രധാന ശില്പിയും സംഘാടകനുമായിരുന്നു ഇട്ടൂപ്പ് മല്പാൻ. ആർത്താററു പടിയോലയെ 'മലങ്കരസഭയുടെ മാഗ്നാക്കാർട്ടാ' എന്നും കണ്ടനാട് പടിയോലയെ 'മലങ്കരസഭയുടെ കാനോൻ' എന്നുമാണ് വിശേഷിപ്പിക്കേണ്ടത്. മലങ്കരസഭാ ചരിത്രത്തിൽ നാളിതുവരെ നാലു മതമേൽക്കോയ്മകളാണ് പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. അതിൽ പടിയോലയുടെ കാലംവരെ പ്രബല സ്വാധീനങ്ങളായി വർത്തിച്ച മൂന്നു വിദേശ കോയ്മകളെയും ആർത്താററു പടിയോല തള്ളിപ്പറയുന്നു, മലങ്കര സഭയുടെ ഒറിജിനാലിററി നിലനിർത്തുന്നതിനും (മാർത്തോമ്മാ ശ്ലീഹായുടെ പൂർവ്വീക വിശ്വാസവും ചട്ടങ്ങളും അനുസരിച്ച് നടക്കുന്നതിന്) ഉള്ള ആഹ്വാനമാണ് ഈ പടിയോല. സ്വയം നിർണ്ണായകശേഷിയുള്ള ഒരു സഭയുടെ നടപടിച്ചട്ടങ്ങളും ഭരണഘടനയും എന്നാണ് കണ്ടനാട്ടു പടിയോലയെ വിശേഷിപ്പിക്കേണ്ടത്. ആർത്താററ് പടിയോലയിൽകൂടി വിദേശസഭാനിയന്ത്രണങ്ങൾ ഇല്ലാത്ത ഒരു ദേശീയസഭാവീക്ഷണവും കണ്ടനാട്ട് പടിയോലയിൽകൂടി വ്യവസ്ഥാപിതമായ ഒരു ഭരണസംവിധാനവും വൈദികപരിശീലന പദ്ധതിയും ആവിഷ്ക്കരിക്കപ്പെട്ടു.

1809 ചിങ്ങം 15-ന് 8-ാം മാർത്തോമ്മായിൽ നിന്ന്, കണ്ടനാട് സുന്നഹദോസിന്റെ തീരുമാനപ്രകാരവും സുന്നഹദോസിൽ പ്രകടമായ ജനഹിതത്തെ മാനിച്ചുകൊണ്ടും പുലിക്കോട്ടിൽ മല്പാൻ, റമ്പാൻ സ്ഥാനമേററു. റമ്പാൻ സ്ഥാനം പ്രാപിച്ച സ്മര്യപുരുഷൻ ചാട്ടുകുളങ്ങര പള്ളിയിൽ (ആർത്താററ് പള്ളി) ഒരു ദയറാ പണിയുവാൻ നിശ്ചയിച്ചു. അതോടൊപ്പം നോമ്പുകാലങ്ങളിൽ പള്ളിയിൽ താമസിച്ച് ഉപവസിച്ച് നോമ്പ് അനുഷ്ഠിക്കുന്നവർക്കായി താമസസൗകര്യവും അദ്ദേഹം ക്രമീകരിച്ചു. ഉപവാസവും നോമ്പും ഏകാന്തവാസവും പ്രാർത്ഥനയും കണ്ണീരുമായി കഴിയുന്ന ആശ്രമാന്തരീക്ഷത്തിൽ നിന്നേ ആത്മീയതയുടെ ചിറകുകൾ വിരിയിച്ചെടുക്കാനൊക്കൂ എന്ന് അദ്ദേഹത്തിനറിയാമായിരുന്നു. 1810-ൽ ചാട്ടുകുളങ്ങരയിൽ ആശ്രമവും നോമ്പുകാരുടെ താമസസൗകര്യവും സജ്ജമായി. പള്ളിയിൽ വന്നു താമസിച്ച് ഉപവാസമനുഷ്ഠിക്കുന്നതിന് സഭാംഗങ്ങൾക്ക് സൗകര്യമുണ്ടാക്കിക്കൊടുത്ത മലങ്കരയിലെ ആദ്യത്തെ സ്ഥാപനമാണിത്. ഭിന്നിച്ചുനിൽക്കുന്ന സഹോദരങ്ങളെയും വ്യക്തികളെയും ബന്ധുക്കളെയും നോമ്പുകാലത്ത് തന്നോടൊപ്പം ഉപവസിച്ച് പ്രാർത്ഥിക്കുവാൻ പള്ളിയിലേക്ക് ക്ഷണിക്കുകയും അവർക്കാവശ്യമായ കൗൺസലിംഗ് നൽകുകയും ചെയ്ക റമ്പാച്ചന്റെ പതിവായിരുന്നു. ഇന്നും നോമ്പുകാലത്ത് നൂറുകണക്കിനാളുകൾ ഒരേസമയം ആർത്താററുപള്ളിയിൽ നോമ്പനുഷ്ഠിച്ച് താമസിക്കുന്ന ചിത്രം ആരെയും ആകർഷിക്കും. ആർത്താററുപള്ളിയിൽ താമസിച്ച് നോമ്പനുഷ്ഠിക്കുക എന്നത് വടക്കൻ ദിക്കിൽ ഒരു നേർച്ചയും വഴിപാടും ആയിത്തീർന്നിട്ടുണ്ട്. വലിയനോമ്പുകാലത്ത് ആ പള്ളിയിൽ ഇക്കാലത്തും കണ്ടുപോരുന്ന ജനസാന്ദ്രത റമ്പാച്ചന്റെ ക്രാന്തദർശിത്വത്തെ വിളംബരം ചെയ്യുന്നുണ്ട്.

നൂററാണ്ടുകളായി മല്പാൻ ഭവനങ്ങളിൽമാത്രം ഒതുങ്ങിനിന്ന വൈദികപരിശീലനം, ഔപചാരിക വൈദികപരിശീലനമായി രൂപപ്പെട്ടാലേ സഭ പുരോഗമിക്കൂ എന്ന വ്യക്തമായ ദർശനം നടപ്പിൽ വരുത്തുവാൻ അദ്ദേഹം തീരുമാനിച്ചു. കുന്നംകുളത്തുനിന്നു കോട്ടയത്തേക്കുള്ള അദ്ദേഹത്തിന്റെ യാത്ര നസ്രാണികളുടെ മുഴുവൻ ഭാവിചരിത്രത്തെ ഒരു പുതിയ വെളിച്ചത്തിലേക്കു കൊണ്ടുവന്നു. കേരളത്തിന്റെ ഏതാണ്ടു മധ്യഭാഗത്തുള്ള കോട്ടയത്ത് നസ്രാണി വൈദികരുടെ പഠിത്തവീടിനും, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും, മലയാളത്തിലേക്കുള്ള ബൈബിൾ പരിഭാഷയ്ക്കും കേന്ദ്രമാകുവാൻ തക്കവണ്ണം ദീർഘവീക്ഷണത്തോടെ അദ്ദേഹം സെമിനാരി ആരംഭിക്കുവാൻ ആഗ്രഹിച്ചു. കേണൽ മൺറോയുടെ ശുപാർശപ്രകാരം തിരുവിതാംകൂർ മഹാറാണി സ്ഥലവും പണിക്കാവശ്യമായ തടിയും അനുവദിച്ചു സഹായിച്ചു. ബ്രിട്ടീഷ് റസിഡണ്ട് കേണൽ മൺറോ 'വട്ടിപ്പണ'പ്പലിശയിനത്തിൽ സ്വരൂപിച്ചുകൊടുത്ത പണം നിർമ്മാണച്ചെലവുകൾക്കുപകരിച്ചു. 1815-ൽ പണി പൂർത്തീകരിച്ച് പഠിത്തം ആരംഭിക്കുകയും ചെയ്തു. തച്ചുശാസ്ത്രവിദഗ്ദനായ ഇട്ടൂപ്പ് റമ്പാൻ തനി കേരളീയശൈലിയിൽ പണിതീർത്ത നാലുകെട്ട് പതിനെട്ടാമത്തെ പതിററാണ്ടിലും ഗാംഭീര്യത്തോടെ ചരിത്രത്തിനും സത്യത്തിനും സാക്ഷ്യം വഹിച്ചു നിൽക്കുന്നു.

അദ്ദേഹം സ്ഥാപിച്ച സെമിനാരിയാണ് ഭാരതത്തിലെ കത്തോലിക്കേതര വൈദിക സെമിനാരികളിൽ ഏററവും പുരാതനം. ഇന്നു ലോകത്തിലെ പ്രധാന വേദശാസ്ത്രവിദ്യാലയങ്ങളിലൊന്നായി ഇതു മാറിയിരിക്കുന്നു. ബിരുദാനന്തര ഗവേഷണം വരെ നടക്കുന്ന വേദശാസ്ത്രപഠന സൗകര്യങ്ങൾ, അത്മായ പഠനസംരംഭമായ ദിവ്യബോധനം, കോൺഫറൻസ് കേന്ദ്രമായ സോഫിയാ സെൻറർ, ആരാധനാ സംഗീതക്കളരി മുതലായ അനേകം കാര്യങ്ങൾകൊണ്ട് വൈദിക സെമിനാരി അതിന്റെ 176-ാം വർഷത്തിൽ മലങ്കര ഓർത്തഡോക്സ് സഭാജീവിതത്തിന്റെ ആത്മീയ സിരാകേന്ദ്രമായി പരിലസിക്കുന്നു.

'വട്ടിപ്പണ'പലിശ കൈപ്പററി സെമിനാരി സ്ഥാപനത്തിനുവേണ്ടി ചെലവഴിച്ചതുമൂലം ഉണ്ടായ നിയമപ്രശ്നത്തിൽ നിന്നു കരകയറുവാൻ, സഭാംഗങ്ങളുടെയും കേണൽ മൺറോയുടെയും നിർബന്ധത്തിനു വഴങ്ങി ഇട്ടൂപ്പ് റമ്പാന് മെത്രാനാകേണ്ടതായി വന്നു. യഥാർത്ഥത്തിൽ അദ്ദേഹം ആ സ്ഥാനം ആഗ്രഹിച്ചിരുന്നില്ല. തൊഴിയൂർ ഇടവകയുടെ കിടങ്ങൻ ഗീവർഗീസ് പീലക്സിനോസ് മെത്രാപ്പോലീത്തായിൽനിന്ന് 1815 മാർച്ച് 21-ാം തീയതി പഴഞ്ഞിപള്ളിയിൽവെച്ച് ജോസഫ് മാർ ദീവന്നാസ്യോസ് എന്ന പേരിൽ അദ്ദേഹം മെത്രാൻ സ്ഥാനം സ്വീകരിച്ചു. മെത്രാനായശേഷവും ഒരു സന്യാസിയുടെ വേഷവും ജീവിതരീതിയും ഭക്ഷണശൈലിയും അദ്ദേഹം തുടർന്നുവന്നു. ജീവിതം മുഴുവൻ റമ്പാനായിട്ടിരിക്കുവാൻ ആഗ്രഹിച്ചത് സാധിച്ചില്ലായെങ്കിലും അകത്തും പുറത്തും ഒരു യഥാർത്ഥ ദയറാക്കാരനായിട്ടാണദ്ദേഹം ജീവിച്ചത്. എപ്പോഴും കറുത്ത കുപ്പായം ധരിക്കുന്നത് അദ്ദേഹത്തിന് പ്രത്യേക നിഷ്കർഷയായിരുന്നു. വളരെ വിരളമായി ഏററം ഔദ്യോഗിക സന്ദർഭങ്ങളിൽ മാത്രമാണ് ചുവന്ന കുപ്പായം ധരിക്കാറുണ്ടായിരുന്നത്. 1816 നവംബർ 24-ാം തീയതി സംഭവബഹുലമായ ആ ജീവിതത്തിന് അന്തിമ തിരശീല വീണു. പിറേറദിവസം സെമിനാരി ചാപ്പലിൽ കബറടക്കപ്പെടുകയും ചെയ്തു.

അനേകം സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ പ്രാർത്ഥനാശക്തി അനേകമാളുകൾ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. പഴയസെമിനാരിയിലെ അദ്ദേഹത്തിന്റെ കബറിടവും, അദ്ദേഹത്തിന്റെ നാമത്തിലുള്ള കുന്നംകുളത്തെ സ്മാരക കബറിടവും അനേകം ആളുകൾക്ക് ആശ്വാസകേന്ദ്രമായി പരിലസിക്കുന്നു. ക്രാന്തദർശിയും ദാർശനികനുമായ ആ പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയും ബലവും അഭയസ്ഥാനവുമായിരിക്കട്ടെ. ★

സദ്വാർത്ത

"സർവ്വജനത്തിനും ഉണ്ടാകുവാനുള്ളൊരു മഹാ സന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു."

ദാവീദിന്റെ നഗരമായ ബേത്ലഹേമിന്റെ പ്രാന്തപ്രദേശത്ത് നക്ഷത്രങ്ങളുടെ വെളിച്ചത്തിൽ ചിന്താഭാരമോ, വ്യഗ്രതയോ കൂടാതെ ഇന്നലെകളെയോ, നാളെയെയോപറ്റി വേവലാതിപ്പെടാതെ മിണ്ടാപ്രാണികളായ ആടുമാടുകളോടൊത്ത് മരംകോച്ചുന്ന തണുപ്പത്ത് ഉറങ്ങിക്കിടന്നിരുന്ന ആട്ടിടയന്മാരെയാണ് വിളിച്ചുണർത്തി ഈ സന്ദേശം അറിയിച്ചത്. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് സർവ്വജനത്തിനുംവേണ്ടി നല്കപ്പെട്ട സദ്വാർത്തയാണ് യേശുവിന്റെ ജനനം.

ഈ സന്ദേശം ലഭിച്ച ഇടയന്മാർ മണ്ണിന്റെ മക്കളാണ്. കാപട്യവും കബളിപ്പിക്കലും അവർക്കു വശമില്ല. ബാഹ്യമായ മോടികളോ, ആർഭാടങ്ങളോ ഇല്ലാതെ പ്രകൃതിയുമായി അലിഞ്ഞുചേർന്ന് ലളിതജീവിതം, നിഷ്കളങ്ക ഹൃദയം നിർമ്മല മനസാക്ഷി, ശാലീനതയാർന്ന സ്വഭാവം മുതലായവ കൈമുതലായ ഇടയന്മാർക്കാണ് ഈ മംഗളവാർത്ത കേൾക്കുവാനിടയായത്. സഹസ്രാബ്ദങ്ങളായി ലോകം കാത്തിരുന്ന ദൈവപുത്രന്റെ ജനനം ബേത്ലഹേമിലെ കാലിത്തൊഴുത്തിലായിരുന്നു. അപ്രതീക്ഷിതവും അവിശ്വസനീയവുമായ ഈ ലാളിത്യവും ദാരിദ്ര്യവും ദൈവികമായൊരു പദ്ധതിയുടെ ഭാഗമായി മാത്രമേ കാണാനാവൂ. യേശുവിലൂടെ എല്ലാ ദരിദ്ര ജനങ്ങളോടും ദൈവം സമഭാവന പുലർത്തുവാനുറച്ചു. ഭൂമിയിലെ വിഭവങ്ങൾ ധാരാളം കൈവശം വച്ചനുഭവിക്കുവാൻ സാഹചര്യം കിട്ടിയവരോടല്ല മറിച്ച് ആ സമ്പൽസമൃദ്ധിയിൽ പങ്കുചേരുവാൻ കഴിയാത്തവരോടാണ് തന്റെ സഹതാപമെന്ന് അവിടുന്ന് വ്യക്തമാക്കി.

അടിച്ചമർത്തപ്പെട്ട ഒരു ജനവിഭാഗമായിരുന്നു യഹൂദ ജനത. കഠിനമായ പീഡനങ്ങൾ അവർക്ക് അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. എങ്കിലും ദൈവരാജ്യത്തിന്റെ ആഗമനം സ്വപ്നം കണ്ടുകൊണ്ട് അവർ ജീവിച്ചു. തങ്ങളെ സമുദ്ധരിക്കുവാൻ ദൈവം ഒരു രക്ഷകനെ അയയ്ക്കുമെന്ന പ്രതീക്ഷ അവർ നിലനിർത്തി. പ്രതാപത്തോടും ശക്തിയോടും സൈന്യബലത്തോടുംകൂടി വരുന്ന ഒരു രക്ഷകനെയാണ് അവർ പ്രതീക്ഷിച്ചിരുന്നത്.

ഈ രക്ഷകൻ വന്ന് രാജ്യങ്ങളെ കീഴടക്കുകയും യഹൂദരെ, എല്ലാവരുടെയും അധിപതികളാക്കിതീർക്കുകയും ചെയ്യും. അപ്പോൾ ലോകത്തിലെ സമ്പത്തെല്ലാം തങ്ങളുടെ സ്വന്തമായിത്തീരും. ഇങ്ങനെ ഭൗതികമായ കാഴ്ചപ്പാടാണ് യഹൂദർ വച്ചുപുലർത്തിയിരുന്നത്. അധികാരവും സമ്പത്തും സുഖഭോഗങ്ങളും സ്വന്തമാക്കാൻ സാധിക്കുന്ന ഒരു ദൈവരാജ്യത്തിന്റെ വരവിനായി അവർ കാത്തിരുന്നു.

എന്നാൽ ശക്തിയോടും സൈന്യബലത്തോടുംകൂടി വരുമെന്ന് അവർ പ്രതീക്ഷിച്ചിരുന്ന രക്ഷകനുപകരം ദൈവം അവർക്കു നല്കിയത് ഒരു പിഞ്ചുശിശുവിനെയാണ്. പുൽക്കൂട്ടിലെ വയ്ക്കോൽ മെത്തയിൽകിടന്ന് കൈകാലുകളിട്ടടിച്ച് കരയുകയും അമ്മയുടെ മുഖത്തുനോക്കി ഹൃദ്യമായി പുഞ്ചിരിക്കുകയും ചെയ്യുന്ന ഒരു ശിശു. മനുഷ്യരക്ഷയ്ക്കായുള്ള കരച്ചിലായിരുന്നു അത്. മനുഷ്യകുലത്തിന്റെ നേർക്കുള്ള ദൈവത്തിന്റെ തന്നെ പുഞ്ചിരിയായിരുന്നു അത്.

ഇതുവഴി തന്നെക്കുറിച്ച് യഹൂദന്മാർ വച്ചുപുലർത്തിപ്പോന്ന സങ്കല്പങ്ങൾ വികലങ്ങളാണെന്ന് ദൈവം തന്നെ അവർക്കു കാണിച്ചുകൊടുത്തു. അധികാരവും ശക്തിയും സുഖഭോഗങ്ങളുമല്ല യഥാർത്ഥ സമാധാനവും സന്തോഷവും പ്രദാനംചെയ്യുന്നതെന്ന് ദൈവം അവരെ പഠിപ്പിച്ചു.

ചരിത്രത്തിൽ ഉടനീളം കാണാം. ഭൗതികമായ എല്ലാ മാർഗ്ഗങ്ങളും അതിനായി പ്രയോഗിച്ചുനോക്കിയിട്ടുണ്ട്. രാജ്യശക്തിയും, രാഷ്ട്രശക്തിയും, വാളും തോക്കും നിയമവും എല്ലാം പരീക്ഷിച്ചു. പക്ഷെ സമൂഹം ഇന്നും അശാന്തമാണ്. യേശുവിലൂടെ മനുഷ്യർക്കിടയിലേക്കിറങ്ങിവന്ന ദൈവം അതിന് ഒരു പരിഹാരമാർഗ്ഗം കാട്ടിത്തന്നു. "നിങ്ങൾ അന്യോന്യം സ്നേഹിപ്പിൻ" എന്നുള്ളതാണത്. അവൻ ദൈവബലത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി. സ്നേഹത്തിന്റെ ഉത്കൃഷ്ടമായ, പരമോന്നതമായ ഈ പ്രകാശനമാണ് ബേത്ലഹേമിലെ പുൽക്കൂട്ടിൽ നാം കാണുന്നത്. ഈ പരമോന്നത സംഭവം അനുസ്മരിക്കുമ്പോൾ, ദൈവപുത്രത്തിന്റെ മനുഷ്യാവസ്ഥയിലേക്കുള്ള ശൂന്യവൽക്കരണത്തിന്റെ ആഴവും അർത്ഥവും ഉൾക്കൊണ്ടാലേ യഥാർത്ഥ സ്നേഹത്തിന്റെ പാതയിലേക്ക് പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ.

തന്നെത്തന്നെ ഇല്ലായ്മചെയ്തുകൊണ്ട് ദൈവം യേശുവിൽ പ്രത്യക്ഷീഭവിച്ചു എങ്കിൽ സഹോദരങ്ങൾക്കു വേണ്ടി ഈ സ്നേഹത്തിന്റെ അംശം ഉൾക്കൊണ്ടു പ്രവർത്തിക്കുവാൻ ഈ ജനനപ്പെരുന്നാൾ നമ്മെ പ്രേരിപ്പിക്കേണ്ടതാണ്. തന്നെ തള്ളിപ്പറഞ്ഞ മനുഷ്യവംശത്തിനുവേണ്ടി സ്വർഗ്ഗീയ മഹിമ കൈവെടിയുവാനും അനന്തമായ കാരുണ്യത്തോടെ മനുഷ്യനായി മാറാനും ദൈവം സന്നദ്ധമായി. എന്നാൽ മനുഷ്യൻ കോപവും ക്രൂരതയും സ്വാർത്ഥതയും പുലർത്തി സമൂഹത്തെ അശാന്തമാക്കുന്നു; അനീതിക്കു വളമേകുന്നു. അനീതിയിൽനിന്നും അനീതി ജനിപ്പിക്കുന്നു. തൽഫലമായി അശാന്തമായ സമൂഹം ഉടലെടുക്കുന്നു. സ്വാർത്ഥതയും കോപവും കൈവെടിയുമ്പോൾ ശാന്തിയും സമാധാനവും സാഹോദര്യവും ഉളവാകുന്നു. ഇങ്ങനെ വരുമ്പോഴാണ് സന്മനസുള്ളവർക്കു സമാധാനം എന്ന് മാലാഖമാർ പാടിയത് അന്വർത്ഥമാകുന്നത്. എന്നാൽ സന്മനസ് ആർജ്ജിക്കുവാൻ, അതിനുവേണ്ടി മനസിലെ ദുഷ്ടതയെ നീക്കിക്കളയുവാൻ ക്രിസ്തുമസ് ആഘോഷങ്ങൾ ആർഭാടപൂർണ്ണമായി ആവർത്തിക്കുമ്പോൾ പോലും ആരും തയ്യാറാകുന്നില്ലയെന്നുള്ളതാണ് വാസ്തവം.

ഉയരത്തിൽനിന്നുള്ള രശ്മി നമ്മെ സന്ദർശിക്കുമ്പോൾ, ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശം നല്കുവാനും സമാധാനത്തിന്റെ മാർഗ്ഗത്തിലേക്കു നമ്മുടെ പാദങ്ങളെ നയിക്കുവാനും കഴിയണം. ക്രിസ്തുമസ് ഉദയരശ്മിയാണ്. ആ രശ്മിയിൽ നിന്നുള്ള വെളിച്ചം [illegible] നിഷേധിക്കപ്പെട്ടവർക്കും വിഭവങ്ങൾ [illegible] അവരുറഞ്ഞുപോയവർക്കും, പീഡിതർക്കും എത്തിച്ചുകൊടുക്കുവാനുമാണ് ക്രിസ്തുമസ് ആഘോഷംകൊണ്ട് ഉദ്ദേശിക്കുന്നത്. അതാണ് പുൽക്കൂട്ടിലെ ദൈവികസ്നേഹവും സന്ദേശവും.

കുഞ്ഞുമോൻ വാരിക്കാട്

സർവ്വജനത്തിനുംവേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്ത ക്രിസ്തുമസ് നാളിൽ ലോകം മുഴുവൻ ആഘോഷിക്കുകയാണ്. ആർഭാടപൂർവ്വമായിട്ടാണ് എല്ലാ സ്ഥലങ്ങളിലും ക്രിസ്തുമസ് ആഘോഷിക്കുന്നത്. തങ്ങളുടെ സമൃദ്ധിയും ഐശ്വര്യവും പ്രകടിപ്പിച്ചുകൊണ്ട് യേശുവിന്റെ ജനനം അനുസ്മരിപ്പിക്കുന്നവർ ആ മഹനീയസംഭവത്തിന്റെ അർത്ഥം ഉൾക്കൊള്ളുന്നില്ല. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്കു സമാധാനം" എന്ന് ആലപിച്ചു. ആ സന്ദേശം നൂറ്റാണ്ടുകളായി നാം ഏറ്റുപാടുന്നു. ദൈവസ്തുതിയോടൊപ്പം സമാധാനപൂർണ്ണമായ സമൂഹത്തിന് രൂപം കൊടുക്കുവാനാണ് യേശുക്രിസ്തുവിന്റെ ജനനം നമ്മെ ആഹ്വാനം ചെയ്യുന്നത്.

ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കുകയും ബന്ധിതർക്കു സ്വാതന്ത്ര്യമേകുകയും ചെയ്യുമ്പോഴാണ്; പീഡിതർക്കു സദ്വാർത്ത എത്തിക്കുമ്പോഴാണ് യേശുവിന്റെ ജനനം യഥാർത്ഥമായിത്തീരുന്നത്.

സമാധാനം എന്നത് നീതിയുടെ ഫലമാണ്. നീതിയുള്ളിടത്തു സമാധാനം ഉണ്ട്. സമാധാനപൂർണ്ണമായ സമൂഹം നീതിനിഷ്ഠയുടെ ഫലമായി മാത്രമേ രൂപംകൊള്ളുകയുള്ളൂ. വിഭവവിതരണത്തിലും, പദവി പങ്കുവയ്ക്കലിലും, അവസരങ്ങൾ വീതിക്കുന്നതിലും നീതി പുലരുമ്പോ[illegible] സമാധാനപരമായ സൃഷ്ടിക്കു വഴിയൊരുക്കുന്ന[illegible]യാണ്. ഈ നീതി ഉറപ്പുവരുത്തുവാനുള്ള യത്നം [illegible] ★

പി. കെ. ജോസഫ് മെമ്മോറിയൽ സ്കോളർഷിപ്പ്

ന്യൂയോർക്കിലെ ന്യൂറോഷൽ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയുടെ ആഭിമുഖ്യത്തിൽ നൽകപ്പെടുന്ന പി. കെ. ജോസഫ് (അപ്പു) മെമ്മോറിയൽ സ്കോളർഷിപ്പിന് സമർത്ഥരും നിർദ്ധനരുമായ S. S. L. C. വിദ്യാർത്ഥികളിൽനിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ജാതി മതപരിഗണനകളില്ലാതെ 1992–93 വിദ്യാഭ്യാസവർഷത്തിൽ പ്രീ–ഡിഗ്രി ഒന്നാം വർഷ കോഴ്സിനു ചേരുന്ന വിദ്യാർത്ഥികൾക്കായിരിക്കും സ്കോളർഷിപ്പു നൽകുന്നത്. വിദ്യാർത്ഥിയുടെ കുടുംബത്തിന്റെ സാമ്പത്തികനില പഠനത്തിലുള്ള പുരോഗതി എന്നിവയുടെ അടിസ്ഥാനത്തിൽ തുടർന്നുള്ള വർഷങ്ങളിലും സ്കോളർഷിപ്പു നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

വിദ്യാർത്ഥി സ്വന്തം കൈപ്പടയിൽ എഴുതിയതും പേര്, രക്ഷകർത്താവിന്റെ പേര്, രക്ഷകർത്താവുമായുള്ള ബന്ധം, മേൽവിലാസം, രക്ഷകർത്താവിന്റെ തൊഴിൽ, വാർഷിക വരുമാനം, പഠിക്കുന്ന സ്കൂൾ എന്നീ വിവരങ്ങളടങ്ങുന്നതുമായ അപേക്ഷ ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെയും വിദ്യാർത്ഥിയുടെ താമസസ്ഥലത്തിനു സമീപമുള്ള ഓർത്തഡോക്സ് ഇടവകവികാരിയുടെയും ശുപാർശകൾ സഹിതം 1992 ജനുവരി 31–നു മുമ്പായി മലങ്കരസഭാമാസിക (കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം, കോട്ടയം—38) മാനേജർവശം ലഭിച്ചിരിക്കണം. മറ്റ് ഏതെങ്കിലും സാമ്പത്തികസഹായം ലഭിക്കുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ പാടുള്ളതല്ല.

എന്ന് വികാരി ഫാ. ജോർജ് കോശി

മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്







Babu & Family. Lucy Varughese, താമിച്ചതിന് ക്ഷപണം-Jolly. Bijimol. Binu Joseph,







Mariamma. Jolly. മസിച്ചതിന് ക്ഷമാപണം Lizamma George. Mohan.







തര്യന്റിയാൻ, ഇടനാട്.







Biji Thomas. Sam Joseph. chumon. P. M. Abraham.

ON THE SACRAMENT OF HOLY CONFESSION (ii)

Fr. P. C. Philip, Malaysia

> "Whenever we confess before a Priest, we are doing it before God whose presence is invisible to us".

Is there any Biblical evidence for confession before a Priest?

Well, it is just like searching for the word Trinity in the Holy Bible. CONFESSION IS THE EXPRESSION OF REPENTANCE and the whole Bible speaks about repentance. As we receive all the Christ ordained Sacraments from the ordained minister of Christ, we should with utmost humility receive also the sacrament of Holy Confession. True repentance has three steps of confession: 1) An every day self examination and confession of our sins to God seeking His forgiveness. 2) Confession and reconciliation to the offended. 3) Confession to Christ – the Church – to the Priest to receive divine absolution or forgiveness. All of these steps are equally important and to avoid any one means incomplete repentance.

A doctor tells of a patient who came with a complaint of a cramping pain in the abdomen. After a thorough examination, the doctor said "you are all tied up in knots. There is nothing organically wrong with you, yet I believe you have some deep worry, and I am afraid that the pain will go on until you get the worry straightened out". The patient thought for a while, then said' doctor, about ten years ago I got tangled up with a woman. It is all over. My wife knows about it and she has been wonderful. But recently I became an officer in my church, and now this woman threatens to tell my pastor'. The doctor exploded, 'man go tell him yourself. Sin is his business, the way sickness is mine. It's no surprise to him that people make mistakes and do wrong. A few weeks later the doctor met his patient, a well man. (1)

Our confession to a priest must be detailed as doth a sick person reveal everything about his illness to the physician. An omnibus confession, 'I am a sinner' is no confession. (Is not enough). To cover our sins is to court spiritual ruin. When one uncovers his sins to God, God covers his sins. The devil may mutter, 'you will only go and commit the same sin again after your confession'. So, next time you are ill do not go to the doctor and be healed, in case you are ill again; just stay ill? (2)

(1) The Voice From The Cross – Blackwood, Andrew Page 55

(2) Confess Your Sins – Stott, John R.W. Page 47

Whenever we confess before a Priest, we are doing it before God whose presence is invisible to us. And so the Church teaches her faithful only to make true-confession. In Acts 5:1–11 we read of Ananias and Saphira facing death for lying before the Apostle Peter. Behold! how deadly it is to make a false-confession!

Another aspect of confession is that the confessor (One who hears the confession = ordained minister) and the confessee (one who confesses) are to keep confidential the matters confessed and discussed at the confessional.

And never go for confession thinking that the Priest is going to solve your problems and sin. No man can solve another man's problems except the person himself and God. The confessor gives (should give only) creative suggestions out of his spiritual life experiences. And outside the confessional, the Priest confessor presents the problem of the confessee only before God so that God will guide the confessee to solve his/her problems.

Here it should also be noted that a person can 'confess' his sins, problems etc

to a person or group of his choice: to a friend or class-mate, to a psychologist or a psyhiatrist, or to a counsellor. But the fact is no individual or friend can forgive or give absolution for sins. This authority God given – to forgive sins was handed over by Christ only to His Apostles and their successors – His ordained ministers.

THINK: If a poor miserable beggar heard that in a certain place were being distributed rich alms of money and clothing would he need to be taken there by a Police man?....If you are poor and in misery go and confess and use this means to health....If, however, you despise this treasure, and if you are too proud to confess your sins, we conclude that you are no Christian, and you have no right to share in the divine communion.

Let me conclude this study with the seven steps of good confession:

1) Self examination (Examination of conscience): This is the sincere effort to call to mind all the sins committed since your last valid confession. For this the basis should be the Ten Commandments (Exodus 20:2–17), the Sermon on the Mount (St. Matt 5–7); Romans 12; 1 Corinthians 13) and the seven commandments of the Church.

a) To participate in the Holy Qurbana on all Sundays and Holy Days of obligation.
b) To observe all the canonical lents.
c) To abstain and fast on Wednesdays and Fridays.
d) To confess our sins to the Priest.
e) To receive Holy Qurbana.
f) To observe all the Laws of the Church concerning marriage (i. e. to abstain from marital relation on the forbidden days and not to enter into marriage with forbidden relation and orders.
g) To tithe to the support of the Church and the parish.

2) CONTRITION: This is the genuine sorrow for having offended God and hatred for the sins committed, together with the determination not to sin again. The sacrifice acceptable to God is a broken spirit; broken and contrite heart God does not despise (Psalm 51:17) Contrition should come from the whole man: his body, mind and spirit. The following Psalms of penitence can also be recited to help our repetence: Psalms 6; 32; 51; 38; 102; 129 and 142.

3) The decision: not to commit again, the sins confessed. This is an act of the will which 'automatically' follows a true act of contrition.

4) CONFESSION: This the telling of one's sins to an authorised Priest for purpose of obtaining forgiveness, One should confess all the mortal sins (PRIDE, GREED, LUST, ANGER, GLUTTONY, JEALOUSY AND LAZINESS). It is nice to confess the venial sins also. The chief qualities of a good confession are: It is HUMBLE, SINCERE and is ENTIRE.).

5) ABSOLUTION: When the Priest pronounces the prayer of absolution and signs the forehead with the sign of the cross three times, the confessee should say amen each time.

6) HOLY QURBANA: should be received as early as possible after the Holy Confession.

7) PENANCE: If any penance is imposed by the Priest then they should be promptly and devoutly carried out.

—o—

പ. ഗീവർഗീസ് ദ്വിതീയൻ ബാവായും കുന്നംകുളവും

(ഓർമ്മ 1992 ജനുവരി–3) (i)

അഡ്വ. പി. സി. മാത്യു, പുലിക്കോട്ടിൽ

പരിശുദ്ധനായ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ കുന്നംകുളത്തുകാർക്ക് പ്രിയംകരനായ സഭാമേലദ്ധ്യക്ഷനായിരുന്നു. പ. ബാവാ തിരുമനസിലേക്കാണെങ്കിൽ കുന്നംകുളം എന്നുവെച്ചാൽ ജീവനും. 1929 ഫെബ്രുവരി 13–ാം തീയതിയായിരുന്നു മാർത്തോമാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിൽ കാതോലിക്കായായി പ. ബാവാ തിരുമേനി അഭിഷിക്തനായത്. അന്നത്തെ മലങ്കര മെത്രാപ്പോലീത്തായായിരുന്ന സഭാഭാസുരൻ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ പരിശുദ്ധ സുന്നഹദോസിനാൽ കോട്ടയം മാർ ഏലിയാ ചാപ്പലിൽവച്ച് അദ്ദേഹം പൗരസ്ത്യ കാതോലിക്കായായി വാഴിക്കപ്പെട്ടു. ആ ദിവ്യ ശുശ്രൂഷയിൽ പങ്കെടുക്കാൻ മലങ്കരയുടെ നാനാഭാഗങ്ങളിൽനിന്നും സഭാ സ്നേഹികൾ കോട്ടയത്തേക്ക് പ്രവഹിച്ചു. സ്ഥാനാരോഹണത്തിനുശേഷം എം. ഡി. സിമ്മനാരിയിൽനിന്നും പഴയസിമ്മനാരിയിലേക്ക് നവാഭിഷിക്തനായ പ. ബാവാ തിരുമേനിയെ എതിരേററത് അതിഗംഭീരമായ ഘോഷയാത്രയുടെ അകമ്പടിയോടുകൂടിയായിരുന്നു. ആ ഘോഷയാത്ര മോടിപിടിപ്പിക്കുവാൻ വിദൂരമായ കുന്നംകുളത്തുനിന്നും സഭാമക്കൾ വേണ്ടത്ര ഒരുക്കങ്ങളോടുകൂടിയായിരുന്നു കോട്ടയത്തു പോയിരുന്നത്. ഇപ്പോഴത്തെപ്പോലെ യാത്രാസൗകര്യങ്ങൾ ഇല്ലാതിരുന്ന ആ കാലത്ത് വെള്ളിക്കുരിശുകളും മുത്തുക്കുടകളും, വാദ്യക്കാരും മേളക്കാരും, കണ്ണഞ്ചിപ്പിക്കുന്ന പലതരം വെടിക്കെട്ടുകളും മററുമായി കുന്നംകുളത്തുനിന്ന് കോട്ടയത്തേക്കു പോയത് പ. ബാവാ തിരുമേനിയോടുള്ള അതിരററ സ്നേഹം ഒന്നുകൊണ്ടു മാത്രമായിരിക്കണം. അതിനെക്കുറിച്ച് 1946–ൽ പ്രസിദ്ധീകരിച്ച ആർത്താററ് പള്ളി ചരിത്രം പേജ് 149–ൽ ഇങ്ങിനെ പറയുന്നു: '1104 കുംഭം 2–ാം തീയതി ഇപ്പോഴത്തെ വിശുദ്ധ കാതോലിക്കാ ബാവാ തിരുമനസിലെ സ്ഥാനാരോഹണത്തിന് ഈ ഇടവകയിൽനിന്നു വികാരിമാരും കൈക്കാരന്മാരും കുറെ ജനങ്ങളും കോട്ടയത്തേക്കു പോകുകയുണ്ടായി. അവിടത്തെ ആഘോഷം അലങ്കാരമാക്കുന്നതിനായി ഇവിടെനിന്നു പള്ളിസാമാനങ്ങളും വിശിഷ്യ വെടിക്കെട്ടുകളും കൊണ്ടുപോയിരുന്നു. പ്രത്യേകിച്ച് ചെണ്ടകൊട്ടുകാരെയും കൊണ്ടുപോയി'.

സ്ഥാനാരോഹണത്തിനുശേഷം ഏതാനും ദിവസങ്ങൾകൂടി കഴിഞ്ഞാൽ കഷ്ടാനുഭവ ആഴ്ച ആരംഭിക്കുകയായി. നവാഭിഷിക്തനായ കാതോലിക്കാബാവാ തിരുമേനിയെ ഹാശാ ആഴ്ചയിലെ ശുശ്രൂഷകൾക്കായി തങ്ങളുടെ ഇടവകയിലേക്ക് ലഭിക്കണമെന്ന് മലങ്കരസഭയിലെ പല പ്രശസ്ത ഇടവകക്കാരും സ്വാഭാവികമായും ആഗ്രഹിച്ചു. അതിനുവേണ്ടി പലവിധ ശുപാർശകളുമായി അവർ പ. ബാവാ തിരുമേനിയെ സമീപിച്ചു. ഓരോ ഇടവകക്കാർക്കും അവരുടേതായ അവകാശങ്ങളും ന്യായങ്ങളും ധാരാളം പറയുവാനുണ്ടായിരുന്നു. അവരുടെ ക്ഷണമെല്ലാം വിനയപൂർവ്വം തിരസ്കരിച്ച് പ. ബാവാ തിരുമനസുകൊണ്ട് പൗരസ്ത്യ കാതോലിക്കാ എന്ന നിലയിൽ ഉള്ള തന്റെ പ്രഥമ കഷ്ടാനുഭവാഴ്ചയിലെ ശുശ്രൂഷകൾ പുരാതന പ്രസിദ്ധമായ ആർത്താററ് വലിയ പള്ളിയിൽവച്ച് നിർവഹിക്കുവാൻ കുന്നംകുളത്തേക്ക് പരിവാരസമേതം എഴുന്നള്ളി.

മലങ്കര നസ്രാണികൾ നാലാം വാല്യം പേജ് 725–ൽ സഭാചരിത്രകാരനായ Z. M. പാറേട്ട് ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. '1104–ൽ വലിയ നോമ്പുകാലത്ത് വടക്കൻ പള്ളിക്കാരുടെ അപേക്ഷപ്രകാരം കാതോലിക്കോസ് കുന്നംകുളത്തിനും, മാർ ദീവന്നാസിയോസ് മുളന്തുരുത്തിക്കും പോയി.'

വലിയനോമ്പിലെ അഞ്ചാം ആഴ്ചയാണ് പ. ബാവാ തിരുമനസുകൊണ്ട് കുന്നംകുളത്തേക്ക് എഴുന്നള്ളിയത്. ഏതാണ്ട് ഒരു മാസത്തോളം തിരുമേനി കുന്നംകുളത്തു താമസിച്ചു. ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ ശക്തിദുർഗ്ഗവും, പുരാതന നസ്രാണി കേന്ദ്രവുമായ കുന്നംകുളത്ത് മേൽപട്ടക്കാർക്ക് പള്ളികൊള്ളുവാൻ ഉതകുന്ന ഒന്നിൽ കൂടുതൽ മേടകൾ അന്ന് ഉണ്ടായിരുന്നു. അതിൽ ചിറളയം പള്ളിമേടയാണ് പ. ബാവാ തിരുമേനി താമസത്തിന് തിരഞ്ഞെടുത്തത്. പത്രോസ് പാത്രിയർക്കീസ് ബാവാ മലങ്കരയെ ഏഴു ഭദ്രാസനങ്ങളായി തിരിച്ച് ആ ഭദ്രാസനങ്ങൾക്കായി മേൽപട്ടക്കാരെ വാഴിച്ചപ്പോൾ ചിറളയം പള്ളിയിൽ വെച്ചായിരുന്നു കൊച്ചി ഇടവകയ്ക്കുവേണ്ടി ശമവൂൻ മാർ ദീവന്നാസിയോസിനെയും, കണ്ടനാട് ഇടവകയ്ക്കുവേണ്ടി മുറിമററത്തിൽ പൗലൂസ് മാർ ഈവാനിയോസിനേയും (പിന്നീട് ഒന്നാം കാതോലിക്കാബാവാ) വാഴിച്ചത്. വിദേശീയരായ ശാക്രള്ളാ മഫ്രിയാനാ, പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് ബാവാ, അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ, അബ്ദേദ് മിശിഹാ പാത്രിയർക്കീസ് ബാവാ, എന്നീ പരമോന്നത ശ്രേഷ്ഠ മഹാപുരോഹിതന്മാർക്ക് അത്യാഡംബരസമന്വിതമായ ആതിഥ്യ

മരുളുവാൻ ഭാഗ്യം സിദ്ധിച്ച ചിറളയം പള്ളിമേടതദ്ദേശീയനായ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയുടെ പ്രഥമ സന്ദർശനത്തിൽ രോമാഞ്ചകുഞ്ചുകമണിഞ്ഞുകാണും!

പീഡാനുഭവാഴ്ചയിലെ കർമ്മങ്ങൾക്കു പുറമെ വേറെയും സുപ്രധാന ശുശ്രൂഷകൾ പ. ബാവാ തിരുമേനിക്ക് കുന്നംകുളത്തെ താമസത്തിനിടയിൽ നിർവഹിക്കേണ്ടതുണ്ടായിരുന്നു. മലങ്കര അസോസിയേഷൻ മേൽപട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തിരുന്ന പുലിക്കോട്ടിൽ തിരുമേനിമാരുടെ കുടുംബത്തിൽപ്പെട്ട യൗസേഫ് ശെമ്മാശ്ശനെ 'സമിയോ' ഞായറാഴ്ച കത്തനാരും, നാല്പതാം വെള്ളിയാഴ്ച റമ്പാനുമായി പട്ടം കെട്ടി. ഉയിർപ്പുദിവസം തെക്കേക്കര കുറിയാക്കോസ് കത്തനാരെ കോർ എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തി. തെക്കേക്കര പൗലൂസ് ശെമ്മാശന് കോറൂയോ പട്ടം കൊടുത്തു. പുത്തൻകാവിലെ കെ. റ്റി. ഗീവർഗീസ് ശെമ്മാശൻ (പിന്നീട് മാർ പീലക്സീനോസ് കൊച്ചു തിരുമേനി) പ. ബാവായോടൊരുമിച്ച് കുന്നംകുളത്തു വന്നിരുന്നു. അദ്ദേഹത്തിന് പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു. പട്ടംകൊട കഴിഞ്ഞ് കെ. റ്റി. ഗീവർഗീസ് ശെമ്മാശന്റെ കയ്യിൽ പ. ബാവാ തിരുമനസുകൊണ്ട് ധൂപക്കുററി കൊടുത്തു. പൂർണ്ണ ശെമ്മാശ സ്ഥാനം! ധൂപക്കുററി വീശി x വിഭജിക്കപ്പെട്ട മദ്ബഹായുടെ പടിഞ്ഞാറു ഭാഗത്തു വന്നുനിന്ന് വലിയ ആർത്താററുപള്ളിയിൽ തിങ്ങിനിറഞ്ഞു നിന്ന പൗരാണിക സുറിയാനി ക്രിസ്ത്യാനികളുടെ പിൻതലമുറക്കാരെ നോക്കി ശെമ്മാശൻ തലവണങ്ങി. മലങ്കര സഭയുടെ കണ്ണിലുണ്ണിയാകാൻ പോകുന്ന മഹാചാര്യനാണ് ആ ധൂപക്കുററി വീശി നിൽക്കുന്ന പൂർണ്ണ ശെമ്മാശനെന്ന് അന്ന് എത്ര പേർ മനസിലാക്കിക്കാണും!!

പ. ബാവാ തിരുമേനിയുടെ കുന്നംകുളത്തെ ഈ താമസത്തിനിടയിലാണ് ബഥനിയുടെ മാർ ഈവാനിയോസിന്റെ റീത്തുപ്രസ്ഥാനവുമായി റോമാസഭയിലേക്ക് പോകാനുള്ള ഒരുക്കത്തിന്റെ വിവരങ്ങൾ പുറത്തുവന്നത്. 1930–ൽ പ്രസിദ്ധീകരിച്ച 'മലങ്കരസഭയുടെ ഭൂതക്കണ്ണാടി' എന്ന വിശ്രുത ഗ്രന്ഥത്തിൽ (പേജ് 164) പ. ബാവാ തിരുമനസുകൊണ്ട് 1107 കന്നി 17–ാം തീയതി കുണ്ടറ അരമനയിൽനിന്നും കോട്ടയത്തുള്ള ഒരു സമുദായപ്രമാണിക്ക് അയച്ച ഒരു കല്പന കൊടുത്തിട്ടുണ്ട്. അതിൽ ഇങ്ങനെ പറയുന്നു. 'പ്രിയനെ, നാം കാതോലിക്കാ ആയ ആണ്ടിൽ കഷ്ടാനുഭവ ആഴ്ച കുന്നംകുളങ്ങരെ ആയിരുന്നു. അവിടെ താമസിക്കുമ്പോൾ ഡോക്ടർ കാളാച്ചേരി അദ്ദേഹത്തെ (മാർ ഈവാനിയോസിനെ) തിരുവ

x ടിപ്പുവിന്റെ പടയാളികൾ ആർത്താററു പള്ളിയുടെ മദ്ബഹായിൽ കയറി നരഹത്യ ചെയ്തതിനാൽ അന്ന് രക്തം ചിന്തിയ സ്ഥലം ഒഴിവാക്കി മദ്ബഹായുടെ നീളം കുറവുചെയ്തിരിക്കുന്നു.

മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്










Aniemol Varughese, Secundarabad.

A Great Event - A New Era

Prof: E. J. JOHN

Christmas commemorates the birthday of Jesus Christ, the Son of God. He came to the world to save mankind from sin. He went to the poor, the captives, the blind, the oppressed, to announce the good news of life.

When we try to analyse the birth story of Jesus Christ, it could be seen that many of the things associated with it, which appear to us as simple and ordinary are found to have very great significance and importance.

It all happened– 'in those days'. The days here are the days of Caesar Augustus. It is a curious irony of history that whereas the year of Christ's birth is determined in relation to Caesar Augustus, today that Emperor is dated in relation to Christ.

This Great Event gave the world a new reckoning of time–'Anno Domini'. In those days something had begun to happen; which gives significance to every moment in history. The days of His years have meaning and purpose.

The Holy Family went trudging up to Bethlehem to be enrolled. They shared the fate of countless people in this generation who are often driven from one place to the other, especially the refugees who have to leave their homes due to earthquake, war or such other reasons.

Mary gave birth to her first born child and 'wrapped him in swaddling clothes and laid him in a manger'. For almost twenty centuries now, the artists and the poets have found mystery and awe surrounding the birth of Christ. It has to be admitted that somehow this birth lends dignity to the birth of every man. Life in this world is no longer a casual thing. But birth the very origin of life itself remains inaccessible to our fullest knowledge.

The New born child was laid in a manger, 'because there was no room for them in the inn'. The family of Christ were 'crowded out': But there is no evidence that the family of Christ were ill treated or suffered any kind of discrimination. In fact there was not enough room in Bethlehem to take care of all the people. Unlike many people in our times who under similar circumstances get a feeling of being neglected or discriminated, Joseph and Mary could handle the situation very boldly and make arrangements for their New born Baby in a manger.

Christ's manger reminds us that although physical needs are important, bread and board are no guarantee of the good life. 'Man liveth not by bread alone', and we should not suffer from any spiritual impoverishment. As Christ was crowded out of that Bethlehem inn, we should not be found guilty of finding no room for Him in our hearts.

The shepherds 'keeping watch over their flock by night'–were the first to get the

ല്ലായിൽ ചെന്നു കണ്ട കാര്യവും ബഥനിക്കാർ റോമ്മാസഭയിൽ ചേരുമെന്നുള്ളതും മററത്തിൽ കുര്യൻ കത്തനാർ (ഫാദർ സി. കെ. മററം) നസ്രാണി ദീപികയിൽ എഴുതിയിരുന്ന ഭാഗം ഒരാൾ മുറിച്ചു നമ്മുടെ പക്കൽ തന്നു. അതിനെ സംബന്ധിച്ച് ഒരു എതിരു ലേഖനം അയയ്ക്കണമെന്ന് ബഥനി മെത്രാച്ചനോട് പറഞ്ഞിട്ട് 'വല്ലവരും വല്ലതും പറയട്ടെ. നമുക്കെന്താ നഷ്ടം. ഒന്നും എഴുതേണ്ടാ' എന്നാണ് പറഞ്ഞത്.....'

സുദീർഘമായ ആ കല്പനയുടെ ശേഷം ഭാഗങ്ങൾ വിസ്താരഭയത്താൽ ഇവിടെ ചേർക്കുന്നില്ല. ബഥനിയുടെ എപ്പിസ്ക്കോപ്പാ മാത്രമായിരുന്ന മാർ ഈവാനിയോസിനെ പ. ബാവാ തിരുമേനി കാതോലിക്കായായി അഭിഷിക്തനായതിന്റെ പിറേറദിവസമാണ് (1929 ഫെബ്രുവരി 14) മെത്രാപ്പോലീത്തായായി ഉയർത്തിയത്. അന്നുതന്നെയാണ് പാമ്പാടി തിരുമേനിയേയും, പിണീട് റീത്തിൽ പോയ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയേയും മെത്രാൻമാരായി വാഴിച്ചത്. തന്റെ കൈകൊണ്ട് മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ട മാർ ഈവാനിയോസ് ചില അനുചരന്മാരോടുകൂടി ഏതാനും ദിവസം കഴിഞ്ഞയുടനെ മാതൃസഭ വിട്ടു പോയത് ബാവാ തിരുമേനിയുടെ ഹൃദയത്തെ നൊമ്പരപ്പെടുത്തിയ സംഭവമായിരുന്നു. (തുടരും)

മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്







George Cherian, Koipuram. Annamma Johnson. Mariamma Jaoob.







രോഗശാന്തിക്ക് Annamma Johnson.

രോഗശാന്തിക്ക് Thomas Daniel.

Mrs & Mr. George, Kaippattoor.







Jessy Kulanada.

താമസിച്ചതിന് ക്ഷമാപണം–George.

Alexander, Kayamkulam.







Mammen Thomas. Mrs. Mary Simon. Suniel Mathew Jacob. Sindu John.

ഭോപ്പാൽ, മക്കോഡിയാ, NAMS, ബാംഗ്ളൂർ

ഗീവർഗീസ് മാർ ഒസ്താത്തിയോസ്

1991 ഒക്ടോബർ 8 മുതൽ 22 വരെയുള്ള രണ്ടാഴ്ച പി. കെ. വറുഗീസ് ശെമ്മാശനും ഞാനും കൂടി നടത്തിയ പര്യടനത്തെക്കുറിച്ച് മലങ്കരസഭാ വായനക്കാർക്ക് ഒരു കുറിപ്പു നൽകട്ടെ. പത്തുവർഷം മുമ്പ് ഞാൻ കണ്ട ഭോപ്പാൽ ഇടവകയല്ല ഇന്നത്തേത്. ഇപ്പോഴത്തെ വികാരി പി. റ്റി. തോമസ് അച്ചൻ ആ ഇടവകയിൽ സ്തുത്യർഹമായ സേവനം ചെയ്യുന്നു. മൂന്നു രാത്രിയിൽ നടന്ന കൺവൻഷൻ യോഗത്തിൽ മററു സഭക്കാരും സംബന്ധിച്ചു. പള്ളിയുടെ അകത്തു പുതുതായി പണിത ബാൽക്കണിയിലും കേൾവിക്കാർ ഇരുന്നിട്ടും ആ പള്ളിക്കു പുറത്തും ആൾ നിൽക്കേണ്ടി വന്നു. ഞായറാഴ്ച അനേകർ വി. കുർബാന അനുഭവിച്ചു., യുവജനപ്രസ്ഥാനം ശക്തമാണ്. മുമ്പ് രണ്ടു കക്ഷിയുണ്ടായിരുന്നെങ്കിലും ഇന്ന് എല്ലവരും ഒററക്കെട്ടാണ്. പുതിയ പാർസണേജ് പണിയിച്ചതിനാൽ അവിടെ ഞങ്ങൾക്കും താമസിക്കാൻ സാധിച്ചു.

മക്കോഡിയാ യാത്രയിലും മടക്കത്തിലും ഹൊഷംഗബാദിലും ഇററാർസിയിലും നടത്തിയ രാത്രിയോഗങ്ങളിൽ അവിടെയുള്ള ചെറിയ കൂട്ടം മുഴുവനോളം സംബന്ധിച്ചു. 6 ഏക്കർ സ്ഥലവും 8 പഴയ കെട്ടിടവും ഉള്ള മക്കോഡിയായിൽ വർഷകാലത്ത് ചെന്നുപററുവാനുള്ള പ്രയാസം ഇപ്പോഴില്ല. 3 കി. മീ. റോഡുണ്ടാക്കുന്ന കാര്യം കലക്ടറോട് പറയാനും സ്ഥലവാസികളെക്കൊണ്ട് അപേക്ഷകൊടുപ്പിക്കാനും സാധിച്ചു. റോഡുണ്ടായാൽ ആ മിഷൻ കേന്ദ്രം ഗ്രാമീണ മിഷന്റെ ഒരു തലസ്ഥാനമായിത്തന്നെ മാററാം. കെ. എസ്. തോമസ് അച്ചനും, റോയിയും, കുഞ്ഞുകുഞ്ഞും മാത്രമേ ഇപ്പോൾ പ്രവർത്തകരായുള്ളു. കൂടുതൽ പേരെ ക്ഷണിക്കുന്നു.

നാംസിന്റെ 12–ാം സമ്മേളനം ബാംഗ്ലൂരിലെ റോമൻ കത്തോലിക്കാസഭയുടെ വിദ്യാപീഠത്തിൽ വച്ച് വിജയകരമായി നടത്തുവാൻ 10000 രൂപായോളം പിരിച്ചു ചെലവാക്കിയ ആതിഥേയ

'Good news'. At first the Shepherds were sore afraid, when the glory of the Lord shone around about them'. They were filled with fear. But that was an uncomplicated fear–a fear which quickly turned into rejoicing, when they heard the words of the Angel, 'Fear not, for behold, I bring you good tidings of great joy which shall be to all people'. Further the simplicity of Christ's coming must have been reassuring to such men.

We are now passing through an age of anxiety and fear. Our fears are not so simple. It is the fear which grows from the feeling that we cannot love ourselves or anyone else because we ourselves are unlovable. Self-hatred is at the core of many other fears also. This brings in endless anxiety, guilt, hostility, suspicion and more fear, resulting in wide spread restlessness in the community. When people are filled with fear, real community life begins to disappear and we unfortunately adopt–'every man for himself'–philosophy.

The 'Good news' is for all people. The good news is that God cares for us. It is that, God is with us as Isaiah the prophet had promisd. The irrepressible wonder and mystery of the Nativity story is that God is as near as a new born child. It is more than a pretty story and birth of a lovely child.

A Christian must live in hope, and look beyond the present. On the strength of the good news of great joy, we also join the angels and sing 'Glory to God in the highest and on earth peace, good will toward men. But mere singing will not be enough. In order to achieve peace, man will have to discover his real home again where he may live and move with freedom and happiness. The significance of christmas suggests that man will find his home only when he has become part of the community of praise and thanksgiving.

T. S. Eliot has said:

''What life have you if you have not
life together,
There is no life that is not in community
And no community not lived in
praise of God'.

The brokenness and tragedy of this world will not heal itself. Nor can we accomplish the task without the strength of grace. It is for us to understand the real meaning and message ot this 'Great Event' and show necessary response.

സുഭാഷിതം:

ആത്മാവിനെ കണ്ടെത്തുക

ഇന്ന് പ്രശ്നങ്ങൾക്ക് മദ്ധ്യേയാണ് മനുഷ്യൻ ജീവിക്കുന്നത്. കാഷ്മീർ പ്രശ്നം, പഞ്ചാബ് പ്രശ്നം, ഗൾഫ് പ്രശ്നം, രാമജന്മഭൂമി, സമുദായക്കേസ്, ഇങ്ങനെ ധാരാളം പ്രശ്നങ്ങൾ. മനുഷ്യൻെറ 'ആത്മാവിനെ കണ്ടെത്തുക' എന്ന ഏററവും വലിയ പ്രശ്നം ഏതാണ്ട് വിസ്മരിക്കപ്പെട്ട മട്ടാണ്. വീട്ടമ്മ ഭർത്താവിനെയും മകനെയും കൊലപ്പെടുത്തുന്നു, ഭർത്താവ് ഭാര്യയെ കൊലചെയ്തിട്ട് ആത്മഹത്യക്കൊരുമ്പെടുന്നു, രാഷ്ട്രീയലക്ഷ്യം മുൻനിർത്തി സ്വസഹോദരനെഅപകീർത്തിപ്പെടുത്തുന്നു ഇങ്ങനെ ധാർമ്മികാധപതനം എവിടെയും കാണപ്പെടുന്നു. 'ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തൻെറ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം' എന്ന ചോദ്യം ഇന്നും അവശേഷിക്കുന്നു.

ഈ ധർമ്മച്യുതിയിൽനിന്നും മോചനം നേടണമെങ്കിൽ ഒരു സ്വയാവബോധം ഉണ്ടാകേണ്ടിയിരിക്കുന്നു. മനുഷ്യൻ വെറും 'വയറല്ല' (ശരീരം) അവന് ആത്മാവ് എന്നൊന്നുണ്ടെന്നും, ഈ ആത്മാവ് ദൈവത്തിൻെറ ദാനമാണെന്നും, അത് പരിപോഷിക്കപ്പെടണമെന്നുമുള്ള അവബോധമാണുണ്ടാകേണ്ടത്.

ശരീരവും മനസും ആത്മാവിന് വിധേയപ്പെടണം. ആത്മാവ് ദൈവത്താൽ നിയന്ത്രിക്കപ്പെടണം. എന്നാൽ ഇന്ന് മനുഷ്യനെ നിയന്ത്രിക്കുന്നത് മററു പല ശക്തികളുമാണ്. ദ്രവ്യാഗ്രഹം, അശുദ്ധി, ദുഷ്കാമം, അലസത, മടി അസൂയ, കോപം, അത്യാഗ്രഹം ഇങ്ങനെയുള്ള ദുഷ്ടവിചാരങ്ങൾക്ക് മനുഷ്യൻ അടിമയായിത്തീരുന്നു. ഈ ദുഷ്ടവിചാരങ്ങൾ നിറവേറാതെ വരുമ്പോൾ പരസ്പരം അപായപ്പെടുത്തുവാനും, കവർന്നെടുക്കുവാനു, സ്വയം ഹോമിക്കുവാനും, മനുഷ്യൻ തയ്യാറാവുന്നു.

ഈ ദു:സ്ഥിതിയിൽനിന്നും മോചനം നേടണമെങ്കിൽ മനുഷ്യൻ ക്രിസ്തുവിലായിത്തീരണം. ഇതിന് രണ്ടു ഘടകങ്ങൾ ആവശ്യമായിട്ടുണ്ട്:

1. ശുദ്ധീകരണപ്രകിയ.
2. പ്രതിഷ്ഠാകർമ്മം

പെസഹാ പെരുന്നാളിൻെറ തലേന്നാൾ (യോംകിപ്പൂർ) ഓരോ യഹൂദനും വീടു മുഴുവൻ അടിച്ചുവാരി പരിശോധിക്കുന്നു. എവിടെയെങ്കിലും പുളിപ്പ് ശേഷിക്കുന്നുണ്ടെങ്കിൽ അത് നശിപ്പിച്ചുകളയുന്നു. ഇതുപോലെ നമ്മിലുള്ള ദുഷ്ചിന്തകളായ പുളിപ്പുകൾ എല്ലാം കണ്ടുപിടിച്ച് നീക്കം ചെയ്യണം. 'സാത്താനെ ഞാനുപേക്ഷിക്കുന്നു' എന്നു പറഞ്ഞ് ഉപേക്ഷിച്ചതായ ദുഷ്ചിന്തകളും, ദുഷ്പ്രവൃത്തികളും വീണ്ടും തലപൊക്കുന്നതിന് അനുവദിക്കരുത്.

ഫാ. ജോർജ്ജ് മാത്യു. പത്തനംതിട്ട

'പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതു
മനുഷ്യനെ ധരിച്ചുകൊൾവിൻ' എന്നുള്ള കല്പന
യിൽ മുകളിൽ പറഞ്ഞ ശുദ്ധീകരണകർമ്മവും
അതിനോടു ചേർന്നുവരുന്ന പ്രതിഷ്ഠാകർമ്മവും
അടങ്ങിയിട്ടുണ്ട്. പുതുമനുഷ്യനായ ക്രിസ്തു
വിനെ ധരിക്കുന്നവനു മാത്രമെ ആത്മാവിൻെറ
ഫലം പുറപ്പെടുവിക്കുവാൻ കഴിയൂ. പുതിയ
മനുഷ്യൻെറ പ്രവൃത്തികളായ സ്നേഹവും, സ
ന്തോഷവും, സമാധാനവും, വിശ്വസ്തതയും, ദയ
യും, പരോപകാരവും, ക്ഷമയും, സൗമ്യതയും,
ഇന്ദ്രിയജയവും (ഗലാ. 5:22) നമ്മിൽ പ്രതി
ഷ്ഠിക്കപ്പെടണം.

എന്നാൽ പല ആളുകളും പാപത്തെ ഏററുപറ
ഞ്ഞ് ഉപേക്ഷിച്ചതിനുശേഷവും പൂർണ്ണമായി
ആത്മാവിൻെറ പ്രവർത്തനത്തിന് ഏല്പിച്ചു
കൊടുക്കാത്തവരാണ്. അതിൻെറ ഫലമായി
വീണ്ടും പഴയ സാത്താൻതന്നെ മനുഷ്യഹൃദയ
ത്തിൽ കുടിയിരിക്കുന്നതിനിടയാകുന്നു. ഭൂതം
പുറത്താക്കപ്പെട്ട മനുഷ്യൻ ആത്മീകനായിത്തീരാ
ഞ്ഞതു കണ്ടപ്പോൾ ആ ഭൂതം പോയി വേറെ ഏഴ്
ആത്മാക്കളെ കൂട്ടിക്കൊണ്ടുവന്ന് അവനിൽതന്നെ
വസിച്ചു (ലൂക്കോ. 10:24–26).

നമ്മിൽത്തന്നെയുള്ള 'സാത്താനെ'യുപേ
ക്ഷിച്ച് ആ സ്ഥാനത്ത് ക്രിസ്തുവിനെ പ്രതി
ഷ്ഠിക്കണം. മനസിനെ ശുദ്ധീകരിച്ച് ആത്മാ
വിൻെറ ഫലം പുറപ്പെടുവിക്കുവാൻ തക്കവണ്ണം സ
ജ്ജമാക്കിത്തീർക്കണം. ഓരോ മനുഷ്യനും ആത്മീ
കനായി വളർന്നുകഴിയുമ്പോൾ ലോകത്തിൽ പ്ര
ശ്നങ്ങൾ ഇല്ലാതായിത്തീരുന്നു. അത്തരമൊരു ലോ
കമായിരിക്കട്ടെ നമ്മുടെ ഓരോ സ്വപ്നവും. ★

ക്കമ്മററിയുടെ ത്യാഗവും ഉത്സാഹവും വർണ്ണനാതീതമായിരുന്നു. ഡോക്ടറേററുള്ള ഇ. സി. ജോൺ അച്ചൻ, കെ. സി. എബ്രഹാം അച്ചൻ, കെ. സി. ജോസഫ് അച്ചൻ, ഡോക്ടർ മോഹൻ ഐസക്ക് എന്നിവരുടെ ക്ലാസുകൾ ഏററം ഉന്നത നിലവാരം പുലർത്തി. അഞ്ചു യൂണിററുകൾ ബാംഗ്ലൂർ, തിരുവനന്തപുരം, അടൂർ, മാവേലിക്കര, പത്തനംതിട്ട എന്നീ സ്ഥലങ്ങളിൽ രൂപീകരിച്ചു.

NAMS-നെക്കുറിച്ചറിവാൻ പ്രൊ. ഡി. മാത്യൂസ്, പീസ് കോട്ടേജ്, പത്തനംതിട്ടയ്ക്ക് എഴുതുക. ★

യേശുനാഥന്റെ പൂന്തോട്ടം



കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തിമാരേ,

അനുഗ്രഹകവും ആനന്ദപൂർണ്ണവും ആയ നവവൽസരം നേർന്നുകൊണ്ട് ആരംഭിക്കട്ടെ.

കുഞ്ഞിച്ചായൻ ന്യൂയോർക്കിൽനിന്നു കാലിഫോർണിയായിലേക്കു താമസം മാററി. കുറെ കാലത്തേക്ക് ഇവിടെ കാണും. കാലിഫോർണിയായിലെ സുന്ദര നഗരമായ സാൻഫ്രാൻസിസ്കോയിലാണ് കുഞ്ഞിച്ചായൻ കൂടുകെട്ടിയിരിക്കുന്നത്. എഴുതാനും വായിക്കാനും പണ്ടത്തേക്കാൾ സമയം കിട്ടുന്നതുകൊണ്ട് മനസിന് എന്തെന്നില്ലാത്ത കുളിർമ്മയും ആശ്വാസവും അനുഭവപ്പെടുന്നു. ഇനി ബാലപംക്തി മുടക്കംകൂടാതെ അയക്കാൻ കുഞ്ഞിച്ചായൻ ശ്രമിക്കാം.

മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി ജീവിതത്തിലെ വിലപ്പെട്ടതെല്ലാം നഷ്ടപ്പെടുത്തിയവരുടെയും, ഭവനരഹിതരായവരുടെയും ഇടയിലാണ് കുഞ്ഞിച്ചായൻ കൂടുതൽ സമയവും പ്രവർത്തിക്കുന്നത്. കുഞ്ഞിച്ചായന് കൂടുതൽ കൃപ ലഭിക്കുന്നതിനുവേണ്ടി നിങ്ങൾ ഒക്കെയും പ്രാർത്ഥിക്കണമേ.

സുഖവും ദു:ഖവും, ഇരുളും വെളിച്ചവും എല്ലാം മാറി മാറി സമ്മാനിച്ചശേഷം 1991 കാലക്കടലിൻെറ അഗാധതയിൽ ആണ്ടുമറഞ്ഞു. 1991 യാത്ര പറഞ്ഞപ്പോൾ 1992 വന്നെത്തി. പൂമൊട്ടു വിടരുന്നതുപോലെ പുതുവർഷം പിറക്കുമ്പോൾ ആരാണ് ആഹ്ളാദിക്കാത്തത്? പുതുവർഷത്തിൽ പുതിയ പുതിയ തീരുമാനങ്ങൾ എടുക്കണം. ദു:ഖത്തിൻെറ ഇരുൾ നിറഞ്ഞിരിക്കുന്ന ലോകത്തിൽ സ്നേഹത്തിൻെറ കൊച്ചുകൊച്ചു കൈത്തിരികൾ ഉയർത്തിപ്പിടിക്കുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം.

ഈപ്രാവശ്യം ഒരു ഹൈന്ദവ മഹർഷീശ്വരൻെറ കഥയാണ് കുഞ്ഞിച്ചായൻ പറയാൻ ആഗ്രഹിക്കുന്നത്.

ഇനി ഒരു കഥ പറയാം. ഗദാധരൻ എന്ന ബാലൻെറ കഥ. ബംഗാളിലെ ഒരു കൊച്ചുഗ്രാമത്തിൽ ഒരു യാഥാസ്ഥിതിക ബ്രാഹ്മണ കുടുംബത്തിലാണ് ഗദാധരൻ ജനിച്ചത്. കുട്ടിക്കാലത്തുതന്നെ ഗദാധരൻെറ ഉള്ളിൽ ഈശ്വരഭക്തി വേരുറച്ചു വളർന്നിരുന്നു. പൂവിലും പൂമ്പാററയിലും, പൂനിലാവിലും പുലരിത്തുടിപ്പിലും എല്ലാം അദൃശ്യനായ ഈശ്വരൻെറ അനന്തസ്നേഹം കണ്ടെത്താൻ ഗദാധരനു കഴിഞ്ഞിരുന്നു.

ഒരു കൊച്ചു സ്നേഹദൂതൻ ആയിരുന്നു ഗദാധരൻ. ഒരു ദിവസം എന്തോ ചിന്തകളിൽ മുഴുകി അവൻ ഒരു വയലിലൂടെ ഏകാകി ആയി നടക്കുക ആയിരുന്നു. ഇരുണ്ട വർഷകാല മേഘങ്ങൾ കണ്ടപ്പോൾ ഗദാധരൻെറ നിർമ്മലഹൃദയം അസ്വസ്ഥം ആയി. അപ്പോഴാണ് ഒരു പററം വെള്ള കൊക്കുകൾ കറുത്തിരുണ്ട ചക്രവാളച്ചെരുവിലൂടെ പറന്നുവന്നത്. ദൂരെനിന്നും പറന്നുവന്ന വെള്ളക്കൊക്കുകൾ ഇരണ്ട മേഘങ്ങളുടെ പശ്ചാത്തലത്തിൽ ഒരു വെള്ളിരേഖപോലെ വെട്ടിത്തിളങ്ങി. ആ കാഴ്ച കണ്ടപ്പോൾ ഗദാധരൻെറ ഹൃദയം ആനന്ദം കൊണ്ടു തുടിച്ചു. അടക്കാനാവാത്ത ആനന്ദം ഉണ്ടായപ്പോൾ ഗദാധരനു തല ചുററുന്നതുപോലെ തോന്നി. മോഹാലസ്യം ഉണ്ടായി. ഗദാധരൻ നിലം പതിച്ചു. ബോധം തെളിഞ്ഞപ്പോൾ ഗദാധരന് പുതിയ പ്രകാശം ലഭിച്ചു. ഈശ്വരസാന്നിധ്യം അനുഭവിച്ചപ്പോൾ ഗദാധരന് ആനന്ദം അടക്കാൻ കഴിഞ്ഞില്ല. പലരും പലവിധത്തിൽ ഈ കഥ വ്യാഖ്യാനിക്കുന്നു. ഈശ്വരചിന്തകൾകൊണ്ട് അനുഗ്രഹീതരായ മഹർഷിമാരും പുണ്യവാന്മാരും യഥാർത്ഥ സന്തോഷം അനുഭവിക്കുന്നു. ഗദാധരന് കുട്ടിക്കാലത്തുതന്നെ ആത്മീയാനന്ദം അനുഭവിക്കാൻ ഭാഗ്യം ലഭിച്ചു.

തിന്മയും ദു:ഖവും ഇരുൾ പരത്തിയിരുന്ന ലോകത്തിൽ നന്മയുടെയും ആത്മീയാനന്ദത്തിൻെറയും പ്രകാശം വിതച്ചുകൊണ്ട് ഗദാധരൻ വളർന്നുവന്നു. ഈ ഗദാധരനാണ് പിൽക്കാലത്ത് ശ്രീരാമകൃഷ്ണപരമഹംസർ എന്ന പേരിൽ പ്രസിദ്ധനായ ഭാരതീയ മഹർഷി. ലോകപ്രസിദ്ധനായ വിവേകാനന്ദസ്വാമികളുടെ ഗുരുവായിരുന്നു ശ്രീരാമകൃഷ്ണപരമഹംസൻ.

EDUCATION SCHOLARSHIPS

Sunday School Association in the American Diocese offers Education Scholarships to at least 16 deserving students in Kerala and Brahmavar based upon their Scholastic merits and Financial Needs.

TO WHOM ?

-One college student from each Diocese in Kerala.
-One student from our Brahmavar Mission.
-One student from our Sleeba Dhasa Samuham (Servants of the Cross) Mission.
-At least one of the children of the many sextons (Kappiars) serving our churches in all over Kerala.

(First year college students are eligible. Those who are selected will be qualified for a maximum of three years of scholarship depending upon their academic performance and financial needs).

INFORMATION NEEDED:

1. Applicant's name. 2. Guardian's name and address. 3. Guardian's Profession and Annual income. 4. Other source of income. 5. Other scholarships. 6. Name of the Parish. 7. Diocese. 8. Attested Mark List of the High School Final Public Examination. 9. Course Certificate and Recommendation from the Principal of the College including an estimated expense for tuition fees and books. 10. Recommendation from the Vicar of the Parish.

PROCEDURES:

1. Type or write legibly all the information above and send to the Diocesan Sunday School Director through the District Organisers or Inspectors.

2. The Diocesan Director selects two names from the LIST and along with all the informations of that student to the Sunday School Director General Very Rev. C.V. George Cor Episcopa.

3. The Director General selects one name from each Diocese and sends the names along with all the information of the selected students to the Sunday School Director of the American Diocese Very Rev. Thomas P. Mundukuzhy Cor Episcopa (5027 Homeview Drive, Liverpool, New York 13088, U.S.A.)

4. From the Brahmavar Mission, applications shall be sent to the Director of the Mission, and the Director in consultation with the visiting Metropolitan of the Mission, shall send a name to Very Rev. Thomas P. Mundukuzhy Cor Episcopa.

5. From the Sleeba Dhasa Samuham (Servants of the Cross) Mission, application shall be sent through the General Secretary with the approval of the President Metropolitan of the Mission.

6. Children of the sextons (Kappiars) shall sent their applications to the Diocesan Secretary, and a selected name shall be sent from each Diocese with the approval of the Diocesan Metropolitan to the Sunday School Director General, and five names shall be sent with all the informations to Very Rev. Thomas P. Mundukuzhy Cor Episcopa.

7. All such procedures and selections shall be finalised by May, 1992. and the selected names shall be received by the Diocesan Sunday School Director of the American Diocese not later than May 31, 1992. A minimum of Rs. 1000 each year for each student for three years shall be awarded to the selected students and will be sent through the Diocesan Director/Mission Director/or the Diocesan Secretary by August, 1992.

C. G. ZACHARIAH, Convenor, SHARE FOR CARE Project of the Sunday School Association of the American Diocese.

ധ്യാന പംക്തി

സുവിശേഷദീപ്തി

ഫാ. ഡോ. ജേക്കബ് ചെറിയാൻ,
മൗണ്ട് താബോർ ദയറാ

ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ (നവംബർ 14)

സുവിശേഷപാഠം: വി. ലൂക്കോസ് 1:26-38

ദൈവമാതാവിനോടുള്ള അറിയിപ്പ് വിവരിക്കുന്ന സുവിശേഷഭാഗം പുതിയനിയമത്തിലെ ഏററം ലളിതസുന്ദരവും കാവ്യഭംഗി നിറഞ്ഞതുമായ ഏടുകളിലൊന്നാണ്. സഖറിയ പുരോഹിതനും ദൈവമാതാവിനും ദൈവനിയോഗസന്ദേശം ലഭിക്കുന്നത് അടുത്തടുത്ത സമയത്താണ്. യോഹന്നാൻ സ്നാപകന്റെയും യേശുവിന്റെയും ജനനം വാഗ്ദത്ത നിവർത്തിയായിരുന്നു.

യൗസേഫ് ദാവീദുഗൃഹത്തിൽപ്പെട്ടയാളും, മറിയം അഹറോൻ ഗൃഹത്തിലുള്ള ഏലിസബെത്തിന്റെ ചാർച്ചക്കാരിയുമാണ്. യേശുക്രിസ്തുവിന്റെ രാജകീയ—പൗരോഹിത്യ സ്വഭാവങ്ങളും ഇവിടെ വെളിവാകുന്നു. സർവ്വ മനുഷ്യരിലുംവച്ച് പരമോന്നതമായ ദൈവകരുണയ്ക്ക് പാത്രീഭൂതനായത് മറിയാമാണ്. യേശു രക്ഷകനായ മശിഹായാണെന്നും, ഏശായായുടെ പ്രവചനപ്രതീക്ഷകൾ നിറവേററുന്നയാളുമാണെന്ന് 'വചനിപ്പ്' വെളിപ്പെടുത്തിത്തരുന്നു. മാലാഖയുടെ വാക്കുകൾക്കു മുമ്പിൽ മറിയാം ഒരു സംശയമുന്നയിക്കുന്നതിനെ മാലാഖ ന്യായീകരിച്ച്, തൃപ്തികരമായ വിശദീകരണം നൽകി. സഖറിയായുടെ സംശയം പോലെയല്ല മറിയമിന്റെ സംശയം. അവൾ കന്യകയാണെന്നുള്ളതും യേശുവിന്റെ ജനനം അത്ഭുതകരമാണെന്നും അത് സാക്ഷിക്കുന്നു. ആദിയിൽ വെള്ളത്തിന്മീതെ പരിവർത്തിച്ചുകൊണ്ടിരുന്ന പരിശുദ്ധാത്മാവുതന്നെ കന്യകയിൽ ആവസിച്ചു. പരിശുദ്ധാത്മാവ് ആവസിച്ചതിനാലാണല്ലോ അപ്പോസ്തലന്മാർ സുവിശേഷഘോഷണത്തിന് പ്രാപ്തരായിത്തീർന്നത്.

വിശദീകരണം ലഭിച്ചതിനെത്തുടർന്ന് മറിയാം ദൈവനിയോഗത്തിനു തന്നെത്തന്നെ പൂർണ്ണമായി കീഴ്പ്പെടുത്തികൊടുത്തു. അത് സമ്പൂർണ്ണമായ ആത്മസമർപ്പണത്തിന്റെ പ്രഖ്യാപനത്തിന് വഴിയൊരുക്കി. 'ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ.' സഖര്യ പുരോഹിതന്റെ പ്രതികരണം ഇതിൽനിന്ന് എത്ര വിഭിന്നമായിരിക്കുന്നു! വിദ്യാസമ്പന്നനും ന്യായപ്രമാണ പടുവുമായ സഖറിയാ പതറിപ്പോകുന്നിടത്ത് പാവപ്പെട്ട ബാലിക വിജയശ്രീലാളിതയാകുന്നു! ഒന്നാം ഹവ്വായ്ക്ക് 'വഴിതെററലുണ്ടായെ'ങ്കിൽ, രണ്ടാം ഹവ്വായാകുന്ന മറിയാം, തന്റെ വിനയവും അനുസരണനിർഭരമായ കീഴടക്കവും വഴി ദൈവനിയോഗത്തിന്റെ സമ്പൂർണ്ണപാത്രമായിത്തീർന്നു. അങ്ങനെ ആത്മസമർപ്പണം നടത്തികഴിഞ്ഞപ്പോഴും ആ

വിളക്കു കത്തിച്ചു പറയിൻകീഴിൽ വയ്ക്കാതെ തണ്ടിന്മേൽ വയ്ക്കുവാൻ യേശുനാഥൻ അരുളിചെയ്തു. നമ്മെ സ്നേഹത്തിന്റെ കൊച്ചുകൊച്ചു കൈവിളക്കുകൾ ആക്കിത്തീർക്കാൻ യേശുനാഥനോടു ഹൃദയപൂർവം പ്രാർത്ഥിക്കാം.

സവർണ്ണമേധാവിത്വം കൊടികുത്തി വാണിരുന്ന കാലത്ത് സ്നേഹത്തിന്റെ കെട്ടടങ്ങാത്ത തിരിനാളവും ആയി ഹരിജനങ്ങളുടെ കുടിലുകൾതോറും കയറി ഇറങ്ങിയ മൂക്കഞ്ചേരിലെ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ജീവിതകഥ നമ്മെ ഇന്നും ആവേശം കൊള്ളിക്കുന്നു. ആ പുണ്യപുരുഷന്റെ ഹൃദയത്തിൽ ദൈവസ്നേഹം കത്തിജ്വലിച്ചുനിന്നിരുന്നു. പ്രകാശം ഹൃദയത്തിലുള്ളവർക്കേ മററുള്ളവർക്കു പ്രകാശം പകർന്നുകൊടുക്കാനാവുകയുള്ളു.

മദ്യാസക്തി, മയക്കുമരുന്നാശ്രിതത്വം എന്നീ മഹാ പാപങ്ങൾ നമ്മുടെ പുണ്യഭൂമിയിൽ ഇരുൾ പരത്തിയിരിക്കുന്നു. മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ നേതൃത്വത്തിലുള്ള 'മദ്യവർജ്ജന ധാർമ്മികോന്നമനസമിതി' മദ്യത്തിനും മയക്കുമരുന്നിനും എതിരെ പോരാടുന്നു. നാമും തിരുമേനിയുടെ പിന്നിൽ ഉരുക്കുകോട്ടപോലെ ഉറച്ചുനിൽക്കണം. ഈ മഹാവിപത്തിനെതിരെ പോരാടണം. ക്രിസ്തീയ സ്നേഹം ഹൃദയത്തിൽ ജ്വലിച്ചെങ്കിൽ മാത്രമേ നമുക്ക് അതിന് ശക്തി ലഭിക്കയുള്ളു. അതിനുള്ള കൃപ ലഭിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.

പാപത്തിന്റെ ഇരുൾ നിറഞ്ഞ ലോകത്തിൽ ക്രിസ്തീയപ്രകാശം ചൊരിയുമെന്ന് നമുക്ക് പ്രതിജ്ഞചെയ്യാം. - പുതുവത്സരപ്രതിജ്ഞകളിൽ ഒന്ന് അതായിരിക്കട്ടെ.

എല്ലാ നന്മകളും പ്രാർത്ഥിച്ചുകൊണ്ട്,
സ്വന്തം കുഞ്ഞിച്ചായൻ

—o—

വ്യക്തി പരിശുദ്ധാത്മാവിനാൽ നിറയുന്നത്ണ് ഈ രംഗം.

യഥാർത്ഥ വിശ്വാസത്തിൻെറ മതജീവിതത്തിൻെറയും പൊരുൾ വി. മറിയാം വെളിപ്പെടുത്തിത്തരുന്നു. ദൈവയിഷ്ടത്തിന് പൂർണ്ണമായ മനസോടെ കീഴടങ്ങുന്നവരിലൂടെയാണ് ദൈവം പ്രവർത്തിക്കാൻ തിരുമനസാകുന്നത് എന്ന മഹാസത്യമാണ് ഇവിടെ ചുരളഴിയുന്നത്.

ഏലിശുബായുടെ അടുക്കലേക്കുള്ള മറിയാമിൻെറ യാത്രയുടെ ഞായർ (ഡിസംബർ 1)

സുവിശേഷപാഠം: വി. ലൂക്കോസ് 1:39–56

(താരതമ്യപഠനം: ഉല്പ. 25:22; 30:13; സങ്കീ. 10:4)

മംഗളസന്ദേശം ഏററുവാങ്ങിയ മറിയം തിടുക്കത്തിൽ തൻെറ ചാർച്ചക്കാരിയായ ഏലിശുബായുടെ ഭവനത്തിലെത്തി. ഏലിശുബായോടും കുടുംബത്തോടും ദൈവം കരുണ കാട്ടിയത് നേരിട്ടറിയാനായിരുന്നു അത്. മാലാഖയുടെ വചനം പ്രകാരം യോഹന്നാൻ 'അമ്മയുടെ ഗർഭത്തിൽവച്ചു തന്നെ പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞു' (ലൂക്കോ. 1:15). യോഹന്നാൻ തൻെറ ജനനത്തിനുമുമ്പുതന്നെ ദീർഘദർശിയും യേശുക്രിസ്തുവിൽ സാക്ഷിയുമായിത്തീർന്നു, 'എൻെറ കർത്താവിൻെറ മാതാവ്' എന്നാണ് ഏലിശുബാ മറിയാമിനെ സംബോധന ചെയ്യുന്നത് (ലൂക്കോ. 1:43). ഗർഭസ്ഥശിശുവായ യോഹന്നാൻ ദൈവീകശക്തിയോട് സംവേദനം കാട്ടുന്നത് ഏറെ ശ്രദ്ധേയമാണ്. തന്നത്താൻ വിശ്വസിച്ച് ഏററുപറയുന്നതിന് പ്രായമാകുന്നതിനുമുമ്പും ശിശുവിന് ദൈവത്തിൻെറ കരുണ ലഭ്യമാണെന്നാണല്ലോ അതിൻെറയർത്ഥം.

ഇവിടെ ഈ രണ്ടു മാതാക്കളും ദൈവത്താൽ വിളിക്കപ്പെട്ടവരാണ്. അവർ 'തുറമുഖത്തേക്കു സഞ്ചരിച്ച കപ്പലു'കളാണ്. ദിവ്യാനുഭവം പങ്കുവയ്ക്കുന്നതിനുള്ള അവരുടെ സമാഗമനം അവിസ്മരണീയമായിരിക്കുന്നു. ഇത്തരം കൂടിവരവുകൾ ആത്മീകജീവിതത്തിന് ഏറെ പ്രയോജനകരമാണ്. ദിവ്യാനുഭവം പങ്കിടാൻ ഒത്തുചേരുക ആശയംതന്നെ ഇന്ന് ഏറെക്കുറെ നമുക്ക് അന്യമല്ലേ? അർഹിക്കുന്ന ആളിനെ അകമഴിഞ്ഞു പുകഴ്ത്തുന്ന ഏലിശുബായുടെ ദൃഷ്ടാന്തം എത്ര അനുകരണീയം! പ്രായത്തിൽ ഏറിയവളെങ്കിലും ഏലിശുബാ മറിയാമിൻെറ മുമ്പിൽ എത്ര വിനയപ്പെടുന്നു! സർവ്വശക്തൻെറ വചനങ്ങൾ ചോദ്യം ചെയ്യാതെ വിശ്വസിക്കുന്നതാണ് ഭാഗ്യാവസ്ഥ എന്ന് ഈ സംഭവം നമ്മെ ധരിപ്പിക്കുന്നു. അങ്ങനെയുള്ളവർ ദൈവത്തിൻെറ വാഗ്ദാനങ്ങളുടെ നിവൃത്തി നേടും. അതുതന്നെയാണ് 'വിശ്വാസി'യുടെ ലക്ഷണവും.

മറിയാമിൻെറ പാട്ട് (ലൂക്കോ. 1:46–55) ഹന്നായുടെ സ്തുതിഗാനത്തോട് അനുരൂപമായിരിക്കുന്നു (1 ശമു. 2:1–10). ദൈവത്തിൻെറ വചനങ്ങളെ ആഘോഷിച്ചും തന്നെ സ്തുതിച്ചും കൊണ്ടാണ് മറിയാമിൻെറ 'ദേഹി കർത്താവിനെ പുകഴ്ത്തുന്നത്. ദൈവം 'പാവ'ങ്ങൾക്കുവേണ്ടി എന്തു ചെയ്യുന്നു; തൻെറ ജനത്തെ പീഢിപ്പിക്കുന്നവരെ എങ്ങനെ നേരിടുന്നു; തൻെറ സഭയ്ക്കുവേണ്ടി എന്തെല്ലാം ചെയ്യുന്നു എന്നിവയെല്ലാം മറിയാമിൻെറ ഗാനത്തിലെ പ്രമേയങ്ങളാണ്. ദൈവത്തിൻെറ വലിയ മഹത്വം കണ്ട് ഗ്രഹിക്കുന്നവനാണ് അനുഗ്രഹീതൻ. തൻെറ നീതിയെ ശരണപ്പെടുന്നവൻ ദൈവത്തിൽനിന്നും നന്മ പ്രാപി

ക്കും; അവൻ തൻെറ വാഗ്ദാനം നിറവേററുന്നവനാണ്.

നാമാരും ഒഴിഞ്ഞ തുരുത്തുകളോ, ദ്വീപുകളോ അല്ല. നമ്മുടെ ജീവനും വിഭവശേഷിയും അന്യർക്കുവേണ്ടി ചിലവഴിക്കപ്പെടേണ്ടതാണ്; എങ്കിലേ പരിശുദ്ധാത്മാവ് നമ്മിൽ വന്നു വസിക്കൂ! ദൈവത്തെ ഏതു സാഹചര്യത്തിലും വിശ്വസിക്കാം; അവൻ വാക്കു മാറാത്തവനാണ്. ഇങ്ങനെ എന്തെല്ലാം സന്ദേശങ്ങളാണ് മറിയാമിൻെറയും ഏലിശുബായുടെയും സമാഗമരംഗം നമുക്കു നൽകുന്നത്! മാതാവിൻെറ പ്രാർത്ഥനയും പരിരക്ഷയും ഏതു സാഹചര്യത്തിലും നമുക്കു വേണ്ടിയിരിക്കുന്നു. അമ്മയുടെ പ്രാർത്ഥനയും സാന്നിദ്ധ്യവും നമുക്ക് തുണയായിരിക്കട്ടെ!

യോഹന്നാൻ മംദാനായുടെ ജനനത്തിൻെറ ഞായർ (ഡിസംബർ 8)

സുവിശേഷപാഠം: വി. ലൂക്കോ. 1:57–80

(താരതമ്യപഠനം: അപ്പോ. പ്ര. 3:21; സഖറിയ 3:8; 6:12; മലാഖി 11:2; യശ. 9:2; 4217; 60:1)

ഏകദേശം മൂന്നു മാസം ഏലിശുബായെ ശുശ്രൂഷിച്ചശേഷം വി. മറിയാം മടങ്ങിപ്പോയി. ദൈവനിയോഗം പ്രാപിച്ചവരുടെ സഹവാസം ഏറെ പ്രയോജനകരമാണ്. സജ്ജനസഹവാസം നമ്മിൽ അഭികാമ്യമായ പെരുമാററങ്ങൾ വളർത്താൻ പോരുന്നതാണല്ലോ. ഗർഭസ്ഥശിശുക്കളായിരിക്കുമ്പോൾതന്നെ യേശുക്രിസ്തുവും യോഹന്നാൻ സ്നാപകനും സഹവസിച്ചിരുന്നു!

യോഹന്നാൻെറ ജനനം മാതാപിതാക്കൾക്കും ബന്ധുക്കൾക്കും അയൽക്കാർക്കുമെല്ലാം സന്തോഷകാരണമായി. ദൈവത്തിൻെറ കാരുണ്യമാണ് അതിൽ അവർ ദർശിച്ചത്. പരിഛേദനാവേളയിൽ കുട്ടിയുടെ പേര് യോഹന്നാൻ എന്നായിരിക്കണമെന്ന് ഏലിശുബാ പറയുന്നത് ആത്മപ്രേരിതയായിട്ടാണ്. സഖര്യാവ് കേട്ട ഊമനും ബധിരനുമാണെന്നാണ് 'ആംഗ്യം കാട്ടി' ചോദിച്ചതിൽനിന്നും മനസിലാകുന്നത്. ന്യായപ്രമാണപ്രകാരം കടിഞ്ഞൂൽ പുരുഷപ്രജയെ കർത്താവിൽ സമർപ്പിക്കുന്ന വേളയിൽ സഖറിയായുടെ വായും നാവും തുറന്നു. കുട്ടിയുടെ പേര് പറഞ്ഞശേഷം അദ്ദേഹം ആദ്യമായി ഉച്ചരിക്കുന്ന വാക്യം ശ്രദ്ധേയമാണ്. 'യിസ്രായേലിൻെറ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു'. 'ആദ്യവചനങ്ങൾ' ദൈവസ്തുതി ആയിരുന്നാൽ പിന്നാലെ വരുന്നവയും വികലമാകില്ല. ഉണർന്നെഴുന്നേററ് ആദ്യമായി പറയുന്ന വാക്കുകൾ മുതൽ 'ആദ്യവചനങ്ങളുടെ പട്ടിക ആരംഭിക്കുന്നു'. സഖര്യാവിൻെറ ദീർഘദർശനഗാനം മറിയാമിൻെറ പാട്ട്; വി. പത്രോസിൻെറ പ്രസംഗം (അപ്പോ. പ്ര. 3:21) എന്നിവയെ അനുസ്മരിക്കുന്നതാണ്. തൻെറ ജനത്തെ ഉദ്ധരിക്കുന്നതിനായി ദാവീദുഗൃഹത്തിൽ രക്ഷയുടെ കൊമ്പ് ഉയർന്നിരിക്കുന്നു എന്ന് അദ്ദേഹം ദീർഘദർശനം ചെയ്യുന്നു. ദൈവത്തിൻെറ വാഗ്ദാനങ്ങൾ; സത്യ ആരാധന; ശത്രുക്കളിൽനിന്നുള്ള സംരക്ഷണം എന്നിവയെല്ലാം പരാമർശിക്കുന്നുണ്ട്. ദൈവം തൻെറ ജനത്തെ ഉദ്ധരിച്ച് ഇരുളിൽനിന്നു വെളിച്ചത്തിലേക്കും വഴിതെററിൽനിന്ന് സത്യ ആരാധനയിലേക്കും നയിക്കുന്നു. സൂര്യോദയത്തിനു മുമ്പുള്ള ഉദയനക്ഷത്രമാണ് യോഹന്നാൻ.

'പൈതൽ വളർന്നു; ആത്മാവിൽ ബലപ്പെട്ടു'–വളർന്നുവരുന്ന നമ്മുടെ കുഞ്ഞുങ്ങളെപ്പററി ഇങ്ങനെ പറയാൻ കഴിയുമോ? ദൈവനിയമം വിശുദ്ധമാണ്. അതിനെ വിശ്വസിച്ച് ദൈവകരുണയെ ശരണപ്പെടുന്നവർ എവിടെയായാലും അവർക്കുവേണ്ടി 'രക്ഷയുടെ കൊമ്പ്' ഉയരുകതന്നെ ചെയ്യും. ആ സൂര്യോദയം നമ്മിലുണ്ടാകട്ടെ. സഖര്യാവിൻെറ ഏലിശുബായുടെയും ആത്മീക ആനന്ദം അതുല്യമാണ്.

യൗസേപ്പിനുണ്ടായ വെളിപാടിൻെറ ഞായർ (ഡിസംബർ 15)

സുവിശേഷപാഠം: വി. മത്താ. 1:18–25

(താരതമ്യപഠനം; വി. ലൂക്കോ. 2:1–7; യെശ. 7:14)

ഇയ്യോബിനെപ്പോലെ 'അവസാനത്തോളം സഹിച്ചുനിന്ന' ഒരു മഹാത്മാവിൻെറ തിളക്കമാർന്ന ജീവിതകഥയാണിത്. നീതിമാൻ എന്ന നാമത്തിന് സർവ്വഥാ അർഹനാണ് യൗസേഫ്. ക്ഷമയുടെ അങ്ങേ അററത്തെത്തി, 'ഇനി ഒരു മാർഗ്ഗവുമില്ല' എന്ന നിലയിലെത്തുമ്പോഴക്കും പ്രത്യക്ഷമായി ദൈവം ഇടപെടുന്ന സന്ദർഭങ്ങളിലൊന്നുമാണിത്.

വിവാഹനിശ്ചയം കഴിഞ്ഞവർ വിവാഹം വരെ കൂടിവരിക പതിവായിരുന്നില്ല. എന്നാൽ വിവാഹത്തിനു മുമ്പുതന്നെ മറിയാം ഗർഭിണിയായതായി യൗസേഫ് മനസിലാക്കി. എന്നാൽ അത് 'പരിശുദ്ധാത്മാവിനാൽ' സംഭവിച്ചതാണെന്ന് സുവിശേഷൻ പ്രത്യേകം അനുസ്മരിപ്പിക്കുന്നു. യാഥാർത്ഥ്യം ഗ്രഹിക്കാത്ത യൗസേഫ് വിഷമസന്ധിയിലുമായി. മറിയാമിൻെറ ഗർഭധാരണത്തെപ്പററിയുണ്ടാകാമായിരുന്ന അപവാദങ്ങൾക്ക് ശാശ്വതമായ അറുതി വരുത്തുന്നതാണ് യൗസേഫിനുണ്ടായ ദൈവീക വെളിപാടും അതിനിടയാക്കിയ അദ്ദേഹത്തിൻെറ വിഷമസന്ധിയും.

രണ്ട് സംഗതികൾക്ക് ഈ സംഭവം ഊന്നൽ നൽകുന്നു. ഒന്ന്, യേശു 'ദാവീദിൻെറ പുത്രനാണ്'. ഇസ്രായേലിൻെറ രാജാവാണ് യേശു; യിസ്രായേലിൻെറ മാത്രമല്ല, സർവ്വരുടെയും. രണ്ടാമത്, തൻെറ പേരാണ്–യേശു. അവൻ തൻെറ ജനത്തെ അവരുടെ തിന്മകളിൽനിന്നു വിടുവിക്കുന്നവനാണ്. ഈ രണ്ടു സംഗതികൾ ദൈവരാജ്യപ്രഘോഷണത്തിലെ രണ്ടു നാഴികക്കല്ലുകളാണ്. ഇതിനെപ്പററി ദീർഘദർശിമാർക്കും, യിസ്രായേലി

ന്റെ വീണ്ടെടുപ്പിനായി കാത്തിരുന്ന നീതിമാന്മാരും സംസാരിച്ചിരുന്നു.

വ്യക്തിപരവും തീക്ഷ്ണവുമായ വിഷമസന്ധികളെ നേരിടേണ്ടതെങ്ങനെയെന്ന് ഈ സംഭവം സൂചന നൽകുന്നുണ്ട്. ഏതു സാഹചര്യത്തിലും അന്യരെ ദ്രോഹിച്ചായാലും വ്യക്തിപരമായി നേട്ടമുണ്ടാക്കാൻ തന്ത്രങ്ങൾ മെനയുന്ന മനുഷ്യരുടെ കഥകൾക്കിടയിൽ, നീതിമാനായ യൗസേഫിന്റെ സംയമനം തിളക്കമേറെയുള്ള ഒരപവാദമാണ്. ദൈവനിയോഗം പ്രാപിച്ച യൗസേഫ്, മറിയാമിനെ ശുശ്രൂഷിക്കുന്നതിലും ചേർത്തുകൊള്ളുന്നതിലും എത്ര വിനയാന്വിതനായിത്തീർന്നിരിക്കണം! മറുവശത്ത്, തനിക്കു ലഭിച്ച ദിവ്യസന്ദേശം ഹൃദയത്തിൽ സംഗ്രഹിച്ച്, ദൈവകരങ്ങളിൽ സ്വയം അർപ്പിച്ച് കാത്തിരിക്കുന്ന മറിയാമിന്റെ സ്വഭാവം എത്ര ശ്രേഷ്ഠം! 'Advertisement' ഇന്നൊരു കലയും ശാസ്ത്രവുമൊക്കെയാണ്; അതുവഴി ഇല്ലാത്തതെല്ലാം ഉള്ളതാണെന്നു തോന്നിച്ചേക്കാം. മറിയാമിനും യൗസേഫിനും ആത്മസമർപ്പണമല്ലാതെ, പൊള്ളയായ 'പരസ്യം' തീരെ വിലയുള്ളതല്ല!

ജനനപ്പെരുനാളിനു മുമ്പുള്ള ഞായർ (ഡിസംബർ 22)

സുവിശേഷപാഠം:

വി. ലൂക്കോസ് 3:23–38

(താരതമ്യപഠനം: വി. മത്താ. 1:1–17)

ദൈവം തന്റെ ദാസന്മാരായ, നമ്മുടെ പിതാക്കന്മാരോട് ഉടമ്പടി ചെയ്തവനും അബ്രഹാമിനോടും അവന്റെ സന്തതിയോടും എന്നേക്കും തന്റെ കരുണയെ ഓർക്കുന്നവനും (ലൂക്കോ. 1:54). നമ്മുടെ പിതാവായ അബ്രഹാമിനോടു ചെയ്ത സത്യവും തന്റെ വിശുദ്ധ നിയമവും ഓർക്കുന്നവനുമാകുന്നു (ലൂക്കോ. 1:73). അതിനാൽ 'ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ' എന്ന് തന്നെ വിളിച്ചപേക്ഷിക്കുന്നതിൽ നാം അഭിമാനിക്കുന്നു (ഉല്പ. 28:13). കർത്താവിന്റെ തിരുഅവതാരത്തെ ആഘോഷിക്കുന്നതിന് ഉപവാസത്തോടും പ്രാർത്ഥനയോടും ഒരുങ്ങുന്ന വി. സഭ, തലമുറകളിലൂടെ ദൈവം തന്റെ കരുണ ചൊരിയുന്നതിനെ നന്ദിയോടെ അനുസ്മരിക്കുന്നു.

വി. ലൂക്കോസ്, ക്രിസ്തു ദാവീദിന്റെ സന്തതിയാണെന്നു വരച്ചുകാട്ടുന്നു. കൂടാതെ മനുഷ്യവർഗ്ഗത്തിന്റെ പൊതു പിതാവിലേക്ക് ആ വംശാവലിയുടെ ചങ്ങല ചെന്നെത്തുന്നു. ക്രിസ്തുവിന്റെ മാനുഷികമായ വംശാവലിയും നിത്യനായ ദൈവപുത്രൻ എന്ന മഹിമയും അനാവരണം ചെയ്യുന്നത് വി. ലൂക്കോസിന്റെ പ്രത്യേകതയാണ്. വി. മത്തായി അവതരിപ്പിക്കുന്ന വംശാവലിയാകട്ടെ അബ്രഹാം വരെ മാത്രമേ പരാമർശിക്കുന്നുള്ളൂ. ''ഭൂമിയിലെ സകല വംശങ്ങളും അവനിൽ അനുഗ്രഹിക്കപ്പെട്ട'' (ഉല്പ. 12:3) അബ്രഹാമിന്റെ സന്തതിയും ദാവീദിന്റെ സിംഹാസനത്തിന് അവകാശിയുമാണ് ക്രിസ്തു എന്ന് ഉറപ്പിച്ചു പ്രസ്താവിക്കുകയാണ് വി. മത്തായി ചെയ്തിരിക്കുന്നത്.

വംശാവലിയുടെ തുടക്കത്തിൽ നൽകപ്പെട്ട 'സ്ത്രീയുടെ സന്തതി' എന്ന വാഗ്ദാനം (ഉല്പ. 3:15–16). ക്രിസ്തു നിറവേറിയെന്നത് വി. ലൂക്കോസിന്റെ വംശാവലി വെളിപ്പെടുത്തുന്നു. ആദാമിന്റെ പുത്രനും ദൈവപുത്രനുമായ അത്ഭുതമാണ് താൻ. പിതാവിനും മനുഷ്യർക്കും മധ്യേ മദ്ധ്യസ്ഥനായി നിന്നുകൊണ്ട് തന്നിലൂടെ ആദാമിന്റെ മക്കളെ ദൈവമക്കളായി പുന:സ്ഥാപിക്കുന്നു!

കർത്താവിന്റെ ജനനപ്പെരുനാൾ (ഡിസംബർ 25)

സുവിശേഷപാഠം: വി. മത്തായി 2:1–12

(താരതമ്യപഠനം: വി. ലൂക്കോ. 2:1–14;
വി. യോഹ. 1:1–18; എബ്രാ. 1:1–12)

നൂറ്റാണ്ടുകളായി സൃഷ്ടിയെല്ലാം ശുഭപ്രതീക്ഷയോടെ ആർക്കായി കാത്തിരുന്നുവോ ആ ഉയരത്തിൽ നിന്നുള്ള ഉദയവും ജനതകളുടെ പ്രകാശവുമായ രക്ഷകൻ ഇന്ന് ജാതനായി, മനുഷ്യകരങ്ങളാൽ വഹിക്കപ്പെട്ടു. ദൈവവും മനുഷ്യനുമാകയാൽ താൻ അത്ഭുതമാണ്, ഈ മർമ്മം ജ്ഞാനികൾക്കു ഗ്രഹിക്കാവുന്നതിനതീതമാണ്. എളിമയും വിശ്വാസത്താലുള്ള ആർദ്രതയും സ്വന്തമായുള്ള ഹൃദയങ്ങൾ ഈ സത്യം ഗ്രഹിച്ച് അതിനു മുമ്പിൽ നമ്രശിരസ്കരാകുന്നു!

രക്ഷകൻ ലോകത്തിലേക്കു വന്നു; ലോകം തന്നെ അറിഞ്ഞില്ല. അജപാലകരാണ് ആദ്യംതന്നെ ശ്രദ്ധിച്ചത്. കിഴക്കുനിന്നും വിജ്ഞാനികളെത്തുന്നതുവരെ ആരും യേശുവിന്റെ ജനനം കാര്യമായി ഗണിച്ചില്ല. വിജ്ഞാനികളുടെ വരവ് അധികാരസ്ഥാനങ്ങളെ പരിഭ്രാന്തരാക്കിയതിൽ അത്ഭുതപ്പെടാനില്ല. 'Magi' എന്നറിയപ്പെടുന്ന മ്ഹൂശേന്മാർ (വിദ്വാന്മാർ) പേർഷ്യാദേശത്തെ തത്വശാസ്ത്രികളുടെയും പുരോഹിതന്മാരുടെയും ഗണത്തിൽപ്പെട്ടവരായിരുന്നുവെന്ന് പാരമ്പര്യം പറയുന്നു. ആ ഗണത്തിൽ നിന്നാണ് പേർഷ്യൻ രാജാക്കന്മാർ എഴുന്നേറ്റിട്ടുള്ളത്. അക്ഷരാർത്ഥത്തിൽ 'ദൈവത്തെ അന്വേഷിക്കുന്ന വിജ്ഞാനികളാ'ണവർ (സങ്കീ. 53:2). അടുത്തുള്ളവർ ദിവ്യരക്ഷകന്റെ ജനനത്തെ ബഹുമാനിക്കാനെത്താത്ത രംഗത്ത് ദൂരെനിന്നും തന്നെ ആദരിക്കാൻ ''ജാതികളുടെ ശ്രേഷ്ഠന്മാ''രെത്തി. എഫ്രാത്ത് എന്നുകൂടി പേരുണ്ടായിരുന്ന 'യൂദായുടെ ബേത്ലഹേമിൽ' ജനിച്ച ശിശുവിനെ കണ്ടെത്തി വന്ദിച്ചു. ഈ ബേത്ലഹേമിനെ 'സെബുലൂന്റെ ബേത്ലഹേ'മിൽനിന്ന് വേർതിരിച്ചറിയേണ്ടതാണ് (ഉല്പ. 48:7; മീഖാ. 5:2; യോശുവാ. 19:15).

a) ലോകരക്ഷകന്റെ ദരിദ്രജനനവും ദരിദ്രന്മാരായ അജപാലകന്മർക്കു ലഭിച്ച സന്ദേശവും ദരിദ്രരുടെയും അവഗണിക്കപ്പെട്ടവരുടെയും ലോകത്തിന് പ്രത്യാശയുടെ സുവിശേഷം നൽകുന്നു.

b) 'ദൈവം നമ്മോടുകൂടെ' എന്നതിന്റെ ശരിയായ അർത്ഥം മനസിലാക്കുന്നവരുടെ ജീവിതം രൂപാന്തരപ്പെടും. ദൈവം എപ്പോഴും നമ്മോടൊപ്പമുണ്ടെന്നു തിരിച്ചറിയുന്നയാളിന്റെ പ്രതികരണങ്ങൾ എങ്ങനെയായിരിക്കും?

c) ക്രിസ്തു യിസ്രായേലിന്റെ ഇടയനാണ്. തന്റെ ഭക്ഷണം നൽകി അവയെ മേയിച്ചു ഭരിക്കുന്നവൻ അവനാണ്. ആ പാലനത്തിന് നാം കീഴടങ്ങുന്നുവോ?

d) പ്രകാശങ്ങളുടെ പെരുനാൾ നിഷ്പ്രയോജനകരമായ ആർഭാടങ്ങളുടെയും ചാപല്യങ്ങളുടെയും, നിഷിദ്ധങ്ങളായ സന്തോഷങ്ങളുടെയും നിലയിലേക്ക് അധ:പതിക്കാതിരിക്കട്ടെ!

ദൈവമാതാവിന്റെ പുകഴ്ച (ഡിസംബർ 26)

സുവിശേഷപാഠം:

വി. ലൂക്കോസ് 8:16–21

കത്തുന്ന ദീപങ്ങളാകാൻ വിളിക്കപ്പെട്ടവർ പ്രകാശം പരത്തണം. അവരുടെ വെളിച്ചം മനുഷ്യരുടെ മുമ്പിൽ പ്രകാശിക്കണം. അവർ നല്ലവരായിരിക്കമാത്രമല്ല; നല്ലതു പ്രവർത്തിക്കുകയും വേണം. നമുക്കു ലഭിക്കുന്ന താലന്തുകൾ നാം ഉപയോഗപ്പെടുത്തുന്ന രീതി അനുസരിച്ച് അതു തുടർന്നും നമ്മോടൊപ്പമിരിക്കുകയോ നമ്മിൽ നിന്നും എടുക്കപ്പെടുകയോ ചെയ്യും. താലന്തുകൾ ദൈവമഹത്വത്തിനും സഹോദരങ്ങളുടെ ഉത്ക്കർഷത്തിനും വിനിയോഗിക്കപ്പെടേണ്ടതാണ്. അങ്ങനെ ചെയ്യുന്നവരാണ് 'ഉള്ളവർ'.

ദൈവമുമ്പാകെ വിശ്വസ്തരായവർക്ക് ലഭിക്കുന്ന അനുഗ്രഹം എത്ര വലുത്! ദൈവത്തിന്റെ പ്രവർത്തികൾ ചെയ്യുന്നവർ കർത്താവിന്റെ സഹോദരനും സഹോദരിയും അമ്മയുമാണെന്ന് അവിടുന്ന് പരസ്യമായി പ്രഖ്യാപിക്കുന്നു. ഇക്കാര്യംകൊണ്ടു കൂടെയാണല്ലോ ദൈവമാതാവിനെ നാം പുകഴ്ത്തുന്നത്.

ശിശുവധപ്പെരുനാൾ

സുവിശേഷപാഠം: വി. മത്തായി 2:7–18

കർത്താവിനുവേണ്ടി ബുദ്ധിമുട്ടും, പട്ടിണിയും, അവഗണനയും പീഢകളും കയ്യേൽക്കാൻ സന്ദർഭം ലഭിക്കുന്നത് വലിയൊരു ഭാഗ്യമായിക്കരുതണം. ബേത്ലഹേമിലും അതിന്റെ എല്ലാ അതിരുകളിലുമുള്ള രണ്ടുവയസിനു താഴെയുള്ള ആൺകുട്ടികൾ ശിശുവായ യേശുവിന്റെ ശത്രുവിനാൽ വധിക്കപ്പെട്ടു. ഹേറോദേസിന്റെ ഭീരുത്വം നിറഞ്ഞ ഭീകരപ്രവർത്തി എത്ര നീചമാണ്! തന്റെ സിംഹാസനമുറപ്പിക്കാൻ നരഹത്യ നടത്തുന്ന ഘാതകനാണയാൾ! ശിശുവായ യേശുവിനെയുംകൊണ്ട് യൗസേഫും മറിയാമും സ്വന്തദേശം വിട്ട് മിസ്രയീമിലേക്ക് ഓടിപ്പോകുന്നത് ദൈവപുത്രൻ സ്വീകരിച്ച വിനയത്തിന്റെയും താഴ്മയുടെയും നിദർശനമാണ്. മിസ്രയീം 'അടിമവീടാ'ണ്. സ്വർഗ്ഗീയ കനാനിലേക്ക് നമ്മെ തിരികെ കയറ്റുന്നതിനാണ് താൻ മിസ്രയീമിലേക്ക് പ്രാണരക്ഷാർത്ഥം കൊണ്ടുപോകപ്പെടുന്നത്. വീണ്ടും മിസ്രയീമിൽനിന്നും കനാനിലേക്കു വരുന്നത് നമുക്ക് ലഭിക്കാനിരിക്കുന്ന സൗഭാഗ്യങ്ങളുടെ തുടക്കമാണ്. ''മകനെ മിസ്രയീമിൽനിന്നും വിളിച്ചു'' (ഹോശ. 11:1) എന്നത് ഇവിടെ അർത്ഥവത്താകുന്നു. റാമയിലെ വിലാപം (യിര. 31:15) മനുഷ്യരുടെ പാപം വരുത്തുന്ന നാശത്തിന്റെ പ്രതീകവുമാണ്.

യൽദോയ്ക്കുശേഷം ഒന്നാം ഞായർ (ഡിസംബർ 29)

സുവിശേഷപാഠം:

വി. മത്തായി 2:9–15; 19:23

ശിശുവായ യേശുവിനെയുംകൊണ്ട് 'തിരുക്കുടുംബം' പലായനം ചെയ്യേണ്ടിവരുന്നു! പൈതൽ നിരന്തരമായി അപകടഭീഷണിയിലാണ്. രക്ഷാമാർഗ്ഗം യൗസേഫിന് വെളിപ്പെടുന്നത് പടിപടിയായിട്ടാണ്. ദൈവത്തിന്റെ മാർഗ്ഗങ്ങൾ ദുർഗ്രഹങ്ങളും അഗാധവുമാണല്ലോ. തന്റെ ഭക്തന്മാരുടെ ജീവനും മരണവും ദൈവത്തിന് വിലയേറിയതാണ്. മനുഷ്യനെ വീണ്ടെടുക്കാൻ വന്നവൻ മനുഷ്യനിൽ നിന്നുള്ള ഉപദ്രവം ഭയന്ന് ഓടേണ്ടിവരുന്നത് മനുഷ്യനിലെ അധമഭാവം എത്ര വലുതായിരിക്കുന്നു എന്ന സത്യം വെളിപ്പെടുത്തുന്നില്ലേ?

നസ്രേത്തിന്റെ പേരുദോഷം യേശു മൂലം നീക്കപ്പെട്ടു. അതിൽനിന്നും യാതൊരു നന്മയും പ്രതീക്ഷിക്കേണ്ട എന്ന് നസ്രേത്തിനെപ്പറ്റി പഴമൊഴി തന്നെ ഉണ്ടായിരുന്നു. 'നസറായൻ' എന്നു വിളിക്കപ്പെടുന്നവൻ വളരെ ഹീനനായ മനുഷ്യനായിരുന്നു. യാതൊരു നല്ല കാര്യവും ചെയ്യാതെ, യാതൊരു ആദരവും അർഹിക്കാത്തവനെ വിളിച്ചി

രുന്നത് ഈ ആക്ഷേപകരമായ നാമം ഉപയോഗിച്ചാണ്. ലോകരക്ഷകൻ നിസാരനാക്കപ്പെടുന്നതിനും ആക്ഷേപിക്കപ്പെടുന്നതിനും, തന്നത്താൻ ഏല്പിക്കപ്പെടുന്നു. 'ലോകാരംഭം മുതൽ കുരലാക്കപ്പെട്ട കുഞ്ഞാട്' 'കർത്താവിനെപ്രതി നിത്യവും കൊല്ലപ്പെടുന്ന സഹോദരന്മാർ' എന്നീ വർണ്ണനകളുടെ അർത്ഥം ഇവിടെ വെളിവാക്കപ്പെടുന്നു. ലോകം അവർക്കു മുമ്പെ കർത്താവിനെ ദ്വേഷിച്ചു കഴിഞ്ഞു (സങ്കീ. 22:6–7).

നമുക്കുവേണ്ടി നിന്ദയും ആക്ഷേപങ്ങളും മരണവും സഹിച്ച്, നമ്മുടെ കടംവീട്ടി, അവയിൽ നിന്നും നമ്മെ രക്ഷിച്ച കർത്താവിനെ വന്ദിക്കാം. തന്നോടുള്ള നന്ദിയും കടപ്പാടും പ്രകടിപ്പിക്കുന്നത് എങ്ങനെ?

പുതുവത്സരദിനം–

കർത്താവിന്റെ ചേലാകർമ്മം–
പ. ബസേലിയോസ്, ഗ്രീഗോറിയോസ് പിതാക്കന്മാരുടെ ഓർമ്മ

സുവിശേഷപാഠം: വി. ലൂക്കോ. 2:21
വി. യോഹ. 15:5–19

നവവത്സരദിനം മറ്റേതുദിവസവുംപോലെ അങ്ങനെയങ്ങു കടന്നുപോകേണ്ടതല്ല. മറ്റേറെ വീണ്ടുവിചാരത്തിനും, പുന:സമർപ്പണത്തിനും, ദൃഢമായ തീരുമാനങ്ങൾക്കുമുള്ള അവസരമാണത്.

രക്ഷയ്ക്കുനിദാനമായി രണ്ട് സംഗതികൾ ചെയ്യേണ്ടതുണ്ട്: 1) വിശ്വാസത്താലും സ്നേഹത്താലും യേശുവിനോട് ചേർന്നിരുന്നുകൊണ്ട് തന്നിലും തനിക്കായിട്ടും ജീവിക്കുക. 2) നന്മ ചെയ്യാനുള്ള ശക്തി നിരന്തരം തന്നിൽനിന്നും പ്രാപിക്കുക. വൃക്ഷശാഖയ്ക്ക് വൃക്ഷത്തിൽ നിന്നും വേർപെട്ട് അസ്തിത്വമില്ല എന്ന ജീവിതപ്രമാണം നമുക്ക് ഒന്നുകൂടി വായിച്ച് മനനം ചെയ്യാം. കർത്താവിനെകൂടാതെ നമുക്ക് നന്മയായ യാതൊന്നും നിർവ്വഹിക്കാനാവില്ല. തായ്ത്തടിയിൽ ഉറച്ചുനില്ക്കുന്ന ശിഖരത്തിൽ സ്ഥിതിയിൽനിന്നും ഞാൻ അകന്നുപോയോ എന്ന് ഓരോരുത്തരും വിലയിരുത്തണം. തന്നിൽ വസിക്കാത്തവൻ ഉണക്കച്ചുള്ളി പോലെ നീക്കപ്പെടും. തന്നിൽ വസിക്കാത്ത കൊമ്പ് 'മുറിച്ചുകളയേണ്ട' ആവശ്യം തന്നെയില്ല; അത് വൃക്ഷത്തിൽനിന്നും അകന്നുകഴിഞ്ഞല്ലോ. ക്രിസ്തുവിനെ അനുയായികൾ എന്ന വേഷം ധരിച്ച് ബാഹ്യമായി അങ്ങനെ കാണപ്പെടുകയും എന്നാൽ ക്രിസ്തുവിനു നിരക്കാത്ത പ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നവർ തന്നിൽ വസിക്കാത്ത കൊമ്പുകളാണ്.

മനുഷ്യരെയും എല്ലാ ജീവജാലങ്ങളെയും സൃഷ്ടി മുഴുവനെയും സ്നേഹിക്കുന്നവനാണ് ദൈവം. അവിടുന്ന് എല്ലാററിന്റെയും പിതാവാണ്. ആ സ്നേഹം നമുക്ക് നൽകിയിട്ട് 'പരസ്പരം സ്നേഹിക്കണം' എന്ന് അവിടുന്ന് ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ നാം എവിടെ നില്ക്കുന്നു? വി. യോഹന്നാൻ ശ്ലീഹാ പടുവൃദ്ധനായി അവശനായപ്പോഴും സ്വശിഷ്യന്മാരോട് പറഞ്ഞുകൊണ്ടിരുന്നു. 'കുഞ്ഞുങ്ങളേ, പരസ്പരം സ്നേഹിപ്പിൻ'.

ദൈവം തന്റെ വാത്സല്യ മക്കളായി നമ്മെ തെരഞ്ഞെടുത്തതല്ല. (ഇഷ്ടമുള്ള 'റാബിമാ'രെ തെരഞ്ഞെടുക്കുന്ന രീതി യഹൂദന്മാർക്കുണ്ടായിരുന്നു). കർത്താവ് നൽകുന്ന ഒരു മുന്നറിയിപ്പ് ശ്രദ്ധേയമാണ്. നമ്മുടെ വിശ്വാസവും വിശുദ്ധിയും വർദ്ധിക്കുന്നതനുസരിച്ച് ലോകം നമ്മെ പകച്ചേക്കാം.

ഈ ചിന്തകളുടെ വെളിച്ചത്തിൽ നവവത്സരത്തിലേക്ക് പദമൂന്നാം. ദിനംതോറും നാം ദൈവത്തിൽ വസിച്ച് ഫലം കായിക്കുന്നവരായിത്തീരാൻ യേശു നമ്മോടൊപ്പമുണ്ടായിരിക്കട്ടെ!

യൽദോയ്ക്കുശേഷം രണ്ടാം ഞായർ
(ജനുവരി 5)

സുവിശേഷപാഠം: വി. ലൂക്കോസ്
2:40–52

വി. ലൂക്കോ. 2:40, 32 എന്നീ വാക്യങ്ങൾ കുഞ്ഞുങ്ങൾ വളരേണ്ടതും വളർത്തേണ്ടതുമായ



രീതിയെപ്പററി അസന്നിഗ്ദ്ധമായ ദർശനം ഉൾക്കൊള്ളുന്നവയാണ്. പൈതങ്ങളുടെ വളർച്ച, നിറവ്, ബലപ്പെടൽ ഇവയൊക്കെ ഏതിലെല്ലാമായിരിക്കണമെന്ന് അവ വ്യക്തമാക്കുന്നു.

വർഷത്തിൽ മൂന്നു പ്രാവശ്യം പെരുനാൾ കൂടാൻ പുരുഷന്മാരെല്ലാം യരുശലേം ദേവാലയത്തിൽ എത്തണം എന്നത് ന്യായപ്രമാണ നിബന്ധനയായിരുന്നു (പുറ. 23:17; 34:23). പന്ത്രണ്ടു വയസായ ആൺകുട്ടികൾ യഹോവയുടെ മുമ്പാകെ സന്നിഹിതരാകണം എന്ന നിഷ്കർഷയുണ്ടായിരുന്നു. യഹൂദ പാരമ്പര്യപ്രകാരം കുട്ടികൾ ഒരു തൊഴിലിന് പരിശീലനം നേടിത്തുടങ്ങേണ്ടത് പന്ത്രണ്ടു വയസാകുമ്പോഴായിരുന്നു. പെരുനാളിന് യരുശലേമിൽ പോകുമ്പോഴും പെരുനാൾ കഴിഞ്ഞു മടങ്ങുമ്പോഴും പുരുഷന്മാരും സ്ത്രീകളും പ്രത്യേകം പ്രത്യേകം സംഘങ്ങളായാണ് യാത്രചെയ്തിരുന്നത്. അക്കാരണത്താൽ ഏതെങ്കിലും ഒരു സംഘത്തോടൊപ്പം യേശുവുമുണ്ടെന്ന് മാതാവും യൗസേഫും ചിന്തിച്ചിരിക്കാം. ദേവാലയത്തിൽ കണ്ടെത്തുമ്പോൾ യേശു ഉപദേഷ്ടാക്കന്മാരോടൊപ്പം അവരുടെ ഉപദേശം കേട്ടും അവരോട് ചോദിച്ചും അവിടെയിരിക്കുന്നതുകണ്ട്, ചോദ്യം ചോദിക്കുന്നയാൾക്ക് ഗുരുവിന്റെ സ്ഥാനമാണ്. യേശുവിന്റെ ജ്ഞാനം അവരെ അത്ഭുതപ്പെടുത്തിയിരിക്കണം.

ഈ സംഭവം ഏതാനും ചോദ്യങ്ങൾ നമുക്കു നേരെ ഉയർത്തിവിടുന്നു. ദേവാലയത്തിലെ തിരുനാളുകൾക്കും ആരാധനകൾക്കും കുടുംബാംഗങ്ങൾ ഒന്നാകെ പങ്കെടുക്കുക നമുക്കും പതിവാണോ? നമ്മുടെ ജീവിതയാത്രയിൽ യേശു എപ്പോഴും നമ്മോടൊപ്പമുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതല്ലേ? 'എന്റെ പിതാവിന്റെ ഭവനം' എന്ന ചിന്ത സഭയെയും ദേവാലയത്തെയും പററി നമുക്കുണ്ടോ?

ദനഹാ (ജനുവരി 6)

സുവിശേഷപാഠം വി. ലൂക്കോ. 3: 7–22;
വി. മത്താ. 13: 1–17.

സ്നാപകയോഹന്നാന്റെ പ്രസംഗത്താൽ പാപബോധം വന്നവർ ആരാഞ്ഞു. 'ഞങ്ങൾ എന്തു ചെയ്യണം'? ഇങ്ങനെയൊരു പരിണാമമുണ്ടാകുന്നതുവരെ ആരും സത്യഅനുതാപികളാവില്ല. 'ന്യായവിധി'യെപ്പററി അവർക്കു ബോദ്ധ്യമുണ്ടായി. ഇന്നത്തെ തലമുറയിൽ അധികം കാണുന്ന കാര്യങ്ങളാണ് പാപബോധവും, ന്യായവിധിയെക്കുറിച്ചുള്ള വിചാരവും. യോഹന്നാൻ നൽകുന്ന ഉപദേശങ്ങൾ അടിസ്ഥാനപരമാണ്.

പരസ്പരമുള്ള കടമകൾ മറക്കാതിരിക്കുക.
(ദരിദ്രനെ പോററുക)

അവനവന്റെ ചുമതലകൾ ശരിയായി നിർവ്വഹിക്കുക (ഉദാ. നികുതി പിരിവുകാർ)

അന്യരെ ഉപദ്രവിക്കാതിരിക്കുക
(ഉദാ. സൈനികർ)

ആസന്നമായ ദൈവരാജ്യത്തെപ്പററിയാണ് യോഹന്നാന്റെ പ്രസംഗം. ദാനിയേലിന്റെ ദർശനത്തിൽ ഇതിന്റെ സൂചനയുണ്ട് (ദാനി. 7:13, 14). ദൈവത്തിന്റെ കരുണയും സത്യവും വെളിപ്പെടുന്നതിനാൽ ദൈവത്തെക്കുറിച്ച് ശരിയായ അറിവു ലഭിക്കുന്നവർ സത്യ ആരാധനയ്ക്ക് പ്രാപ്തരാകുന്നു. ദൈവരാജ്യത്തിൽ രാജാവും പ്രജകളും, പ്രജകളുടെ പുലർച്ചയ്ക്ക് ആവശ്യമായ ചട്ടങ്ങളുമുണ്ടാകും ഏതു രാജ്യവുംപോലെ: ക്രിസ്തു പ്രഖ്യാപിച്ച കരുണയുടെ സാമ്രാജ്യം ദൈവത്തിന്റെ മഹത്വ സാമ്രാജ്യത്തോട് സമാനമായിരിക്കുന്നു. അതുകൊണ്ടാണ് 'നിന്റെ രാജ്യം വരണമേ' എന്നു പ്രാർത്ഥിക്കുന്നതും. ദൈവരാജ്യം നീതിയും സമാധാനവും പരിശുദ്ധത്മാവിൽ ആനന്ദവുമാണെന്ന് വി. പൗലൂസ് പഠിപ്പിക്കുന്നു (റോമ. 14: 17). സ്വർഗസാമ്രാജ്യത്തിന്റെ സവിശേഷതകളാണവ.

സർവ്വ നീതിയും നിവർത്തിക്കാൻ വന്ന ദൈവപുത്രൻ യോഹന്നാനാൽ സ്നാനമേൽക്കുന്നു. മയോഹന്നാന്റെ ശുശ്രൂഷയ്ക്കു തൻ വഴങ്ങി. മാത്രമല്ല നിത്യമഹാപുരോഹിതനായ ക്രിസ്തുവിനെ ന്യായപ്രമാണാനുസൃതമായി യോഹന്നാൻ അഭിഷേകം ചെയ്യുകയുമാണ്. തന്റെ പരസ്യശുശ്രൂഷയ്ക്കായി ന്യായപ്രാമണമെല്ലാം അവനിൽ പൂർത്തിയാകുന്നു എന്നു പുത്രനിൽ പിതാവ് സംപ്രീതനായിരിക്കുന്നു എന്ന പിതാവിന്റെ പ്രഖ്യാപനവുമുണ്ടായി.

ദനഹാ (ഉദയം, വെളിപ്പാട്) പ. ത്രിത്വത്തിന്റെ വെളിപ്പാടുണ്ടായി, മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾക്കു വിഷയീഭവിച്ച വലിയ ദിവസമാണ്. പിതാവ് കേൾക്കപ്പെട്ടു; പുത്രൻ സ്പർശിക്കപ്പെട്ടു; വി. റൂഹാ കാണപ്പെട്ടു. 'ഇവൻ എന്റെ പ്രിയപുത്രൻ' എന്നത് മാമ്മൂദീസാ ഏൽക്കുന്ന ഓരോ ആളിനെക്കുറിച്ച് പിതാവാം ദൈവം നൽകുന്ന സാക്ഷ്യമാണ്. ആ കടപ്പാടിന്റെ ചിന്ത നന്നിൽ ഉണരുന്നുവോ? പിതാവിന്റെ ആഹ്ളാദകരമായ അവകാശവാദമാണിത്. നമ്മുടെ പ്രതികരണമിതാകട്ടെ 'ഞാൻ ദൈവത്തിന്റെ വകയാണ്!' ന്യായപ്രമാണത്തിൽ തലകുനിക്കുന്ന ദൈവപുത്ര

ദാനിയേൽ മാർ പീലക്സീനോസ് തിരുമനസ്സിലെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ

ഓർമ്മ ഡിസംബർ 13



Fr. TITUS GEORGE
Fr. RAJU M. DANIEL & FAMILY

ൻെറ വിനയം എത്ര ശ്രേഷ്ഠം! വലിയവർക്കു സാധാരണ നിയമാതീതരായി കഴിയാൻ താല്പര്യമുള്ള ഈ ലോകത്ത് ഈ മാതൃക അത്യന്തം ശ്രദ്ധേയമാണ്.

യോഹന്നാൻ സ്നാപകൻെറ ശിരച്ഛേദം

സുവിശേഷപാഠം: വി. മത്താ. 14:1–12

യോഹന്നാൻ സ്നാപകനെ തടവിലാക്കിയപ്പോഴും, കൊലയ്ക്കു കൊടുക്കുമ്പോഴും ഹേരോദാവിൻെറ മനസ്സ് നീറുകയായിരുന്നു–കുററബോധത്താൽ. യോഹന്നാൻെറ വാക്കുകൾ കൊളുത്തിയ അഗ്നി ഹേരോദാവിൻെറ മനസിൽ കത്തിക്കൊണ്ടിരുന്നു. കുററബോധം മനുഷ്യമനസിനെ വേട്ടയാടുന്നത് എത്ര ഭയാനകം!

യോഹന്നാൻ ഒരു അഗ്നിസ്ഫുലിംഗമായിരുന്നു. തൻെറ വാക്കുകൾ മനുഷ്യഹൃദയങ്ങളെ ഇളക്കിമറിക്കാൻ പോരുന്നവയായിരുന്നു. തെററ് എവിടെ കണ്ടാലും മുഖം നോക്കാതെ അത് ചൂണ്ടിക്കാണിക്കാൻ ധൈര്യം കാട്ടിയ ധർമ്മധീരൻ! യുവജനങ്ങൾക്ക് സ്നാപകയോഹന്നാൻ എന്നും ഒരു വെല്ലുവിളിയാണ്. പക്ഷെ ആ ദൗത്യം പേറാൻ വെമ്പുന്നവർക്ക് യോഹന്നാൻെറ ധർമ്മനിഷ്ഠയും അച്ചടക്കവും, സ്വയത്യാഗവും വൈരാഗ്യവും (തീഷ്ണത) കൂടിയേ തീരൂ!

ആ ധീരൻെറ മുമ്പിൽ ഹേരോദ്യയും പാപത്തിൽ പരിശീലനം നേടുന്ന അവളുടെ മകളും ഹേരോദാവ് തന്നെയും കാററിൽ ആടുന്ന ഞാങ്ങണകളാണ്.

മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മ (ജനുവരി 8)

സുവിശേഷപാഠം: വി. മത്തായി 23:34–39

കുഞ്ഞുസഹദേന്മാർ കഴിഞ്ഞാൽ സഭയിലെ കടിഞ്ഞൂൽ രക്തസാക്ഷിയാണ് സ്തേഫാനോസ്. യുവത്വത്തിൽതന്നെ കർത്താവിനെപ്രതി 'തൻെറ കഴുത്തിലെ രക്തത്താൽ മാമൂദീസാ' യേററ വലിയ പരിശുദ്ധൻ. ആരാണ് ഒരു രക്തസാക്ഷി? തൻെറ ഹിതം പരിപൂർണ്ണമായി ദൈവഹിതത്തിന് വിധേയപ്പെടുത്തിക്കൊടുത്തയാൾ. അത് ജീവിതചര്യയാക്കിയവർ കർത്താവിനുവേണ്ടി 'ദിനംപ്രതി വധിക്കപ്പെടുന്നു'. ലാഭനഷ്ടങ്ങൾ നോക്കാതെ കർത്താവിനും തൻെറ സഭയ്ക്കും വേണ്ടി വിയർപ്പൊഴുക്കുവാനും, അപകടങ്ങൾ കണ്ട് ഒഴിഞ്ഞുമാറാതിരിക്കാനും ധൈര്യം കാട്ടുന്ന നിഷ്കളങ്കന്മാർക്കുവേണ്ടി ദൈവം നോക്കിപ്പാർക്കുന്നു.

കൊല്ലപ്പെട്ട 'ബ്രെക്യായുടെ പുത്രനായ സ്കറിയാ' (2 ദിന. 24:20) ദൈവകല്പന മറന്ന ജനത്തെ ശാസിച്ചതിനാണ് അദ്ദേഹത്തെ ദേവാലയത്തിൽവച്ച് വധിച്ചതെന്ന് ഒരു പാരമ്പര്യമുണ്ട്. തൻെറ സഹദേന്മാരുടെ രക്തം കണ്ടുകൊണ്ട്

ദൈവം പാപികളായ നമ്മോടു നിരപ്പാകുന്നു എന്ന സത്യം മറക്കാതിരിക്കാം!

ദനഹായ്ക്കുശേഷം ഒന്നാം ഞായർ (ജനുവരി 12)

സുവിശേഷപാഠം: വി. മത്താ. 4:12–22

പുരാതന ദീർഘദർശിമാരുടെയും, 'യോഹന്നാൻ മാംദാനായുടെയും നമ്മുടെ കർത്താവിൻെറയും പ്രസംഗം മനുഷ്യരെ മാനസാന്തരത്തിലേക്ക് വിളിക്കുന്നതായിരുന്നു. ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന് അവർ വിളിച്ചുപറഞ്ഞു. താനാണ് ആ രാജ്യത്തിൻെറ രാജാവ്. തന്നാൽ ഭരിക്കപ്പെടുന്ന ആത്മാക്കളെ ക്രിസ്തു രക്ഷിക്കുന്നു. തൻെറ ഇംഗിതത്തിനു വഴങ്ങുന്ന ആത്മാവിന് യേശു വിലയേറിയവനാണ്; ജീവൻെറ ജീവനാണ്. ദൈവരാജ്യത്തിൽ ദൈവത്തെക്കുറിച്ചുള്ള ശരിയായ പരിജ്ഞാനവും, അതുവഴി സത്യ ആരാധനയുമുണ്ട്. 'സമീപിച്ചിരിക്കുന്നു' എന്നത് സുവിശേഷം വെളിവാക്കുന്ന സന്ദേശം പൂർണ്ണമായി അനാവരണം ചെയ്യപ്പെടാൻ പോകുന്നു എന്ന അറിയിപ്പാണ്.

പാപത്തിലും ദൈവത്തെക്കുറിച്ചുള്ള അറിവില്ലാതെയും ഇരുട്ടിൽ തപ്പിത്തടയുന്നവർക്കാണ് ക്രിസ്തു എന്ന പ്രകാശം ഉദിച്ചത്. 'ദൈവമേ നീ എന്നിൽ ഉദയം ചെയ്യണമേ' എന്ന പ്രാർത്ഥന ഇവിടെ അർത്ഥവത്താകുന്നു. ഈ ഉദയത്തെപ്പററി ഏശായാ ദീർഘദർശനം ചെയ്തിട്ടുണ്ട് (ഏശായാ. 9:2)

ദൈവരാജ്യത്തിൻെറ വിളിയോട് ആദ്യ ശിഷ്യന്മാർ പ്രതികരിക്കുന്ന രീതി ശ്രദ്ധേയമാണ്. അവർ അതിനായി കാത്തിരുന്നതുപോലെ! ജഡരക്തങ്ങളോട് ആലോചിക്കാതെ സർവ്വവും ഉപേക്ഷിച്ച് അവർ ദൈവരാജ്യത്തിലെ രാജാവിനെ അനുഗമിക്കുന്നു. അവരാണ് സഭയുടെ തൂണുകളും ഗോപുരങ്ങളും! ★

ചികിൽസാ സഹായം

വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് സ്മാരകനിധിയിൽനിന്ന് ചികിൽസയ്ക്കായി സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ആളുകൾക്ക് നൽകിവരുന്ന ചികിൽസാ സഹായത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു അപേക്ഷാഫാറത്തിന് സെക്രട്ടറി, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് സ്മാരകനിധി, ഓർത്തഡോക്സ് സെമിനാരി, പി. ബി. 98, കോട്ടയം–686001 എന്ന വിലാസത്തിൽ എഴുതുക. പൂരിപ്പിച്ച അപേക്ഷാഫാറങ്ങൾ ജനുവരി 30–നകം ലഭിച്ചിരിക്കേണ്ടതാണ്.

സ്ഥാനം മോഹിക്കാത്ത പരിശുദ്ധ പിതാവ്

വള്ളിക്കാട്ടു ദയറായിൽ കബറടങ്ങിയ പ. ഗീവർഗീസ് പ്രഥമൻ ബാവാ കടവിൽ മാർ അത്താനാസ്യോസ് തിരുമേനിയുടെ ഒരു ബന്ധുവിന് എഴുതിയ ഒരു സ്വകാര്യ കത്തിൽനിന്നാണ് ഈ വിവരം മനസ്സിലാകുന്നത്. കത്ത് ചുവടെ ചേർക്കുന്നു.

മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയമുള്ള കടവിൽ കുഞ്ഞവരാച്ചനു വാഴ്‌വ്.

പ്രിയനെ, നമ്മുടെ സ്ഥാനാഭിഷേകത്തെക്കുറിച്ച്[1] കേട്ടിരിക്കുമല്ലോ. ഇതിനെ സംബന്ധിച്ച് മുൻകൂട്ടി എഴുതി അയയ്ക്കാഞ്ഞതിന്റെ കാരണത്തെക്കുറിച്ചു പറയുന്നതായിരുന്നാൽ കമ്മട്ടി നിശ്ചയവും മററും ഉണ്ടായിരുന്നു എങ്കിലും എനിക്ക് അശേഷവും സമ്മതമില്ലായിരുന്നു. തലേദിവസം മാത്രമേ പൂർണ്ണമായി സമ്മതിച്ച് വാക്കു കൊടുത്തുള്ളു. അപ്പോൾ എഴുത്തയച്ചാലും സംഗതി കഴിഞ്ഞതിന്റെ ശേഷമേ അറികയുള്ളു എന്നുവച്ച് എഴുതി അയയ്ക്കാഞ്ഞതാണ്. പലതരത്തിൽ ഒഴികഴിവുകൾ പറഞ്ഞു എങ്കിലും അതു സമ്മതിക്കാഞ്ഞതിനാൽ ദൈവഇഷ്ടം ഇങ്ങനെ ഭവിക്കണമെന്നായിരിക്കും എന്നു വച്ച് അതിലേക്കു വഴിപ്പെട്ടു. നമ്മുടെ തിരുമനസിലേക്കും[1] ഈ ആഗ്രഹമുണ്ടായിരുന്നു. കൊച്ചു മെത്രാച്ചന്റെ[3] കാലശേഷം വല്യ മെത്രാച്ചന്റെ[4] പേർക്ക് ഈ കാര്യത്തെക്കുറിച്ച് എഴുതി അയയ്ക്കുകയും മററും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അവിടുത്തേക്കും ഈ ആഗ്രഹമുണ്ടായിരുന്നു എന്നു സ്പഷ്ടമാണ്. അവിടുത്തെ പ്രാർത്ഥനയാൽ ഇപ്പോൾ അതു നിവൃത്തിയുമായി. ദൈവത്തിനു സ്തുതി. പക്ഷേ ഈ കാലം സുറിയാനിസഭയുടെ ഗുണവും മണവും പോയിരിക്കുന്ന കാലമാകകൊണ്ട് തക്ക യോഗ്യന്മാരെ നിയമിക്കേണ്ടതായിരുന്നു. അല്ലാതെ ഇങ്ങിനെയുള്ള ബലഹീനന്മാരെ നിയമിച്ചതിനെക്കുറിച്ച് ദു:ഖവും വ്യസനവും ഉണ്ട്. ദൈവം തന്നെ സകലവും നടത്തിച്ചുതരട്ടെ. ബലഹീനന്മാരെ ശക്തിപ്പെടുത്തുന്ന ദൈവം നമ്മുടെ ബലഹീനതയെ താങ്ങി ശക്തിപ്പെടുത്തുകയും തന്റെ തിരുവിഷ്ടം പോലെയുള്ള ഒരു ജീവിതം കഴിക്കയും ചെയ്‌വാൻ തിരുവിളമുണ്ടാകുന്നതിനു വേണ്ടി എപ്പോഴും പ്രാർത്ഥിക്കണമേ. നമ്മുടെ തത്തേപ്പള്ളിയിലെ ഇട്ടിച്ചനോടും പുത്തൻവീട്ടിലെ ഇട്ടിച്ചനോടും മററും ഈ വിവരങ്ങൾ പറയണമെന്ന് ഓർമ്മപ്പെടുത്തുന്നു.

ദൈവം കുടുംബസഹിതം അനുഗ്രഹിച്ചു കാത്തുകൊള്ളുമാറാകട്ടെ.

എന്ന് 1913 കുംഭം 4–നു വാകത്താനത്തു പള്ളിയിൽനിന്നും. (ഒപ്പ്)

(സമ്പാദകൻ—ജോയ്സ് തോട്ടയ്ക്കാട്)

---

1. മെത്രാൻ സ്ഥാനാഭിഷേകം (1913 മകരം 26)
2. കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനി
3. പരുമല തിരുമേനി
4. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ



വാർത്തകളും കുറിപ്പുകളും

ഏകദിനസമ്മേളനം

കേളകം ഡിസ്ട്രിക്ടിലെ സണ്ടേസ്കൂൾ അദ്ധ്യാപകരുടെ ഏകദിനസമ്മേളനം ചെട്ടിയാമ്പറമ്പ് സെന്റ് മേരീസ് പള്ളിയിൽ നവംബർ 5–ന് 10 മണിക്ക് ഫാ. ഉമ്മൻ ജോർജിന്റെ അദ്ധ്യക്ഷതയിലും വികാരി ഫാ. വർഗീസ് മറ്റേത്തിന്റെ സാന്നിദ്ധ്യത്തിലും നടന്നു.

ബൈബിൾ ക്ലാസ്, നിരൂപണ ക്ലാസ്, സംഗീതം, ക്വിസ് ചോദ്യങ്ങൾ എന്നീ വിവിധ പരിപാടികൾ ഉണ്ടായിരുന്നു. യോഗം 3.30 ന് അവസാനിച്ചു. ഏബ്രഹാം മാസ്റ്റർ സ്വാഗതവും, ഡി. ഇൻസ്പെക്ടർ മാത്തൻ മാസ്റ്റർ കൃതജ്ഞതയും പറഞ്ഞു.

ഈ വർഷത്തെ ഭദ്രാസന സണ്ടേസ്കൂൾ സഹപാഠ്യമൽസരത്തിൽ എവർ റോളിംഗ് ട്രോഫി നിലനിർത്തിയ കേളകം ഡിസ്ട്രിക്ടിലെ സണ്ടേസ്കൂൾ അദ്ധ്യാപകരെ യോഗം അനുമോദിച്ചു.

സ്കോളർഷിപ്പ്

അമേരിക്കൻ ഭദ്രാസന സണ്ടേസ്കൂൾ അസോസിയേഷൻ കേരളത്തിലും ബ്രഹ്മവാറിലുമുള്ള 16 കോളജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും, ഇടുക്കി മെഡിക്കൽ മിഷ്യന് സഹായവും നൽകുന്നു.

ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ വെരി. റവ. തോമസ് പി. മുണ്ടുകുഴി കോർ എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ കൂടിയ സണ്ടേസ്കൂൾ ബോർഡിന്റെ ശുപാർശപ്രകാരം അമേരിക്കൻ ഭദ്രാസനത്തിലെ എല്ലാ സണ്ടേസ്കൂളുകളിലും ‘Care for Share’ എന്ന പേരിൽ ഫണ്ട് ശേഖരിച്ച് അർഹരായ 16 കോളജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും (പരസ്യം അന്യത്ര), ഇടുക്കി മെഡിക്കൽ മിഷ്യന് സഹായവും നൽകുവാനുള്ള സംരംഭം ആരംഭിച്ചിരിക്കുന്നു.

പള്ളി കൂദാശചെയ്തു

ഒറീസായുടെ തലസ്ഥാനമായ ഭുവനേശ്വരിൽ പണികഴിപ്പിച്ച സെ. ജോർജ് പള്ളിയുടെ കൂദാശ ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. 35 അംഗങ്ങൾ മാത്രമുള്ള ഈ ഇടവകപ്പള്ളി പൂർത്തിയാക്കുന്നതിനുവേണ്ടി സഹകരിച്ച എല്ലാവരോടും ഉള്ള നന്ദിയും കടപ്പാടും വികാരി ഫാ. ഗീവർഗീസ് അറിയിച്ചു.

മേഖലാ സമ്മേളനം

ജാതി മത വർഗ്ഗീയ ചിന്തകൾ വെടിഞ്ഞ് മനുഷ്യരെ ഒന്നായി കാണാനും സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കാനും ഇടുക്കി ഭദ്രാസനാധിപൻ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത യുവജനങ്ങളെ ആഹ്വാനം ചെയ്തു. അച്ചടക്കം പാലിക്കുകയും ഔദാര്യഭാവം വളർത്തുകയും വേണമെന്ന് മെത്രാപ്പോലീത്ത ഉദ്ബോധിപ്പിച്ചു.

കോഴഞ്ചേരി വഞ്ചിത്ര മാർ ബസ്ഹാനനിയ പള്ളിയിൽ ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനം മേഖലാസമ്മേളനം ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാവിലെ പള്ളിയിൽ മെത്രാപ്പോലീത്താ വി. കുർബാന അർപ്പിച്ചു. ‘ഐക്യത്തിന്റെ ആത്മാവേ, ഞങ്ങളെ അനുരഞ്ജിപ്പിക്കണമെ’ എന്ന വിഷയത്തെപ്പററി പ്രൊഫ. ഡോ. കെ. എം. തരകൻ ക്ലാസ്സെടുത്തു.

ഉച്ചകഴിഞ്ഞു ചേർന്ന സമാപനയോഗത്തിൽ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. മാർ ബർന്നബാസ് മെത്രാപ്പോലീത്താ, പ്രൊഫ. ഇ. ജേക്കബ് ജോൺ, ഐസക്ക് തോമസ് തുടങ്ങിയവരും പ്രസംഗിച്ചു. വികാരി ഫാദർ കെ. പി. ഗീവറുഗീസ് സ്വാഗതവും മേഖലാ സെക്രട്ടറി കെ. സി. സഖറിയ നന്ദിയും പറഞ്ഞു.

ചാപ്പൽ കൂദാശ

ഹരിപ്പാട് സെ. തോമസ് ബാലഭവനോടനുബന്ധിച്ച് പണികഴിപ്പിച്ചിട്ടുള്ള ചാപ്പലിന്റെയും ഹാളിന്റെയും കൂദാശ പ. ബാവാതിരുമനസുകൊണ്ട് ഒക്ടോബർ 27, 28 തീയതികളിൽ നിർവ്വഹിച്ചു. 28–ാം തീയതി കൂദാശയെതുടർന്ന് പ. ബാവാ വി. കുർബാന അർപ്പിക്കുകയും ഹാളിന്റെ ഉത്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. കൂദാശയ്ക്ക് തുടർന്നു പൊതുസമ്മേളനം നടന്നു. കൂദാശയ്ക്ക് എത്തിയ പ. ബാവായ്ക്കും അഭിനവതിരുമേനിമാർക്കും ഹരിപ്പാട് ഗവ. ആസ്പത്രി കവല മുതൽ മിഷൻ സെൻറർ വരെ വർണ്ണശബളമായ സ്വീകരണം നൽകി.

തിരുത്ത്

‘കുരിശ് വന്ദ്യമോ നിന്ദ്യമോ—ഒരു പഠനം’ എന്ന പ. ബാവാ തിരുമനസിലെ ലേഖനത്തിൽ (1991 ഒക്ടോബർ ലക്കം 7–ാം പേജിൽ) ‘ജീവനേക്കാൾ വിശ്വാസം വലുതായി കണ്ട പുണ്യാത്മാക്കളുടെ രക്തപ്രവാഹത്തിന്റെ മുമ്പിൽ ജൂലിയസ് സീസറിന് തോൽക്കുകയല്ലാതെ നിവൃത്തിയുണ്ടായിരുന്നില്ല’ എന്നത് ‘ജൂലിയനും’ എന്നു തിരുത്തി വായിക്കേണ്ടതാണ്. വന്നുഭവിച്ച അച്ചടിപ്പിശകിൽ നിർവ്യാജം ഖേദിക്കുന്നു.

—പത്രാധിപർ.

ഒന്നാം ഓർമ്മപ്പെരുനാൾ

തുമ്പമൺ ഭദ്രാസനത്തിന്റെ ഭാഗ്യസ്മരണാർഹനായ, കാലംചെയ്ത ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ ഒന്നാം ഓർമ്മപ്പെരുനാൾ അദ്ദേഹം അന്ത്യവിശ്രമംകൊള്ളുന്ന പത്തനംതിട്ട ബേസിൽ അരമന ചാപ്പലിൽ ഡിസംബർ 8 മുതൽ 13 വരെ തീയതികളിൽ പരിശുദ്ധ കാതോലിക്കാബാവാതിരുമനസിലെ പ്രധാന കാർമ്മികത്വത്തിൽ കൊണ്ടാടുന്നതാണ്. പെരുനാളിനോടനുബന്ധിച്ചുള്ള കൺവൻഷൻ യോഗങ്ങളിൽ ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഫാ. കെ. ജെ. ഗബ്രിയേൽ എന്നിവർ പ്രസംഗിക്കും.

മർത്തമറിയം സമാജം

തുമ്പമൺ ഭദ്രാസന മർത്തമറിയം സമാജം, ബാലികാസമാജം എന്നീ സംഘടനകളിലെ സെക്രട്ടറിമാരുടെ ഏകദിനസമ്മേളനം മാക്കാംകുന്ന് സെ. സ്റ്റീഫൻസ് കത്തീഡ്രലിൽ മാത്യൂസ് മാർ ബർന്നബാസ് തിരുമനസ്സിലെ നേതൃത്വത്തിൽ നടത്തി. ഫാ. ജോർജ് വർഗീസ് ക്ലാസെടുത്തു. സമാപനസമ്മേളനത്തിൽ പീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. സി. എ. ജോൺ കോർ–എപ്പിസ്ക്കോപ്പാ, ഭദ്രാസനസെക്രട്ടറി ഫാ. തോമസ് ജോൺസൺ, ഫാ. രാജു ഡാനിയേൽ, സി. ജോർജ്, അന്നമ്മ കോശി എന്നിവർ പ്രസംഗിച്ചു. മറിയം ജോർജ് സ്വാഗതവും മറിയാമ്മ തോമസ് കൃതജ്ഞതയും പറഞ്ഞു.

ബാലികാസമാജം സമ്മേളനം

തുമ്പമൺ ഭദ്രാസന ബാലികാസമാജ ത്രിദിന സമ്മേളനം മർത്തമറിയം മന്ദിരത്തിൽ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ, ഫാ. തോമസ് ജോൺസൺ എന്നിവർ പ്രസംഗിച്ചു. ഫാ. രാജു എം. ഡാനിയേൽ സ്വാഗതവും, മറിയാമ്മ തോമസ് നന്ദിയും പറഞ്ഞു.

മെത്രാപ്പോലീത്തന്മാരായ മാത്യൂസ് മാർ ബർന്നബാസ്, കുറിയാക്കോസ് മാർ ക്ളീമ്മീസ് ക്രിസ്റ്റഫോറസ് റമ്പാൻ, ഫാ. ദാനിയേൽ വറുഗീസ്, ഫാ. പി. ജെ. ജോസഫ്, ജേക്കബ് ജോൺ സൂസി എബ്രഹാം എന്നിവർ ക്ളാസുകൾക്ക് നേതൃത്വം നൽകി. സമാപനസമ്മേളനത്തിൽ ഫാ. രാജു ദാനിയേൽ അദ്ധ്യക്ഷത വഹിച്ചു. സിസ്റ്റർ ഏലിശുബാ, മറിയം ജോർജ്, റ്റി. ജി. ജോർജ് എന്നിവർ പ്രസംഗിച്ചു.

ആടിനെ നൽകി

മൈലപ്രാ സെ. ജോർജ് ഓർത്തഡോക്സ് വലിയപള്ളിയുടെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ചുള്ള ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി മുണ്ടുകോട്ടയ്ക്കൽ സെ. ഗ്രീഗോറിയോസ് യൂത്തുലീഗിന്റെ ആഭിമുഖ്യത്തിലുള്ള സൗജന്യ ആടുവിതരണ പദ്ധതിയുടെ ഉത്ഘാടനം അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. വികാരി ഫാ. ജോൺശങ്കരത്തിൽ, ഫാ. റ്റി. എം. ശമുവേൽ, ഫാ. വർഗീസ് മാത്യു എന്നിവർ പ്രസംഗിച്ചു.

വടക്കേ ഇന്ത്യയിൽ സുവിശേഷയോഗങ്ങൾ

ഡൽഹി ഭദ്രാസനത്തിൽപെട്ട ഗ്വാളിയർ, ആഗ്രാ, ത്ധാൻസി എന്നീ ഓർത്തഡോക്സ് ഇടവകകളിൽ ഒക്ടോബർ 11 മുതൽ 15 വരെ സുവിശേഷയോഗങ്ങൾ നടന്നു. ഷോം സിനിരാജ് മുഹമ്മദ് ആയിരുന്നു പ്രസംഗകൻ. ഫാ. സാം പി. ജോർജ് ഈ ഇടവകകളിൽ വികാരിയായി പ്രവർത്തിക്കുന്നു. ഗ്വാളിയർ, ത്ധാൻസി ഇടവകകളിൽ സി. എൻ. ഐ. പള്ളിയിലും, ആഗ്രയിൽ കത്തോലിക്കാ പള്ളിയിലും ആണ് ഓർത്തഡോക്സ് ആരാധന നടത്തുന്നത്. ഗ്വാളിയറിലും ത്ധാൻസിയിലും സ്വന്തം പള്ളിക്കുവേണ്ടി സ്ഥലം വാങ്ങുകയും ഗ്വാളിയറിൽ പള്ളി പണി പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ജബൽപൂർ ഇടവക

കൽക്കട്ടെ ഭദ്രാസനത്തിൽപെട്ട ജബൽപൂർ സെ. ജോർജ് ഓർത്തഡോക്സ് പള്ളിയിലും, ഖമേരിയ ഇടവകയിലും സുവിശേഷപ്രസംഗം നടത്തപ്പെട്ടു. ഒക്ടോബർ 16–ന് ഖമേരിയായിലും, 17–ന് വി. എഫ്. ജെ. യിലെ സെ. മേരീസ് ചാപ്പലിലും, 18 മുതൽ 20 വരെ റിഡ്ജ് റോഡിലുള്ള സെ. ജോർജ് പള്ളിയിലുമായിരുന്നു യോഗങ്ങൾ. ഷോം സിനിരാജ് മുഹമ്മദ് പ്രസംഗിച്ചു. ഫാ. ശമുവേൽ ജോൺ ആണ് വികാരി. ആയിരത്തിലധികം അംഗങ്ങളുള്ള ജബൽപൂർഇടവകയിൽ എല്ലാ ആദ്ധ്യാത്മികസംഘടനകളും വികാരിയുടെ നേതൃത്വത്തിൽ സുശക്തമായി പ്രവർത്തിച്ചുവരുന്നു.

ഒരു അറിയിപ്പ്

സഭയുടെ വിശ്വാസത്തെ തെററായി ധരിപ്പിക്കുവാനുതകുന്ന ചില ലഘുലേഖകൾ 'Gospel For Kerala' മലങ്കരസഭാവരിക്കാർക്ക് അയച്ചുകൊടുക്കുന്നതായി അറിയുന്നു. ഇനിമേലാൽ ഇവരുടെ പരസ്യങ്ങൾ മലങ്കരസഭയിൽ പ്രസിദ്ധീകരിക്കുന്നതല്ല. നല്ല ഉദ്ദേശത്തോടെകൊടുത്ത പരസ്യം ദുരുദ്ദേശത്തോടെ ഉപയോഗിക്കപ്പെട്ടതിൽ ഖേദിക്കുന്നു. മലങ്കരസഭാവരിക്കാർ ദയവായി തെററിദ്ധരിക്കപ്പെടരുതെന്ന് താൽപര്യപ്പെടുന്നു.

—പത്രാധിപർ.

പ. ബാവായ്ക്ക് ബോംബെയിൽ സ്വീകരണം

സഭയുടെ പരമാദ്ധ്യക്ഷ്യനായ പ. കതോലിക്കാബാവായ്ക്കും അഭിനവ തിരുമേനിമാർക്കും ബോംബെ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഗംഭീര സ്വീകരണം നൽകി. നവംബർ 17–ാം തീയതി ഞായറാഴ്ച പരേൽ റയിൽവേ മൈതാനിയിൽ നടന്ന സ്വീകരണസമ്മേളനം മഹാരാഷ്ട്ര ഗവർണർ ശ്രീ. സി. സുബ്രഹ്മണ്യം ഉൽഘാടനം ചെയ്തു. കേന്ദ്രമന്ത്രി ശ്രീ. എം. എം. ജേക്കബ്, കർദ്ദിനാൾ സൈമൺ പിമന്റേ, ഡോ. പീലിപ്പോസ് മാർ തെയോഫിലോസ്, ഗീവർഗീസ് മാർ കൂറിലോസ്, മാർ പോൾ ചിററിലപ്പിള്ളി, ബിഷപ്പ് എസ്. ബി. ജോലാ, മന്ത്രി ഉമ്മൻചാണ്ടി എന്നിവർ പ്രസംഗിച്ചു.

വിവിധ ജാതിമത സംസ്കാരങ്ങളുടെ വിളനിലമായ ഭാരതം ലോകരാഷ്ട്രങ്ങൾക്ക് മാതൃക കാട്ടണമെന്ന് മഹാരാഷ്ട്രാ ഗവർണ്ണർ ഉൽഘാടനപ്രസംഗത്തിൽ പറഞ്ഞു. ജീവിതത്തിൽ സങ്കീർണ്ണമായ പ്രശ്നങ്ങളെ നേരിടേണ്ടിവരുമ്പോഴൊക്കെ പ. ബാവായെ താൻ ചെന്നുകണ്ട് അനുഗ്രഹം വാങ്ങാറുള്ള വിവരം കേന്ദ്രമന്ത്രി എം. എം. ജേക്കബ് അനുസ്മരിച്ചു. ക്രിസ്തുവിന്റെ ജീവിതം മാതൃകയായി സ്വീകരിച്ചുകൊണ്ട് ജനസേവനം നടത്താൻ പ. ബാവാ തന്റെ മറുപടി പ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു.

തൃശൂർ: പ. കാതോലിക്കാബാവായ്ക്കും അഭിനവ തിരുമേനിമാർക്കും തൃശൂരിൽ ഉജ്ജ്വല സ്വീകരണം നൽകി. മണ്ണുത്തി ബൈവാസ് ജംഗ്ഷനിൽ നിന്ന് അനേകം വാഹനങ്ങളുടെ അകമ്പടിയോടെ എത്തിയ പ. ബാവായെയും തിരുമേനിമാരെയും പ്രത്യേക രഥത്തിലാണ് പടിഞ്ഞാറേ കോട്ടയിലേക്ക് സ്വീകരിച്ചാനയിച്ചത്. തുടർന്നു നടന്ന പൊതുസമ്മേളനം മന്ത്രി ശ്രീ. പി. പി. ജോർജ് ഉൽഘാടനം ചെയ്തു. ക്രിസ്തീയ വിശ്വാസവും, ആത്മീയഭാവവും, സാംസ്കാരിക പൈതൃകവും ഒത്തിണങ്ങിയ വ്യക്തിത്വമാണ് പ. ബാവായുടേതെന്ന് അദ്ദേഹം പറഞ്ഞു. നിലയ്ക്കൽ പ്രശ്നത്തിന്റെ പേരിൽ സമുദായ സൗഹാർദ്ദം അപകടത്തിലായപ്പോൾ സമാധാനം പുനഃസ്ഥാപിക്കാൻ വലിയ നേതൃത്വമാണ് പ. ബാവാ നൽകിയതെന്ന് മാർ അപ്രേം മെത്രാപ്പോലീത്താ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. മതേതരത്വത്തിന് എതിരെ വെല്ലുവിളികൾ ഉയരുന്ന സമയത്ത് പ. ബാവായുടെ സംഭാവനകൾക്ക് പ്രത്യേക പ്രസക്തിയുണ്ടെന്ന് മന്ത്രി ശ്രീ. കെ. പി. വിശ്വനാഥൻ പറഞ്ഞു. സ്വാമി മൃഡാനന്ദ, ഫാ. ആൻഡ്രൂസ് താഴാട്ട്, ജില്ലാ കൗൺസിൽ പ്രസിഡണ്ട് വി. വി. രാമൻ, തേറമ്പിൽ രാമകൃഷ്ണൻ എം. എൽ. എ., ജിജി തോംസൺ ഐ. എ. എസ്. എന്നിവർ പ്രസംഗിച്ചു. പ. ബാവായും മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയും മറുപടിപ്രസംഗം നടത്തി.

നിര്യാതനായി



ആററുവാ: ഐരാണിക്കുടി മലയിൽ തെക്കേതിൽ ശ്രീ. കെ. കെ. ഈശോ, 69 (കൊച്ചുണ്ണുണ്ണി) 1991 ഒക്ടോബർ 21–ന് കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം ഒക്ടോബർ 25–ന് 11 മണിക്ക് ആററുവ സെൻറ് ബർസൗമാ ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ നടത്തി.

പരേതൻ ദീർഘകാലം സണ്ടേസ്കൂൾ ഹെഡ്മാസ്ററർ, ശുശ്രൂഷകൻ, ഇടവക ട്രസ്ററി, പ്രാർത്ഥനായോഗം ജനറൽ സെക്രട്ടറി, സംയുക്ത സ്ത്രീസമാജം സുവിശേഷകൻ മുതലായി വിവിധ തുറകളിൽ പ്രവർത്തിച്ച് ഇടവകയുടെ ആദ്ധ്യാത്മികവും സാമൂഹ്യവുമായ പുരോഗതിക്ക് നേതൃത്വം നൽകിയിട്ടുണ്ട്. സണ്ടേസ്കൂളിൽ 30 വർഷത്തെ തുടർച്ചയായ സേവനത്തിന് തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയിൽനിന്ന് പ്രശംസാപത്രം ലഭിച്ചിട്ടുണ്ട്. ഇദ്ദേഹം ഐരാണിക്കുടി Y. M. C. A. പ്രസിഡൻറുകൂടിയായിരുന്നു. മി. ഈശോയുടെ നിര്യാണത്തിൽ ഇടവക ജനങ്ങൾ വികാരി റവ. ഫാ. സി. ഓ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് പ്രത്യേകം പ്രാർത്ഥന നടത്തുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

ഫാ. ജോർജ് മററം സ്വാഗതവും, കെ. വി. താരു നന്ദിയും പറഞ്ഞു.

കൊച്ചി: പ. കാതോലിക്കാബാവായ്ക്കും നവാഭിഷിക്തരായ മെത്രാപ്പോലീത്താമാർക്കും എറണാകുളം സെ. മേരീസ് പള്ളിയുടെ ആഭിമുഖ്യത്തിൽ ഭക്തിനിർഭരമായ സ്വീകരണം നൽകി. പാർക്ക് അവന്യുവിലെ ദേവാലയത്തിൽനിന്ന് നിരവധി വാഹനങ്ങളുടെ അകമ്പടിയോടെ പ. ബാവായെയും മെത്രാപ്പോലീത്താമാരെയും സ്വീകരണ സ്ഥലമായ ടൗൺഹാളിലേക്ക് ആനയിച്ചു. അംശവടിയും കാതോലിക്കാ പതാകയുമായി ഇടവക വികാരി ഫാ. ഓ. വി. ഏലിയാസ് പൈലററ് വാഹനത്തിൽ സഞ്ചരിച്ചു.

ടൗൺഹാളിൻെറ പ്രവേശന കവാടത്തിൽനിന്നു വേദിവരെ കത്തിച്ച മെഴുകുതിരികളുമായി നിരന്ന പെൺകുട്ടികൾ ഭക്തിഗാനങ്ങളാലപിച്ച് സഭയുടെ പരമാദ്ധ്യക്ഷനെയും മേല്പട്ടക്കാരെയും വരവേററു. കൊച്ചി ഭദ്രാസനാധിപൻ സഖറിയാമാർ അന്തോണിയോസ് മെത്രാപ്പോലീത്താ, കണ്ടനാട് ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ സേവേറിയോസ് എന്നീ തിരുമേനിമാരാണ് സ്വീകരണത്തിൽ പങ്കെടുത്തത്. സ്വീകരണഘോഷയാത്ര കോർപറേഷൻ ഓഫീസിനു മുമ്പിലെത്തിയപ്പോൾ കോർപറേഷൻ കൗൺസിൽ പ്രതിപക്ഷ നേതാവ് ഡൊമിനിക്ക് പ്രസൻേറഷൻ എം. എൽ. എ., കൗൺസിലിലെ പ്രതിപക്ഷ ചീഫ് വിപ്പ് പ്രസന്നകുമാർ തുടങ്ങിയവർ ബാവായെ ഹാരമണിയിച്ചു.

സ്വീകരണസമ്മേളനത്തിൽ ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് അദ്ധ്യക്ഷത വഹിച്ചു. പൗലോസ് മാർ മിലിത്തിയോസ്, ജസ്ററിസ് കെ. ജോൺ മാത്യു, കെ. വി. തോമസ് എം. പി , ജോർജ് ഈപ്പൻ എം. എൽ. എ., സഭാംഗം കൂടിയായ ജില്ലാ കൗൺസിൽ പ്രസിഡണ്ട് മോളി എബ്രഹാം, അഡ്വ. ടി. എം. ചെറിയാൻ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ഇടവകയ്ക്കുവേണ്ടി വികാരി ഫാ. ഓ. വി. ഏലിയാസ് ആശംസ അർപ്പിച്ചു.

പ. ബാവായും, മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയും ആശംസകൾക്ക് മറുപടി പറഞ്ഞു. സ്വീകരണസമിതി കൺവീനർ ഫാ. ജോസഫ് വെണ്ടറപ്പിള്ളി സ്വാഗതവും ട്രസ്ററി ജോസഫ് പി. കുര്യൻ നന്ദിയും പറഞ്ഞു.

യാത്ര അയപ്പ്

പൗലൂസ് മാർ മിലിത്തിയോസ് തിരുമനസിലെ അദ്ധ്യക്ഷതയിൽ കൂടിയ അടുപ്പൂട്ടി സെൻറ് ജോർജ് പള്ളിയിലെ ആത്മീയ സംഘടനകളുടെ വാർഷികസമ്മേളനത്തിൽവച്ച് സണ്ടേസ്കൂൾ ഹെഡ്മാസ്ററായി 37 വർഷക്കാലം സേവവം അനുഷ്ഠിച്ച കെ. വി. വർഗീസ് മാസ്ററർക്ക് യാത്രയയപ്പ് നൽകി. ജില്ലാ കൗൺസിൽ മെമ്പർ സാറാമ്മ മാത്തപ്പൻ, കെ. സി. സജീവ്, സി. സി. ചിന്നമ്മ എന്നിവർ പ്രസംഗിച്ചു.

ഫാ. പത്രോസ് ചെമ്മണ്ണൂർ സ്വാഗതവും സി.സി. ജോർജ് മാസ്ററർ നന്ദിയും രേഖപ്പെടുത്തി.

41–ാം ചരമദിനം



മൈലപ്രാ മാർ കുറിയാക്കോസ് ആശ്രമത്തിൻെറ സ്ഥാപകനും സുപ്പീരിയറുമായിരുന്ന വ. ദി. ശ്രീ. മാത്യൂസ് റമ്പാച്ചൻെറ 41–ാം ചരമദിനം ഒക്ടോബർ 14–ാം തീയതി ആചരിച്ചു. അന്ന് രാവിലെ പ. കാതോലിക്കാബാവാ തിരുമനസിലെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കർബാനയും തുടർന്ന് റമ്പാച്ചൻെറ കബറിങ്കൽ ധൂപപ്രാർത്ഥനയും നടത്തി.

തോമസ് മാർ തീമോത്തിയോസ്, ഗീവർഗീസ് മാർ ദീയസ്ക്കോറോസ്, പീലിപ്പോസ് മാർ യൗസേബിയോസ് എന്നീ തിരുമേനിമാരും റമ്പാന്മാരും അനേകം വൈദികരും 5000–ൽപരം ഭക്തജനങ്ങളും സംബന്ധിച്ചു. എല്ലാവർക്കും വിഭവസമൃദ്ധമായ ഉച്ചഭക്ഷണം നൽകി.

ആരാധനക്രമപഠനം

സുറിയാനി സഭകളുടെ ആരാധനക്രമപഠനം വാരാന്ത്യ കോഴ്സ് (1992 ജനു. 10, മെയ് 16) ആഴ്ചയിൽ മൂന്ന് ദിവസത്തേയ്ക്കുള്ള കോഴ്സ് (ഫെബ്രു. 3, ഫെബ്രു. 28) എന്നീ വിധത്തിൽ നടത്തുന്നു. ഈ കോഴ്സുകൾ വൈദീകർക്കും മതാദ്ധ്യാപകർക്കും ആരാധനക്രമത്തിൽ താല്പര്യമുള്ളവർക്കും പ്രയോജനപ്രദമായിരിക്കും. വിശദവിവരങ്ങൾക്കായി താഴെപറയുന്ന വിലാസത്തിൽ എഴുതുക.

Director (SEERI)
St. Ephrem Ecumenical Research Institute
Baker Hill, Kottayam–686 001
Tel. (0481) 564333.

ടോമിയും ടെസിയും

സ്ഥലപരിമിതിമൂലം ഈ ലക്കത്തിൽ ജയൻെറ 'ടോമിയും ടെസിയും' എന്ന കുട്ടികളുടെ നോവൽ പ്രസിദ്ധപ്പെടുത്തുന്നതിന് സാധിച്ചില്ല. അടുത്ത ലക്കം മുതൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തുന്നതാണ്.

—പത്രാധിപർ.

എൻഡോവ്മെൻറ്

മാവേലിക്കര: പുതിയകാവ് സെ. മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗങ്ങളിൽ പ്രീഡിഗ്രി രണ്ടാം വർഷ പരീക്ഷയിലും, പത്താം ക്ലാസിലും ഏററവും കൂടുതൽ മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്നതിന് പാലമൂട്ടിൽ അങ്ങേ കിഴക്കേതിൽ Mr. & Mrs. C. Chacko മെമ്മോറിയൽ ആയി ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെൻറ് ഫണ്ടിന് ഈ വർഷം അർഹരായ കറുത്തേടത്ത് സൂസൻ ജോസഫ്, ഷോപ്പിൽ എലിസബേത്ത് തോമസ് എന്നിവർക്കുള്ള അവാർഡ് ഇയ്യോബ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ വിതരണം ചെയ്തു. മി. സി. ചാക്കോ (Jr.) ആണ് ഈ എൻഡോവ്മെൻറ് ഏർപ്പെടുത്തിയിട്ടുള്ളത്.

എപ്പിസ്കോപ്പൽ ജൂബിലി

കോഴിക്കോട്: മലബാർ ഭദ്രാസനാധിപൻ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ എപ്പിസ്കോപ്പൽ ജൂബിലി ഭക്ത്യാദരപൂർവം കൊണ്ടാടി. ആഘോഷങ്ങളിൽ വൈദികശ്രേഷ്ഠന്മാരും രാഷ്ട്രീയ–സാംസ്കാരിക നായകന്മാരും പങ്കെടുത്തു.

ആഘോഷപരിപാടികൾ ധനമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. പരിശുദ്ധ ബാവാ അദ്ധ്യക്ഷത വഹിച്ചു.

ആഘോഷ കമ്മിററി ചെയർമാൻ ജിജി തോംസൺ സ്വാഗതമാശംസിച്ചു. റവ. പൗലൂസ് റമ്പാൻ മംഗളപത്ര സമർപ്പണവും ഹാരാർപ്പണവും നിർവഹിച്ചു. സാധു പെൺകുട്ടികളുടെ വിവാഹം നടത്തിക്കൊടുക്കാനായി സമാഹരിച്ച എൻഡോവ്മെൻറ് ഫണ്ട് നഗരപിതാവായ ഒ. രാജഗോപാൽ ഉദ്ഘാടനം ചെയ്തു.

ജൂബിലി സ്മാരക സുവനീർ പ്രകാശനം മദ്രാസ് ഭദ്രാസനാധിപൻ സഖറിയാസ് മാർ ദീവന്നാസിയോസ് നിർവഹിച്ചു. കൊച്ചി ഭദ്രാസനാധിപൻ സഖറിയാസ് മാർ അന്തോനിയോസ് ആദ്യപ്രതി ഏററുവാങ്ങി.

കോഴിക്കോട് ബിഷപ്പ് ഡോ. മാക്സ്വെൽ നെറോണ, കെ. മുരളീധരൻ എം. പി., ബി, വി. അബ്ദുള്ളക്കോയ എം. പി., തുമ്പമൺ ഭദ്രാസനാധിപൻ ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ, കൽദായ സഭയിലെ ബിഷപ്പ് മാർ അപ്രേം, സി. എസ്. ഐ. നോർത്ത് കേരള മഹായിടവക ബിഷപ്പ് പി. ജി. കുരുവിള, എം. സുജനപാൽ എം. എൽ. എ., കുന്നംകുളം ഭദ്രാസനാധിപൻ പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ, ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ളീമീസ് മെത്രാപ്പോലീത്താ, വൈദിക ട്രസ്ററി ഫാ. മത്തായി നൂറനാൽ, ഫാ. പി. എം. തോമസ് പുതുപ്പാടി എന്നിവർ പ്രസംഗിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. വർഗീസ് പുന്നക്കൊമ്പിൽ നന്ദി പറഞ്ഞു.

വിദ്യാർത്ഥിപ്രസ്ഥാനം വാർഷിക കോൺഫറൻസ്

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനത്തിൻെറ 83–ാമതു വാർഷിക കോൺഫറൻസ് 1991 ഡിസംബർ 25 മുതൽ 29 വരെ പത്തനംതിട്ട കാതോലിക്കേററ് കോളേജിൽ നടക്കും. 'വരുവീൻ, നമുക്ക് യഹോവയുടെ വെളിച്ചത്തിൽ നടക്കാം' (യെശയ്യാ 2:5) എന്നതാണ് മുഖ്യവിഷയം. 600–ഓളം വിദ്യാർത്ഥിനീ–വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഈ കോൺഫറൻസിൽ പ. കാതോലിക്കാബാവാ തിരുമേനിയും മററു സഭാ മേലദ്ധ്യക്ഷന്മാരും സാമുഹ്യ രാഷ്ട്രീയപ്രമുഖരും പങ്കെടുക്കും. ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ്, മാത്യൂസ് മാർ സേവേറിയോസ്, ഫാ. ററി. ജെ. ജോഷ്വാ, റവ. ഡോ. ജേക്കബ് കുര്യൻ, സിസ്ററർ ജോവാൻ ചുങ്കപ്പുര, ഡോ. ജോർജ് സാമുവേൽ, പ്രൊഫ. ഡോ. കെ. എം. തരകൻ തുടങ്ങിയവർ ക്ലാസുകൾ നയിക്കും. കോൺഫറൻ ഫീസ് 30 രൂപാ ആയിരിക്കും.

ജൂബിലി മത്സരങ്ങൾ

കാരയ്ക്കൽ സെ. ജോർജ് ഓർത്തഡോക്സ് പള്ളിയുടെ 125–ാം വാർഷികത്തോടനുബന്ധിച്ച് അഖില മലങ്കരാടിസ്ഥാനത്തിൽ ഉപന്യാസ മത്സരവും നിരണം ഭദ്രാസനതലത്തിലെ സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്കായി മത്സരങ്ങളും നടത്തുന്നതാണ്. മത്സരങ്ങൾ 1–2–1992 ശനിയാഴ്ച കാരയ്ക്കൽ പള്ളിയിൽവച്ച് നടത്തുന്നതും കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

എം. എ. വർഗീസ്, മട്ടയ്ക്കൽ വീട്
കാരയ്ക്കൽ P, O. തിരുവല്ല Pin 689 108

സോവനീർ പ്രകാശനം ചെയ്തു

പുലിക്കോട്ടിൽ ദീവന്നാസ്യോസ് I തിരുമനസിലെ 175–ാം ചരമജൂബിലിയോടനുബന്ധിച്ച് മലങ്കരസഭമാസിക വകയായി പ്രസിദ്ധപ്പെടുത്തിയ സ്മരണികയുടെ പ്രകാശനം ഡിസംബർ 1–ാംതീയതി പ. ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നിർവഹിച്ചു. കുന്നംകുളത്ത് ചേർന്ന പൊതുസമ്മേളനത്തിൽവച്ച് ധനകാര്യ മന്ത്രി ശ്രീ. ഉമ്മൻചാണ്ടി സഭാട്രസ്ററി മി. പി. സി. എബ്രഹാമിന് സോവനീറിൻെറ പ്രഥമ കോപ്പി നൽകി സ്മരണിക 15 രൂപാ വിലയ്ക്ക് മലങ്കരസഭ ഓഫീസിൽനിന്നും ലഭിക്കും.

എപ്പിസ്കോപ്പൽ സന്ദർശനം

ഡൽഹി ഭദ്രാസനത്തിന്റെ അസിസ്റ്റന്റ് ഇയ്യോബ് മാർ പീലക്സിനോസ് തിരുമേനി കോട്ട മാർ ഗ്രീഗോറിയോസ് ഇടവക സന്ദർശിച്ചു. വികാരി ഫാ. പി. കെ. ജോർജും ഇടവകാംഗങ്ങളും ചേർന്ന് തിരുമേനിയെ സ്വീകരിച്ചു. തിരുമേനി ഒക്ടോബർ 26–ാം തീയതി റാവത്ബാറ്റാ അണുശക്തി കേന്ദ്രത്തിൽ – എല്ലാ ക്രിസ്തീയ വിഭാഗങ്ങൾക്കായിട്ട് നിർമ്മിച്ചിട്ടുള്ള – ദേവാലയത്തിൽ, വി. കുർബാന അർപ്പിക്കുകയും, അണുശക്തികേന്ദ്രം സന്ദർശിക്കുകയും ചെയ്തു. 27–ാം തീയതി പുതുതായി പണിനടന്നുകൊണ്ടിരിക്കുന്ന സെ. മേരീസ് പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

ചാപ്പൽ കൂദാശ

കണ്ടനാട് മാർ ഗ്രീഗോറിയോസ് ആശ്രമത്തിൽ പുതുതായി പണികഴിപ്പിച്ച ചാപ്പലിന്റെ കൂദാശ പ. കാതോലിക്കാബാവാ തിരുമനസിലെ പ്രധാന കാർമ്മികത്വത്തിലും തോമസ് മാർ തീമോത്തിയോസ്, പൗലൂസ് മാർ മിലിത്തിയോസ്, സഖറിയാ മാർ അന്തോനിയോസ് എന്നീ തിരുമേനിമാരുടെ സഹകരണത്തിലും നവംബർ 7, 8 തീയതികളിൽ നിർവഹിച്ചു. കൂദാശയെ തുടർന്ന് പ. ബാവായുടെ പ്രധാനകാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബാന അർപ്പിക്കപ്പെട്ടു. തുടർന്നു ചേർന്ന പൊതുസമ്മേളനത്തിൽ പ. ബാവാ ആദ്ധ്യക്ഷം വഹിച്ചു. ധനകാര്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി സമ്മേളനം ഉത്ഘാടനംചെയ്തു. മാർ മിലീത്തിയോസ്, മാർ അന്തോനിയോസ്, ഫാ. കെ. ജെ. ഗബ്രിയേൽ, കെ. ബാബു എം. എൽ. എ., മോളി അലക്സ് തുടങ്ങിയവരും കാനഡായിൽനിന്ന് എത്തിയ Mrs. Denise Toth, Dense Toth എന്നിവരും ആശംസകൾ അർപ്പിച്ചു പ്രസംഗിച്ചു. റ്റി. കെ. മാത്യു സ്വാഗതവും, ആശ്രമ സുപ്പീരിയർ സിസ്റ്റർ സൂസൻ കുരുവിള കൃതജ്ഞതയും പറഞ്ഞു. ധാരാളം വൈദികരും വലിയ ഒരു ജനക്കൂട്ടവും ചടങ്ങുകളിൽ സംബന്ധിച്ചു. എല്ലാവർക്കും വിഭവസമൃദ്ധമായ ഉച്ചഭക്ഷണം നൽകപ്പെട്ടു.

യാത്ര അയപ്പ്

മാന്തുരുത്തേൽ സെ. ജോൺസ് ഓർത്തഡോക്സ് പള്ളിവികാരിയായി 57 വർഷക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചശേഷം വികാരിസ്ഥാനത്തുനിന്ന് വിരമിച്ച ഫാ. ജേക്കബ് മണലിന് ഇടവകക്കാർ പള്ളി അങ്കണത്തിൽവച്ച് നവംബർ 23-ാം തീയതി സമുചിതമായ യാത്രയയപ്പു നൽകി. യാത്രയയപ്പു സമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ ആദ്ധ്യക്ഷം വഹിച്ചു. 90 വയസു തികഞ്ഞ ബ. മണലിൽ അച്ചൻ ഇടവകയിൽ പ്രവർത്തിച്ചതിനേക്കാൾ വളരെയധികം പൊതുസമുദായത്തിൽ പ്രവർത്തിച്ചിട്ടുണ്ടെന്നും വട്ടശ്ശേരിൽ തിരുമേനിയുടെ സെക്രട്ടറിയായി ദീർഘകാലം സേവനം അനുഷ്ഠിച്ചു ലഭിച്ച പരിചയസമ്പത്ത് സഭയ്ക്ക് വളരെ പ്രയോജനപ്പെടുന്നുണ്ടെന്നും തുടർന്നും അച്ചന്റെ സേവനങ്ങൾ സഭയ്ക്ക് ആവശ്യമാണെന്നും അച്ചന് എല്ലാ മംഗളങ്ങളും നേരുന്നു എന്നും പ. ബാവാ അദ്ധ്യക്ഷപ്രസംഗത്തിൽ ആശംസിച്ചു. സഖറിയാ മാർ അന്തോനിയോസ് തിരുമേനി, മന്ത്രി റ്റി. എം. ജേക്കബ്, കെ. എം. മാത്യു മനോരമ, ഫാ. ജോസഫ് വെണ്ട്രപ്പള്ളി, ഫാ. കെ. ജെ. കുറിയാക്കോസ്, വി. ജെ. പൗലൂസ് എം. എൽ. എ., പഞ്ചായത്തു പ്രസിഡന്റ് എൻ. എസ്. രാമകൃഷ്ണൻ, സമുദായ ട്രസ്റ്റി പി. സി. ഏബ്രഹാം, സെക്രട്ടറി എം. റ്റി. പോൾ, സിസ്റ്റർ സൂസൻ കുരുവിള എന്നിവർ ബ. അച്ചന് ആശംസകൾ നേർന്നു പ്രസംഗിച്ചു. ബ. അച്ചൻ ആശംസകർക്ക് നന്ദി രേഖപ്പെടുത്തി മറുപടിപ്രസംഗം ചെയ്തു ഇടവകയുടെയും ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളുടെയും വകയായി അച്ചന് പാരിതോഷികങ്ങൾ നൽകി.

റീജനൽ കോൺഫ്രൻസ്

കാലഘട്ടത്തിന്റെ തെല്ലുവിളികളെ അതിജീവിക്കുവാൻ വിദ്യാർത്ഥി സമൂഹം ഒരുങ്ങണമെന്ന് മാത്യൂസ് മാർ എപ്പിപ്പാനിയോസ് മെത്രാപ്പോലീത്താ ഉദ്ബോധിപ്പിച്ചു. വിദ്യാർത്ഥി പ്രസ്ഥാനം പത്തനംതിട്ട റീജനൽ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മെത്രാപ്പോലീത്താ. സമ്മേളനത്തിൽ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം സെക്രട്ടറി ഡീക്കൻ വി. ഐ. ചാക്കോ, ഡീക്കൻ ജോൺസ് കമ്പുക്കാട്ട്, പ്രൊഫ. വർഗീസ് പടിയറ എന്നിവർ പ്രസംഗിച്ചു. റീജനൽ സെക്രട്ടറി കെ. എസ്. റോയ് സ്വാഗതവും ഡീക്കൻ ജേക്കബ് റോയ് നന്ദിയും പറഞ്ഞു.

പത്തനാപുരം മൗണ്ട് താബോർ ട്രെയിനിംഗ് കോളജിൽ നടന്ന റീജനൽ കോൺഫ്രൻസിന്റെ ചിന്താവിഷയം വി. മർക്കോസിന്റെ സുവിശേഷം 16:15–18 വരെയുള്ള വാക്യങ്ങളായിരുന്നു. പ്രൊഫ. ഇ. ജേക്കബ് ജോൺ കോൺഫ്രൻസിലെ മുഖ്യ ചിന്താവിഷയത്തിനുള്ള സമകാലീന പ്രാധാന്യം വിശദീകരിച്ചുകൊണ്ട് ക്ലാസ് നയിച്ചു. തുടർന്ന് ഗ്രൂപ്പ് ഡിസ്കഷനുമുണ്ടായിരുന്നു. റവ. ഡോ. ജേക്കബ് ചെറിയാൻ മുഖ്യ ചിന്താവിഷയത്തിന് വി. ബൈബിൾ നൽകുന്ന വിശകലനത്തെക്കുറിച്ച് പ്രതിപാദിച്ചു.

സഭാജ്യോതിസ്

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് I തിരുമനസ്സിലെ 175–ാം ചരമവാർഷികത്തോടനുബന്ധിച്ച് പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അദ്ദേഹത്തെ 'സഭാജ്യോതിസ്' എന്ന ബഹുമതി നൽകി ആദരിച്ചു. കുന്നംകുളത്തുവച്ചു നടന്ന ജൂബിലി സമാപന സമ്മേളനത്തിൽവച്ചാണ് പ. ബാവാ തിരുമേനി ഈ പ്രഖ്യാപനം നടത്തിയത്. ജൂബിലി സംബന്ധിച്ച വിശദവിവരങ്ങൾ അടുത്ത ലക്കത്തിൽ.

★

"മലങ്കരയുടെ മണിനാദം പഞ്ചാബിലും"

ലുധിയാന മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി ലഘുചരിത്രം

ചീറിപ്പായുന്ന വെടിയുണ്ടകളുടെയും സയറൺ മുഴക്കി പായുന്ന പോലീസ് ജീപ്പുകളുടെയും ശബ്ദം മാത്രം കേട്ടു പരിചയമുള്ള ലുധിയാന നിവാസികൾക്ക് ഇനി ശാന്തിയുടേയും സമാധാനത്തിന്റെയും മണിനാദം കേൾക്കാം. മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധനായ പരുമലത്തിരുമേനിയുടെ നാമത്തിൽ ലുധിയാനയിലും ഒരു ദേവാലയം ഉയരുന്നു.

ഇന്ത്യയിലെ വ്യാവസായിക നഗരങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന ലുധിയാനയിൽ വളരെ പണ്ടുമുതൽത്തന്നെ കേരളീയർ തൊഴിലവസരങ്ങൾ തേടി എത്തിക്കൊണ്ടിരുന്നു. അങ്ങനെ എത്തിക്കൊണ്ടിരുന്നവർ ഔദ്യോഗിക കാര്യങ്ങൾക്കൊപ്പംതന്നെ ആദ്ധ്യാത്മിക കാര്യങ്ങൾക്ക് മുൻതൂക്കം നല്കുകയും അത് സെ. തോമസ് കോൺഗ്രിഗേഷന്റെ രൂപീകരണത്തിനു മുഖാന്തിരമായിത്തീരുകയും ചെയ്തു. ഭാരതത്തിൽ ക്രൈസ്തവദൗത്യം പ്രഘോഷിച്ച വി. തോമാശ്ലീഹായുടെ നാമത്തിൽ 1964–ൽ വിവിധ സഭകൾ ചേർന്നുള്ള ഒരു കോൺഗ്രിഗേഷൻ സജീവമായി.

1964–ൽ ലുധിയാന ക്രിസ്ത്യൻ മെഡിക്കൽ കോളജ് ചാപ്പലിൽ ആദ്യമായി ഓർത്തഡോക്സ് വിശ്വാസികളുടെ കുർബാന അർപ്പിക്കപ്പെട്ടു. അന്ന് സെ. തോമസ് കോൺഗ്രിഗേഷൻ ബാഹ്യകേരള ഭദ്രാസനത്തിന്റെ അധീനതയിൽ ആയിരുന്നു. 1974–ൽ ബ. എം. വി. ജോർജ് അച്ചന്റെ (ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി) ലുധിയാന സന്ദർശനം സെ. തോമസ് കോൺഗ്രിഗേഷന് പുതിയ ഉണർവും ഉന്മേഷവും പ്രദാനം ചെയ്തു. അതിനുശേഷം പല അവസരങ്ങളിലും ബ. കെ. എം. സ്കറിയ അച്ചൻ (വയലത്തല) വി. കുർബാന അർപ്പിക്കുന്നതിനായി എത്തിക്കൊണ്ടിരുന്നു. 1977–ൽ ബ. ജോഷ്വാ അച്ചൻ കഷ്ടാനുഭവ ആഴ്ചയിൽ ഇവിടെ ശുശ്രൂഷകൾ നടത്തുവാനായി എത്തിയത് കൂടുതൽ ആത്മീക നവോത്ഥാനത്തിന് വഴിതെളിച്ചു.

1976–ൽ ഡൽഹി ഭദ്രാസനം രൂപംകൊള്ളുകയും ഭദ്രാസനമെത്രാപ്പോലീത്താ പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനി 1978–ൽ കോൺഗ്രിഗേഷൻ സന്ദർശിക്കുകയും ചെയ്തു. കൂടാതെ മാർ പക്കോമിയോസ്, മാർ ദീയസ്ക്കോറോസ്, മാർ ദിവന്നാസ്യോസ്, മാർ തേവോദോസ്യോസ് എന്നീ തിരുമേനിമാർ കോൺഗ്രിഗേഷൻ സന്ദർശിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. ഈ പിതാക്കന്മാരുടെ സന്ദർശനം ഓർത്തഡോക്സ് വിശ്വാസികൾക്ക് കൂടുതൽ പ്രചോദനം നൽകുകയും 1981–ൽ ഓർത്തഡോക്സ് വിശ്വാസികൾ സെ. തോമസ് കോൺഗ്രിഗേഷനിൽനിന്നും പിരിഞ്ഞ് പരിശുദ്ധ പരുമലത്തിരുമേനിയുടെ നാമത്തിൽ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിക്ക് രൂപം നല്കുകയും ചെയ്തു.

1981–ൽ ഇടവകയുടെ പ്രഥമ വികാരിയായി ഫാ. കെ. ജോർജ് ചാർജെടുക്കുകയും പൈലി മെമ്മോറിയൽ ഹൈസ്കൂളിൽ മാസത്തിൽ ഒരു തവണ കുർബാന അർപ്പിക്കുകയും ചെയ്തുപോന്നു.

1989 ജൂലൈ 1 മുതൽ വികാരിയായി ഫാ. സി. ജി. മാത്യു നിയമിക്കപ്പെട്ടു. ബ. അച്ചന്റെ നിയമനം ഇടവകയ്ക്ക് കൂടുതൽ ആദ്ധ്യാത്മിക ഉന്നതിക്ക് ഇടയാക്കി. അച്ചന്റെ അക്ഷീണവും ക്രിയാത്മകവുമായ പ്രവർത്തനശൈലി ഇടവകയുടെ വികസനത്തിന് പുതിയ മാർഗ്ഗങ്ങൾ തുറന്നു. അച്ചന്റെ സൗഹൃദപരമായ സമീപനവും വ്യക്തിബന്ധവുംമൂലം, ലുധിയാനയിലെ അറിയപ്പെടുന്ന വിദ്യാഭ്യാസ വിചക്ഷണയും പൈലി മെമ്മോറിയൽ സ്കൂളിന്റെ ഉടമയുമായ മിസ് മേരി മത്തായിയിൽ നിന്നും, ദേവാലയം പണിയുന്നതിന് കുറെ സ്ഥലം ദാനമായി ലഭിക്കുന്നതിന് ഇടയായി. അങ്ങനെ 1989 ഡിസംബർ 29–ന് ലുധിയാനയുടെ ഹൃദയഭാഗത്ത് ദേവാലയം പണിയുന്നതിന് ലക്ഷങ്ങൾ വിലമതിക്കുന്ന സ്ഥലവും അതോടു ചേർന്ന് സെമിത്തേരിയും മലങ്കരസഭയ്ക്കുവേണ്ടി ബ. അച്ചൻ ദാനാധാരമായി സ്വീകരിച്ചു.


1990 ഏപ്രിൽ 17–ന് അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനി പ്രസ്തുത ദേവാലയത്തിന് തറക്കല്ലിട്ടു. 1991 ജനുവരി 15–ന് പള്ളിയുടെ പണി ആരംഭിക്കുകയും ഇപ്പോൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. 1991 ഡിസംബർ 21, 22 തിയതികളിൽ ഈ ദേവാലയം അഭിവന്ദ്യ പൗലൂസ് മാർ ഗ്രീഗോറിയോസ്, ഇയ്യോബ് മാർ പീലക്സിനോസ് എന്നീ തിരുമേനിമാരുടെ കാർമ്മികത്വത്തിൽ കൂദാശ ചെയ്യപ്പെടുന്നു. (പള്ളിയുടെ ഫോട്ടോ അടുത്ത പേജിൽ)

ഡൽഹി ഭദ്രാസനത്തിന്റെയും, അഭിവന്ദ്യ തിരുമേനിമാരുടെയും, അഭ്യുദയകാംക്ഷികളായ ജനങ്ങളുടെയും നിർലോഭമായ സഹകരണവും പ്രാർത്ഥനയും മൂലവും പരിശുദ്ധ പരുമല തിരുമേനിയുടെ മാദ്ധ്യസ്ഥം മൂലവും മലങ്കരയുടെ മകുടം പഞ്ചാബിലും ഉയർന്നുകഴിഞ്ഞു. ശാന്തിമന്ത്രം മുഴക്കുന്ന ദേവാലയ മണിനാദം പ്രഭാതത്തിലും പ്രദോഷത്തിലും പ്രക്ഷുബ്ധമായ പഞ്ചാബിലും മാറ്റൊലിക്കൊള്ളട്ടെ!

എൻ. ജെ. സജി, ഡൽഹി ഓർത്തഡോക്സ് സെന്റർ



ഫാ. സി. ജി. മത്തായി
വികാരി



ഡിസംബർ 21, 22 എന്നീ തീയതികളിൽ കൂദാശ ചെയ്യപ്പെടുന്ന ലുധിയാന മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയം.

Licence No. 475. 11th APRIL 1946. Registered No. KL KTM - 38

THE MALANKARA SABHA

CATHOLICATE OFFICE, KOTTAYAM - 686 038

പാവനസ്മരണയ്ക്കു മുമ്പിൽ
ആദരാഞ്ജലികൾ

1-ാം ചരമവാർഷികം

13-12-1991



ദാനിയേൽ മാർ പീലക്സീനോസ്
മെത്രാപ്പോലീത്താ

Inserted by:

K. G. UNNUNNI, GEORGE VARGHESE (CANADA)

BABU VARGHESE & FAMILY
Valliaveettil, Puthenpeedika,
Pathanamthitta.

Printed and published by Rev. Fr. T.G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam - 38
Chief Editor : Rev. Dr. Jacob Kurian